"മഹാന്മാർ ആശയങ്ങൾ കൈകാര്യം ചെയ്യുന്നു; ശരാശരിക്കാർ സംഭവങ്ങളും. സാധാരണക്കാരാകട്ടെ വ്യക്തികളെപ്പറ്റി സംസാരിക്കുന്നു" - എന്നിങ്ങനെ എവിടെയോ വായിച്ചതോർക്കുന്നു. ഞാനറിയാതെ തിരുഹൃദയകലാലയത്തെപ്പറ്റി അയവിറക്കുമ്പോൾ ഈ മൂന്നു പ്രക്രിയകളും വേണ്ടിവരുന്നു. ആശയാദർശങ്ങളും സംഭവങ്ങളും വ്യക്തികളും കൂടിക്കുഴഞ്ഞുകിടക്കുന്നതാണല്ലോ മനുഷ്യ ജീവിതം തന്നെ.

## ബന്ധത്തിന്റെ തുടക്കം

തേവരകോളേജുമായുള്ള എന്റെ ബന്ധം 1956-ലാരംഭിക്കുന്നു. പ്രീ-യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിട്ടാണ് തുടക്കം. അന്ന് മദ്രാസ് സർവ്വകലാശാലയുടെ കീഴിലാണ് തേവര.(പ്രീയൂണിവേഴ്സിറ്റി കോഴ്സ് പിൽക്കാലങ്ങളിൽ പി.ഡി.സി.ക്കു വഴി മാറിക്കൊടുത്തു). ഫാ. ഫ്രാൻസിസ് സാലസ് പ്രിൻസിപ്പൽ. അച്ചടക്കം, വിദ്യാഭ്യാസനിലവാരം, കലാസാംസ്കാരികപ്രവർത്തനങ്ങൾ എന്നിവയിൽ ഔന്നത്യം നേടിയിരുന്ന സുവർണ്ണകാലം. അഞ്ഞൂറോളം വിദ്യാർത്ഥികൾ അന്ന് അഞ്ചു ഹോസ്റ്റലുകളിലായി താമസിച്ചിരുന്നതോർക്കുന്നു. അധ്യയനവർഷാവസാനം നടന്ന സോഷ്യൽ ഇന്നും പച്ചകെടാത്ത മധുരസ്മരണയായി നിൽക്കുന്നു . രണ്ടായിരത്തോളം വിദ്യാർത്ഥികൾ ലേക്ക്വ്യൂ ഗ്രൗണ്ടിൽ അധ്യാപകരോടൊപ്പം സൊറപറഞ്ഞും കലാപരിപാടികൾ അവതരിപ്പിച്ചും ചായകഴിച്ചും ചെലവഴിച്ച അസുലഭസായാഹ്നം.

## യുവജനോത്സവം

രണ്ടാം ഘട്ടം 1964-ലാരംഭിക്കുന്നു. കോളേജ് ബർസാറായിട്ടാണ് ഇത്തവണത്തെ അവതാരം. ഇക്കാലഘട്ടത്തിലെ ഏറ്റവും സ്മരണീയസംഭവം കാത്തലിക് സ്റ്റുഡൻസ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന യുവജനോത്സവമാണ്. കേരളത്തിലെ ഒട്ടുമിക്ക കോളേജുകളിൽനിന്നുമെത്തിയ യുവപ്രതിഭകൾ നാടകം നൃത്തം, പ്രസംഗം, പ്രബന്ധരചന തുടങ്ങിയവയിൽ മാറ്റുരച്ചു നോക്കിയ ദിനരാത്രങ്ങൾ മൂന്നു ദിവസം നീണ്ടുനിന്ന കലോത്സവം.ഇന്നത്തെപ്പോലെ സർക്കാർച്ചെലവിൽ നടത്തുന്ന യുവജനോത്സവങ്ങൾ അന്നില്ലായിരുന്നു എന്നാണോർമ്മ. യുവപ്രതിഭകളെ, വിശേഷിച്ചു ക്രൈസ്തവയുവാക്കളെ, പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക രംഗത്തേക്കു കൊണ്ടുവരുന്നതിനും വേണ്ടി രൂപംകൊടുത്ത ഈ പരിപാടിയ്ക്കു പിന്നിൽ പ്രവർത്തിച്ചവർ പലരാണ്. ഇങ്ങനെയൊരാശയം അവതരിപ്പിച്ചവരിൽ പ്രധാനി പ്രൊഫ. മാത്യു ഉലകംതറയാണെന്നു കേട്ടിട്ടുണ്ട്. കുറേക്കാലംകൂടി ഈ വാർഷികോത്സവം തുടർന്നുപോന്നു. അന്നു മാനേജരായിരുന്ന ഫാ.മെലേസിയൂസും പ്രിൻസിപ്പൽ ഫാ. അജേവൂസും വളരെ ഉദാരമായി ഈ പരിപാടികൾക്കു നേതൃത്വം നല്കിയതോർക്കുന്നു. കലാസാഹിത്യരംഗങ്ങളിൽ മുൻനിരയിലുള്ള പലരും അന്നു യുവജനോത്സവത്തിൽ ജഡ്ജിമാരായി വരികയുണ്ടായി. അവരുമായി പരിചയപ്പെടാനായതു വ്യക്തിപരമായി ഒരു നേട്ടമായി ഞാൻ കാണുന്നു.

## മലയാളവിഭാഗത്തിൽ

തേവരകോളേജുമായുള്ള ബന്ധത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും സുദീർഘവുമായ ഘട്ടം ആരംഭിക്കുന്നത് 1967-ലാണ്. മലയാളവകുപ്പിലെ ലക്ചററായിട്ടാണ് ഇത്തവണത്തെ രംഗപ്രവേശം. ഫാ.അജേവൂസ് പ്രിൻസിപ്പൽ, പ്രൊഫ. മാത്യു ഉലകംതറ വകുപ്പ് തലവൻ, ശ്രീ പോൾ തത്തനാട്ട്, ശ്രീ അഗസ്റ്റിൻ കൊമ്മറ്റം എന്നിവർ സഹാധ്യാപകർ. സംസ്കൃതാധ്യാപകൻ ശ്രീ. ബാലകൃഷ്ണൻ.(ഭാഷാപണ്ഡിതനായ ഈ വിനയാന്വിതനെ ചലിക്കുന്ന വിജ്ഞാനകോശമെന്നാണ് വിശേഷിപ്പിച്ചിരുന്നത്) ശ്രീ. പി.ആ

വിദ്യാർത്ഥിയായും ബർസാറായും അധ്യാപകനായും ഈ കോളേജിനോടു നിരന്തരം ബന്ധപ്പെട്ടുപോന്ന ലേഖകൻ കോളേജ് മാനേജിങ് ബോർഡംഗമായും കുടുംബദീപം പത്രാധിപരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മുരളീധരൻ ഈ ടീമിലേക്കുവന്നത് കുറെക്കഴിഞ്ഞാണ്. പരസ്പരധാരണയും സൗഹൃദവും സഹപ്രവർത്തനത്തിൻെറ ഉന്നതശൈലികളും മുറ്റിനിന്ന ഒരു കൂട്ടായ്മയായിരുന്നു ഞങ്ങളുടെ ഈ ടീമെന്നുള്ളത് അഭിമാനത്തോടെ ഓർക്കുന്നു. ഹിന്ദി വിഭാഗം പ്രൊഫ.മല്ലയ്യ, പ്രൊഫ.ചാക്കോ തുടങ്ങിയവർ ഈ കൂട്ടായ്മക്കുമിഴിവേകി.

പുതിയ കോഴ്സുകൾ, വികസനപരിപാടികൾ, കലാകായികതലങ്ങൾ എന്നിവയിൽ ഇക്കാലത്തു പല നേട്ടങ്ങളും കലാലയത്തിനുണ്ടായി. കേരള സർവ്വകലാശാലയിലെ ഒന്നാംകിട കോളേജുകളിലൊന്നായി തേവര വളർന്നു.

ഔന്നത്യത്തിൻെറ പടവുകൾ ഒന്നൊന്നായി കയറിക്കൊണ്ടിരുന്ന ഈ കാലയളവിൽ (1969) ഉണ്ടായ ഒരു തല്ലിപ്പൊളി വിദ്യർത്ഥിസമരം എല്ലാ നല്ലമനുഷ്യരെയും കഠിനമായി വേദനിപ്പിക്കുന്നതായിരുന്നു. കലാലയത്തിൻെറ പ്രതിച്ഛായയ്ക്കിതു വളരെയേറെ മങ്ങലേല്പിച്ചു. കുറെക്കാലത്തേക്കെങ്കിലും അച്ചടക്കം ആകാശകുസുമമായി. മാനേജ്മെൻറിൻെറയും അധ്യാപകരുടെയും ആത്മവീര്യം ഒരളവുവരെ നഷ്ടപ്പെട്ടു. ഈ ഉൾക്കിടിലത്തിൽനിന്നും മോചനംനേടാൻ കുറെയേറെ സമയമെടുത്തു എന്നു ഞാൻ കരുതുന്നു.

കാൽനൂറ്റാണ്ടു മുമ്പു നടന്ന ഒരു ദുരന്തത്തെ ഇന്നത്തെ മാനദണ്ഡങ്ങൾ വച്ചളക്കുന്നത് അശാസ്ത്രീയമാവും. അതുകൊണ്ട് ഞാനതിനു തുനിയുന്നില്ല. എങ്കിലും ആ സംഭവത്തിൽ നിന്നു ഞാൻ പഠിച്ചപാഠം മാത്രം ഇവിടെ കുറിക്കട്ടെ .ആദർശത്തിൻെറ പേരിലായാലും വാശിയും കടുംപിടുത്തവും ഒന്നിനും പരിഹാരമാവില്ല. കാലോചിതമായ മാററങ്ങൾക്കു വിധേയമാവാത്ത ജീവിതം ആ പേരിനർഹമല്ല. ഏതാനുംപേരുടെ രാഷ്ട്രീയക്കളിയും അധികാരമോഹങ്ങളുമാണ് വലിയൊരുവിഭാഗം മിണ്ടാപ്രാണികളായ വിദ്യാർത്ഥികളുടെ ജീവിതം അപകടത്തിലാക്കുന്നത്. (ഇന്നത്തെ കലാലയരാഷ്ട്രീയം തന്നെ ഇപ്പറഞ്ഞതിനു തെളിവാണ്)

## പ്രതിസന്ധിയിൽ നിന്ന്

അന്നത്തെ പ്രതിസന്ധിയിൽ നിന്നു രക്ഷനേടാൻ സഹായിച്ചവർ പലരാണ്. അവരിൽ പ്രമുഖനാണ് അന്നു മന്ത്രിയായിരുന്ന ശ്രീ.വെല്ലിങ്ടൺ എന്നത് നന്ദിപൂർവ്വം അനുസ്മരിക്കുന്നു. സാമ്പത്തിക നഷ്ടവും അപമാനഭാരവും പരിഹൃതമായില്ലെങ്കിലും തലയുരാനുള്ള വഴി അദ്ദേഹം കാണിച്ചു തന്നു. സമരനായകന്മാരുടെ മോഹങ്ങളും പൂവണിയുകയുണ്ടായില്ല.

സുദീർഘമായ ആ കാലഘട്ടത്തിൽ തേവര കോളേജിനെ സമ്പന്നമാക്കിയവർ നിരവധിയാണ് . ഓർമ്മയിൽ ജ്വലിച്ചു നില്കുന്ന ഏതാനുംപേരുകൾ മാത്രം കുറിക്കുന്നു. ഫാ.ഫ്രാൻസിസ് സാലസ്, ഫാ. തെയോബാൾഡ്, ഫാ. മാർസൽ, ഫാ അജേവൂസ്, ഫാ. മെലേസിയൂസ് , ഫാ.ബർണബാസ്, പ്രൊഫസർമാരായ സിറിയക് , അബ്രാഹം കുര്യൻ, എം. വി. വർഗ്ഗീസ്, ഗോപാലകൃഷ്ണൻ, കേരളവർമ്മത്തമ്പുരാൻ, ദാനിയേൽ, കൊച്ചാപ്പു, ഗോപിനാഥൻ, നളിനബാബു. ഇവരുടെയും ഇവരെപ്പോലെ സമർപ്പിതമനസ്സുകളായ ഒട്ടനവധിപ്പേരുടെയും കുതിപ്പിൻെറയും കിതപ്പിൻെറയും ഫലമാണ് ഇന്നത്തെ തേവരകോളേജ് എന്നു ഞാൻ കരുതുന്നു. മേല്പ്പറഞ്ഞവരിൽ പലരും ഇതിനകം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അവർക്കെല്ലാം ആത്മശാന്തി നേരുന്നു.

## ചാക്രിക പ്രവാഹം

പ്രമേയം, നിർപ്രമേയം, സമന്വയം എന്നിവയുടെ ചാക്രികപ്രവാഹമാണ് ചരിത്രം എന്നു ചില ദാർശനികർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ദർശനം ശരിയാണെങ്കിൽ തേവരകോളേജിനെ സംബന്ധിച്ചിടത്തോളം ഇതു സമന്വയത്തിൻെറ കാലമാണ്. പ്രമേയപ്രതിപ്രമേയങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ നിന്നും ആശയാദർശങ്ങളുടെ സംഘട്ടനങ്ങളിൽ നിന്നും ചൈതന്യമുൾക്കൊണ്ട് സമുദ്ധിതമാകേണ്ട കാലം. ബുദ്ധിപരവും വൈകാരികവുമായ തലങ്ങളിൽ മാത്രമല്ല കലാ, കായിക, സാംസ്കാരികതലങ്ങളിലും ഈ സമന്വയപ്രക്രിയ നടക്കണം ജൂബിലി വത്സരം ഇതിനുള്ള ഒരപൂർവാവസരമായിട്ടാണു ഞാൻ കാണുക. ആഘോഷപരിപാടികളും വികസനപ്രക്രിയകളും ഈ വഴിക്കു തന്നെയാണ് നീങ്ങുന്നതെന്നുകാണുന്നതു ചാരിതാർത്ഥ്യജനകമാണ്.

ജൂബിലിയോടനുബന്ധിച്ചു നടക്കേണ്ട വിലയിരുത്തലിൽ താഴെക്കാണുന്ന വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്നതു മേല്പ്പറഞ്ഞ സമന്വയപ്രക്രിയക്കു സഹായകമാകുമെന്നു ഞാൻ കരുതുന്നു. ദേശിയ, പ്രാദേശിക നേതൃത്വത്തിൽ മുൻ നിരക്കാരെന്നു വിശേഷിപ്പിക്കാവുന്ന എത്ര പേരെ ഈ കലാലയം പുറത്തുവിട്ടിട്ടുണ്ട്? (നേതൃത്വം രാഷ്ട്രീയ തലത്തിലാവണമെന്നില്ല. രാഷ്ട്രീയം ഇന്നു കച്ചവടമാണല്ലൊ). പഠിച്ച വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടി സർഗ്ഗാത്മകസംഭാവനകൾ സമൂഹത്തിനു സമ്മാനിച്ച എത്ര പേർക്ക് ഈ കലാലയം ജന്മമേകിയിട്ടുണ്ട്? കലാലയസാരഥികളും വിദ്യയാർജ്ജിക്കുന്നവരും ഉയർത്തിപ്പിടിക്കാനാഗ്രഹിക്കുന്ന മൂല്യങ്ങളേവ? ശരാശരി "അഭ്യാസ"

അതിനപ്പുറം, എന്തെങ്കിലും മൂല്യചിന്തയുണ്ടോ? കോളേജിലെ സാമൂഹികശാസ്ത്രവകുപ്പ് ഭാവനാപൂർവ്വം കൈകാര്യം ചെയ്താൽ ഈ ചോദ്യങ്ങൾക്കുത്തരംകണ്ടെത്താൻകഴിയും.

1985-ലാണ് കലാലയത്തോടു ഞാൻ വിടപറഞ്ഞത്. കാലോചിതമായ മാറ്റങ്ങളും വികസനപ്രക്രിയകളും നിരന്തരം നടന്നുകൊണ്ടിരിക്കുന്നതായി കണ്ടുംകേട്ടും സാഭിമാനപൂർവ്വം അറിഞ്ഞുകൊണ്ടേയിരിക്കുന്നു. ഞാൻ സ്നേഹിച്ച, എന്നെ വളർത്തിയ, തിരുഹൃദയകലാലയത്തിനു ജൂബിലിമംഗളം നേരുന്നു. നന്മമാത്രം വരട്ടെയെന്നു പ്രാർത്ഥിക്കുന്നു. ❑


Best compliments from;

**Christ King Monastery**

Karukutty



**With Best Compliments from:**

# THE CYLON FANCY HOUSE

ESTED 1955

PHONE: 351710 / 370547

(H.O.) 18, Market Road, Ernakulam. (B.O.) Opp.Blue Diamond Hotel, Market Road, Ernakulam.

**Sole Agents for:**

1. Shalimar Pack (pick up bags) Bombay.
2. Siltap Chemicals (silpaulin) Bombay.
3. Asoka Betelnuts Co.Ltd (Betelnuts) Coimbatore.
4. Parrys Confectionery Ltd (sweets) Madras.
5. Pradhan Perfumers (Agarbathies) Bangalore.
6. Camphone & Allied Products (camphore) Madras.

And, Polythene LDPE/Poly propylene/HMHDPE films, tubing and Bags, and all kinds of Agarbathies.

# സുവർണ്ണ ശോഭയിൽ തിരുഹൃദയ കലാലയം



**പ്രൊഫ.മാത്യു ഉലകംതറ**

**തേ**വര സേക്രട്ട് ഹാർട്ട് കോളെജ് സുവർണ്ണജൂബിലി കഴിഞ്ഞിരിക്കുന്നു. ആ മഹാകലാലയത്തിന്റെ അമ്പതുകൊല്ലത്തെ വളർച്ചയ്ക്കിടയിൽ മുപ്പത്തിരണ്ടുകൊല്ലവും ഞാനതിന്റെ ഒരു ഘടകമായിരുന്നു. ചിലപ്പോഴെങ്കിലും പ്രധാനഘടകമാകാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അതിനാൽ അക്കാലത്തെ കോളെജിനെക്കുറിച്ചുള്ള ഓർമ്മകൾ എന്റെ ആത്മകഥയുടെ ഭാഗമായിത്തീർന്നു പോയേക്കും. അതു ഞാൻ തീരെ ആഗ്രഹിക്കാത്തകാര്യമാണ്. ആ പ്രശ്നം ഒഴിവാക്കാൻ ഒരു കാര്യം ആമുഖമായിത്തന്നെ പറയട്ടെ. എനിക്കിന്ന് എന്തെങ്കിലും വളർച്ചയോ വലിപ്പമോ ഉണ്ടെങ്കിൽ അതിൽ വലിയൊരുപങ്ക് തേവര കോളെജിന് അവകാശപ്പെട്ടതാണ്. ചില ആസ്പത്രികൾ രോഗികളെ ആകർഷിക്കുന്നത് അവിടെയുള്ള ചില ഡോക്ടർമാരുടെ പ്രശസ്തികൊണ്ടായിരിക്കും. എന്നാൽ സുസജ്ജീകൃതവും പ്രശസ്തവുമായ ഒരാസ്പത്രിയിൽ പ്രവർത്തിക്കുമ്പോഴുള്ള മഹിമ അതേ ഡോക്ടർമാർക്ക് പെൻഷൻപറ്റി വീട്ടിലിരിക്കുമ്പോൾ ഉണ്ടാകാറില്ല. വ്യക്തികളെക്കൊണ്ടു സ്ഥാപനമെന്നപോലെ സ്ഥാപനത്തെക്കൊണ്ടു വ്യക്തികളും വളർച്ചപ്രാപിക്കുന്നു. ഇതുപരസ്പരം അംഗീകരിക്കാൻ പലപ്പോഴും മറന്നുപോകാറുണ്ട്. അതിനാൽ അക്കാര്യം ഞാനിവിടെ ആദ്യമായി ഓർമ്മിക്കുന്നുവെന്നേയുള്ളു.

ഫാ.പീറ്റർ തോമസ്, ഫാ.റോമെയോ തോമസ്, ഷെവ.സി.ജെ.വർക്കി, ഫാ.തിയോഡോഷ്യസ് മുതലായ പ്രിൻസിപ്പൽമാരുടെ കീർത്തിപരിവേഷത്തിൽ മുങ്ങി നില്ക്കുന്ന കാലത്താണ് തേവര കോളെജിലേക്ക് ഒരു ഉദ്യോഗാർത്ഥിയായി കടന്നു ചെല്ലുന്നത്. ഞാൻ ചെല്ലുന്നതിനു തൊട്ടുമുമ്പ് ഫാ.ആന്റണി സി.എം.ഐ യായിരുന്നു പ്രിൻസിപ്പലെങ്കിലും തിയോഡോഷ്യസച്ചന്റെ വ്യക്തി പ്രഭാവസ്മൃതികൾ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നിരുന്നു. തേവര കോളെജ് ദേശാന്തരപ്രശസ്തിയാർജ്ജിച്ചത് ആ കാലഘട്ടത്തിൽ തന്നെയായിരുന്നെന്നുതോന്നുന്നു. മദ്രാസ് സർവ്വകലാശാലയുടെ ഒരു അനർഘസമ്പത്തായി അന്ന് തേവര കോളെജ് ശോഭിച്ചു. തിയോഡോഷ്യസച്ചൻ അതിരറ്റ ഒരു സ്നേഹസാന്നിദ്ധ്യമായിരുന്നെങ്കിൽ ആന്റണിയച്ചൻ അച്ചടക്കത്തിന്റെ അവതാരമായിരുന്നു എന്നൊക്കെയുള്ള സംസാരം കേട്ടുകൊണ്ടാണ് ഞാൻ തേവര കോളെജിലെത്തുന്നത്.

ഒരു ക്രൈസ്തവസ്ഥാപനം നിയമബദ്ധമായി പ്രവർത്തിക്കുന്ന ഒരു യന്ത്രമാണോ? അല്ലെന്നു തെളിയിക്കുന്ന ഒരനുഭവത്തിന്റെ കുളിർമ്മ നുകർന്നുകൊണ്ടാണ് അവിടത്തെ എന്റെ രംഗപ്രവേശം. അന്ന് (1954) മാനേജരായിരുന്ന ജോസഫാത്തച്ചനെക്കണ്ട് ഞാനൊരു ജോലിക്കപേക്ഷ സമർപ്പിച്ചു. തത്ക്കാലം ഒഴിവില്ലാ എന്നായിരുന്നുമറുപടി. തുടർന്നു വാത്സല്യമൂർത്തിയായ മാഴ്സലച്ചൻ എന്നെ പ്രൊവിൻഷ്യാളച്ചന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും വിളഭൂമിയായിരുന്ന പെ. ബ. ബർക്കുമാൻസച്ചനായിരുന്നു അന്നു പ്രൊവിൻഷ്യൽ. അദ്ദേഹം ഒരു കേവലസന്ദർശനത്തിനായി തേവര ആശ്രമത്തിലെത്തിയിരിക്കുകയായിരുന്നു. അക്കാര്യം പറഞ്ഞ് അദ്ദേഹത്തിന് ഒഴിഞ്ഞുമാറാമായിരുന്നു. കോളെജിന്റെ കാര്യം നോക്കാൻ പ്രിയോരും പ്രിൻസിപ്പലുമുള്ളപ്പോൾ മേലധികാരി അതിൽ കൈകടത്തുന്നതു ശരിയല്ലല്ലോ. എന്നാൽ, അത്തരം ന്യായങ്ങളൊന്നും പറഞ്ഞ് ബർക്കുമാൻസച്ചൻ ഒഴിഞ്ഞുമാറിയില്ല. കറുത്തും മെലിഞ്ഞും മുഷിഞ്ഞ വസ്ത്രമണിഞ്ഞും ഒരു കൺമതിപ്പുമുളവാക്കാത്തവിധം തന്റെ മുന്നിൽ പ്രത്യക്ഷനായ ഒരു ചെറുപ്പക്കാരനോട് അദ്ദേഹം കരുണാമസൃണമായ പരിഗണനയാണു കാണിച്ചത്. വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. വ്യത്യസ്തമായഎന്തോ ഒന്ന് അദ്ദേഹത്തിന്റെ വിശുദ്ധനേത്രങ്ങൾ എന്നിൽ കണ്ടെത്തി. അധികാരികളോട് സംസാരിക്കട്ടെ, നാളെവരു എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം എന്നെ ആശീർവദിച്ചയച്ചു. പിറ്റേന്ന് എനിക്കു കിട്ടിയ നിർദ്ദേശം പ്രിൻസിപ്പലച്ചനെക്കാണാനായിരുന്നു.

അന്നാദ്യമായിട്ടാണു ഞാനൊരു വൈദികപ്രിൻസിപ്പലിനെ നേരിൽക്കാണുന്നത്. (പാലാ കോളെജിൽ ഞാൻ പഠിച്ചിരുന്നപ്പോൾ ഡോ. പി. ജെ. തോമസും പ്രൊഫ. വി. ജെ. ജോസഫുമായിരുന്നു പ്രിൻസിപ്പൽമാർ. പിന്നീടു മഹാരാജാസ് കോളെജിലാണ് ഞാൻ ബി. എ.യ്ക്കു പഠിച്ചത്)

*1954 മുതൽ 1986വരെ ഇവിടെ മലയാളം അദ്ധ്യാപകനായിരുന്നു പ്രൊഫ. മാത്യു ഉലകംതറ. പ്രശസ്തകവിയും വിമർശകനും വാഗ്മിയുമായ ഇദ്ദേഹം 1965 മുതൽ റിട്ടയർചെയ്യുംവരെ പൗരസ്ത്യഭാഷാവിഭാഗം തലവനുമായിരുന്നു.*

വാസ്തവത്തിൽ തിയോബാൾഡച്ചൻ എന്നിൽ ആദ്യമുളവാക്കിയത് ഭയമാണ്. 'തന്നെക്കൊണ്ടു കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുമോ' എന്നചോദ്യമാണദ്ദേഹമെന്നോടാദ്യം ചോദിച്ചത്. പാണ്ഡിത്യത്തെ സത്യം, ആജ്ഞാശക്തി തുളുമ്പുന്ന ശബ്ദം. കുട്ടികളെ പഠിപ്പിക്കാൻ കഴിയുമോ എന്നായിരുന്നില്ല, ഇദ്ദേഹത്തിന്റെ കീഴിൽ ജീവനോടെ കൂടാതെ പ്രവർത്തിക്കാൻ കഴിയുമോ എന്നാണ് അപ്പോളെന്നിലുണ്ടായ ശങ്ക. തിയോബാൾഡച്ചൻ വരാന്തയിൽക്കൂടി നടന്നാൽത്തന്നെ പരിസരങ്ങൾ ഭയാദരവിമുകമായിത്തീരുമായിരുന്നു. തിടമ്പെഴുന്നള്ളിച്ചുവച്ച ഗുരുവായൂർ കേശവനെപ്പോലെ തലയുയർത്തിപ്പിടിച്ചു സാക്ഷാൽ ഗജരാജവിരാജിതമന്ദഗതിയായി അദ്ദേഹം സഞ്ചരിക്കുന്നത് ഞാനിന്നും മനോനേത്രങ്ങൾകൊണ്ടു കാണുന്നു. സഹജമായ ക്ഷിപ്രകോപം വന്നുകഴിഞ്ഞാൽ അദ്ദേഹം ഗജരാജനല്ല ഗർജ്ജിക്കുന്ന മൃഗരാജനാണ്. എന്നാൽ വളരെവേഗം അദ്ദേഹത്തിന്റെ മധുരമായ മനസ്സു ഞാൻ കണ്ടെത്തി. 'പാരിലില്ല ഭയമെന്നുമേറെയുണ്ടാരിലും കരുണയെന്നും' ഒരേസമയം അദ്ദേഹം വെളിപ്പെടുത്തി. ഇത്രത്തോളം ദീനാനുകമ്പയും പ്രോത്സാഹനബുദ്ധിയും സന്മനസ്സും മനുഷ്യപ്പറ്റും ഇതുപോലൊരു ഭീമാകൃതിയിലൊരുമിച്ചുചേരുക അപൂർവ്വമാണ്. അടുത്തറിയുമ്പോൾ അമ്മയെപ്പോലെ ആശ്രയിക്കാൻ കൊള്ളാവുന്ന ഒരു ഗംഭീരസത്വൻ. അദ്ദേഹത്തിന്റെ പേടിപ്പിക്കുന്ന പൊട്ടിത്തെറിക്കലും കണ്ണുനിറയ്ക്കുന്ന ഉള്ളലിവും എത്രയോ തവണ ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്. ശാസ്ത്രാദ്ധ്യാപകനായിരുന്ന തിയോബാൾഡച്ചൻ സാഹിത്യത്തെയും കലയെയും അതിരറ്റു സ്നേഹിച്ചിരുന്നുവെന്നത് എനിക്ക് അദ്ഭുതകരമായിത്തോന്നിയിട്ടുണ്ട്.

തേവര കോളജിലെ വിദ്യാർത്ഥികൾക്കു സർവ്വകലാശാലാകലോത്സവങ്ങളിൽ അർഹിക്കുന്ന പരിഗണന കിട്ടാൻ വർഗ്ഗീയമുൻവിധികൾ തടസ്സമാകുന്നു എന്ന വസ്തുത അനുഭവങ്ങളിൽ നിന്നറിഞ്ഞപ്പോൾ തേവരയിലെ ഐക്കഫ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഇന്റർ കൊളജിയേറ്റ് ആർട്ട് ഫെസ്റ്റിവൽ നടത്താൻ മുൻകൈയെടുത്തതദ്ദേഹമാണ്. മനസ്സിന്റെ അടിത്തട്ടുമുതൽ വിരലിന്റെ അഗ്രംവരെ കലാകാരനായ ഫാ. മെലേസിയൂസ് ആയിരുന്നു അന്നത്തെ ബർസാർ. തേവര കോളേജിന്റെ വിജയപതാക ഒരു മുഴംകൂടി ഉയരത്തിൽ പറപ്പിക്കാൻ കിട്ടുന്ന ഏതവസരവും വിനിയോഗിക്കുമെന്നു ദൃഢപ്രതിജ്ഞനായ ഫ്രാൻസിസ് സാലസച്ചൻ അചിരേണ പ്രിയോറും മാനേജരുമായി വന്നു. ഐക്കഫ് കലോത്സവം സ്വകാര്യകലാലയമേഖലയിലെ ഒരു മഹാസംഭവമായിരുന്നു. രാഷ്ട്രീയമലവെള്ളം വന്നു മൂടിപ്പോകുന്നതുവരെ അതു തുടർന്നു. മലയാളം ഐച്ഛികമായി ബിരുദപഠനം ഏർപ്പെടുത്തിയതും തിയോബാൾഡച്ചന്റെ കാലത്താണ്. രാഷ്ട്രീയസാഹിത്യരംഗങ്ങളിൽ പ്രശസ്തരായ ഒ. ലൂക്കോസ്, ഡോ. ജോർജ് ഇരുമ്പയം, ടി. വി. വർക്കി, പ്രൊഫ. ... ജോസഫ്, ഫാ. ചെറിയാൻ കുനിയന്തോടത്ത് മുതലായ എത്രയോ പേരെ സംഭാവന ചെയ്യുന്നതിന് മലയാളം ഐച്ഛികത്തിന് കഴിഞ്ഞു! എന്നാൽ എത്രയോ പേർക്കു ഫീസ്സൗജന്യവും മറ്റ് ആനുകൂല്യങ്ങളും നല്കിയാണ് ഈ ഭാഷാസേവനം നിർവഹിക്കാൻ തിയോബാൾഡച്ചനും മെലേസിയൂസച്ചനും ഒത്തുചേർന്ന അന്നത്തെ കലാലയസംവിധായകസംഘം സന്നദ്ധരായത് എന്നോർക്കുമ്പോൾ ഇന്നും വിസ്മയം തോന്നുന്നു. നഷ്ടമാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ക്രൈസ്തവകലാലയങ്ങളുടെ ചരിത്രത്തിലാദ്യമായി അവർ മലയാളം ഐച്ഛികം അവർ ഏർപ്പെടുത്തിയത്. കേരളസമൂഹത്തിന് അതു മൂലമുണ്ടാക്കാവുന്ന നേട്ടങ്ങൾ അവർ കണ്ടറിഞ്ഞു. പില്ക്കാലത്ത് അതു നഷ്ടമാണെന്നു ചിലർ കണ്ടെത്തിയതും പലതരത്തിലുള്ള അസ്വസ്ഥതകളുടെ അവസാനം അതു താനേ നിന്നുപോയതും എന്നെ ഇന്നും ദുഃഖിപ്പിക്കുന്നു.

തിയോബാൾഡച്ചൻ വിദേശവിദ്യാഭ്യാസത്തിനു പോയതും കലാലയസ്ഥാപകനായ സാലസച്ചൻ അമേരിക്കയിൽ നിന്ന് ഹ്രസ്വകാലലബ്ധമായ ഒരു ബിരുദാനന്തര ബിരുദവുമായി വന്നു കോളേജിന്റെ സർവ്വാധികാരം ഏറ്റെടുത്തതും ഞാനോർമ്മിക്കുന്നു. സോഷ്യൽ വർക്ക് വകുപ്പ് ആരംഭിക്കുന്നത് അക്കാലത്താണ്. ഡി.എസ്.എസ്., എം. എസ്. ഡബ്ല്യു. മുതലായ ശാഖകളോടു കൂടി അതു പടർന്നു പന്തലിച്ചു. പില്ക്കാലത്ത് സോഷ്യൽ വർക്ക്വകുപ്പ് ഒരു പ്രത്യേക സ്ഥാപനമായി വളർന്ന് രാജഗിരിയിലേക്കു കുടിയേറി. തിയോബാൾഡച്ചൻ മടങ്ങി വന്ന് ഒരുവട്ടം കൂടി പ്രിൻസിപ്പൽ സ്ഥാനമലങ്കരിച്ചശേഷം തൊടുപുഴ ന്യൂമാൻ കോളെജിന്റെ സ്ഥാപകപ്രിൻസിപ്പലായി സ്ഥലം മാറിപ്പോയി. ഫാ.ജെയിംസ് അജേവൂസിന്റെ ഭരണകാലമാണു തുടർന്നു വരുന്നത്. ഹെഡ്ക്ലാർക്കായിരുന്ന ലോനൻ മാസ്റ്ററോടും, സഹപ്രവർത്തകരായ എം.പി. മത്തായി, പി.കെ. ഐസക്ക്, കെ.ജെ. ആന്റണി മുതലായ ആഫീസ് സ്റ്റാഫിനോടും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അജേവൂസച്ചന്റെ പല ഗുണങ്ങളും അവർ പറഞ്ഞു കേട്ടിട്ടുണ്ട്. കലാശാലാനിയമങ്ങളും ആഫീസു കാര്യങ്ങളും അദ്ദേഹം സൂക്ഷ്മമായി പഠിച്ചിരുന്നു എന്നതാണ് അവയിലൊന്ന്. ഇംഗ്ലീഷ് സാഹിത്യത്തിലും ഫിലോസഫിയിലും അദ്ദേഹത്തിന് ഒരു പോലെ പ്രതിപത്തിയുമുണ്ടായിരുന്നു. അതിരറ്റ തത്ത്വാധിഷ്ഠിതത്വമായിരുന്നു അദ്ദേഹത്തിന്റെ ബലവും ബലഹീനതയും. തേവര കോളേജിലെ അന്തരീക്ഷശാന്തിയെ പാടേപിടിച്ചുലച്ച ഡയറക്ട് ഇലക്ഷൻസമരമുണ്ടായത് അദ്ദേഹത്തിന്റെ കാലത്താണ്. വിദ്യാർത്ഥിസമരത്തെ നേരിടുന്നതിന് നിയമോപദേശം തേടി അദ്ദേഹം ബാരിസ്റ്റർ എം.ഐ. ജോസഫിന്റെ വസതിയിലേക്കു പോയിരുന്നത് സ്വന്തം ഇഷ്ടപ്രകാരമായി

മുന്നോ എന്നു നിശ്ചയമില്ല. അതിനു പലപ്പോഴും ഞാൻ സാക്ഷിയും സഹപാഠിയുമായിരുന്നു. പിരിയിലൊന്നുമില്ലാതെ വളർന്ന ആ സമരം വഷളാക്കുന്നതിൽ രാഷ്ട്രീയ നേതാക്കന്മാർ അവരുടെ പങ്കും വഹിച്ചു. ഒടുവിൽ തേവരയിലെ ഒരു പൂർവ്വ വിദ്യാർത്ഥിയായിരുന്ന മന്ത്രി വെല്ലിംഗ്ടണും അദ്ദേഹം വഴി വിദ്യാഭ്യാസമന്ത്രി സി. എച്ച് മുഹമ്മദ് കോയയുമൊക്കെ നിയമത്തിനു വിട്ടുകൊടുക്കേണ്ടി വന്നു. കോളേജിന്റെ അഭിമാനം രക്ഷിക്കുന്നതിന് ശ്രീ. വെല്ലിംഗ്ടൺ സഹായിച്ചു. എങ്കിലും, പ്രശ്നം മറ്റൊരു രൂപം കൈക്കൊള്ളുകയാണുണ്ടായത്. തേവര കോളേജിൽ രാഷ്ട്രീയസ്വഭാവമുള്ള വിദ്യാർത്ഥി സംഘടനകൾ പ്രവർത്തനമാരംഭിച്ചത് അതിനുശേഷമാണ്. അന്നു തേവരയിൽ വിദ്യാർത്ഥികൾ മുന്നോട്ടുവച്ച ഡയറക്ട് ഇലക്ഷൻ എന്ന ആവശ്യം പിൽക്കാലത്ത് സർവ്വകലാശാല എല്ലാ കോളേജുകൾക്കും അനുവദിച്ചു കൊടുത്തു.

ആദ്യം ക്ലാസ്സ് പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ആ പ്രതിനിധികൾ ചേർന്ന് യൂണിയൻചെയർമാനെ തിരഞ്ഞെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് അതിനുമുമ്പ് നിലവിലിരുന്നത്. ഇന്ത്യൻ ജനാധിപത്യത്തിൽ നിലവിലുള്ള രീതിയും അതാണ്. എന്നാൽ അമേരിക്കൻ ജനാധിപത്യത്തിൽ പ്രസിഡന്റിനെ ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്നതുപോലെ യൂണിയൻചെയർമാനെ വിദ്യാർത്ഥികൾക്കു നേരിട്ടു തിരഞ്ഞെടുക്കാൻ അവകാശം വേണമെന്നാണു വിദ്യാർത്ഥികൾ വാദിച്ചത്. അതു കോളേജിന്റെ അച്ചടക്കം തകർക്കുമെന്ന് അജേവൂസച്ചൻ കണ്ടറിഞ്ഞു. വിദ്യാർത്ഥികൾ ഒടുവിൽ രാജ്യവ്യാപകമായി ജയം നേടിയെങ്കിലും അജേവൂസച്ചന്റെ കാഴ്ചപ്പാടായിരുന്നു ശരിയെന്നു കാലം തെളിയിച്ചു. കക്ഷിയടിസ്ഥാനത്തിൽ ചെയർമാൻ സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിച്ച് യോഗ്യരായ ക്ലാസ്സുപ്രതിനിധികളിൽ നിന്ന് ചെയർമാനെ തിരഞ്ഞെടുക്കുന്ന ഇന്ത്യൻജനാധിപത്യരീതി തേവര കോളേജിൽ പണ്ടുണ്ടായിരുന്നതുപോലെ നടപ്പാക്കുകയും രാഷ്ട്രീയ സ്വഭാവമുള്ള സംഘടനാപ്രവർത്തനം നിരോധിക്കുകയും ചെയ്താലല്ലാതെ കലാലയാന്തരീക്ഷത്തിൽ അച്ചടക്കം പുനഃസ്ഥാപിക്കാൻ സാധ്യമല്ല എന്ന് ഇന്ന് എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞിട്ടുണ്ട്.

അജ്വൂസ്അച്ചന്റെ തത്ത്വാധിഷ്ഠിത സമീപനത്തിന് തീർച്ചയായും അന്ന് പ്രൊവിൻഷ്യലായിരുന്ന സാലസച്ചന്റെ പിൻതുണയുണ്ടായിരുന്നു എന്നു ഞാൻ ഊഹിക്കുന്നു. എന്നാൽ, പ്രായോഗികമായ വിട്ടുവീഴ്ചകളുടെ കടവിൽ അവരെ അടുപ്പിക്കാൻ അന്ന് പ്രിയോരായിരുന്ന മെലേസിയൂസച്ചന്റെ സൂക്ഷ്മദൃഷ്ടി വളരെ സഹായിച്ചിട്ടുണ്ട്. പ്രക്ഷുബ്ധമായിത്തീർന്ന അന്തരീക്ഷം ശാന്തമാക്കുന്നതിനു കേരളവർമ്മതമ്പുരാന്റെ ഇടക്കാല പ്രിൻസിപ്പൽസ്ഥാനം ഉപകരിച്ചു. കൊച്ചിരാജാക്കന്മാരുടെ സാത്വികതേജസ്സ് അക്കാലത്ത് കോളേജ് നേരിൽ കണ്ടറിഞ്ഞു. നിഷ്കളങ്കഹൃദയനും, പൈതൃകവാത്സല്യ പ്രതീകവുമായ മാർസലച്ചന്റെ ഭരണകാലം ഭാഷാവകുപ്പിന്റെ സുവർണ്ണകാലമായിരുന്നു എന്നൊരു കുറിപ്പുകൂടി ഞാനിവിടെ ചേർത്തുകൊള്ളട്ടെ. തുടർന്നു വിക്ടോറിയനച്ചന്റെ കാലഘട്ടമായി. ആരോടും പകയോ രോഷമോ ഇല്ലാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ അദ്ദേഹം ശ്രമിച്ചു. തിയോബാൾഡച്ചൻ അന്ന് പ്രിയോർസ്ഥാനം അലങ്കരിച്ചിരുന്നു എന്നത് അദ്ദേഹത്തിന് കൂടുതൽ ആത്മവിശ്വാസം നല്കി. എങ്കിലും പഴയ സമരത്തിന്റെ ബാക്കിയായി ചില പടക്കങ്ങൾ അങ്ങും ഇങ്ങും വീണുകിടന്നത് അക്കാലത്ത് പൊട്ടിത്തെറിക്കുകയുണ്ടായി. നാട്ടിൽ അങ്ങിങ്ങ് ജൂണിയർ കോളജുകൾ പൊട്ടിമുളയ്ക്കുകയും, പ്രീഡിഗ്രി കോഴ്സിന് കുട്ടികളെ വേണ്ടത്ര കിട്ടാതാവുകയും ഹോസ്റ്റലുകൾ ഒഴിഞ്ഞു തുടങ്ങുകയും ചെയ്തതോടെ മാനേജ്മെന്റ് മറ്റൊരു മാർഗ്ഗം ആലോചിച്ചുതുടങ്ങി. പെൺകുട്ടികൾക്ക് പ്രവേശനം നൽകുക. പ്രഖ്യാപിതനയത്തിൽ നിന്നുള്ള ഒരു വ്യതിചലനമെന്നനിലയിൽ സി. എം. ഐ. സഭാനേതൃത്വത്തിന് അതു കുറച്ചു ബുദ്ധിമുട്ടുകളുളവാക്കി. ബഹുജനാഭിപ്രായത്തിന്റെ സമ്മർദ്ദം സൃഷ്ടിക്കപ്പെടേണ്ടതാവശ്യമായി. ഓഫീസ് സ്റ്റാഫിൽ വെട്ടിക്കുറവ് വരുമെന്ന ഭയംകൊണ്ട് അദ്ധ്യാപകേതരജീവനക്കാർ മിശ്രവിദ്യാഭ്യാസം തുടങ്ങണമെന്ന നിവേദനം സമർപ്പിച്ചു. ശ്രീ. കെ. ജെ. ആന്റണി, എം. എക്സ്. സേവ്യർ മുതലായവരാണ് അതിന് മുൻകൈ എടുത്തത്. പത്രങ്ങളിലെഴുതിയും മറ്റും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും സ്റ്റാഫ് കൗൺസിൽ തീരുമാനം അനുകൂലമാക്കുന്നതിനും വേണ്ടിയൊക്കെ എന്റെ പങ്ക് അക്കാര്യത്തിൽ ഞാൻ നല്ലവണ്ണം വഹിച്ചിട്ടുണ്ട് എന്നുമാത്രം ചുരുക്കിപ്പറയട്ടെ. വിക്ടോറിയനച്ചന്റെ കാലഘട്ടം അവിസ്മരണീയമാക്കുന്ന നേട്ടങ്ങളിലൊന്നാണത്. എല്ലാ കാലഘട്ടങ്ങളിലും സഹായകമായ നിലപാട് അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

“സങ്കരവിദ്യാഭ്യാസം” ഏർപ്പെടുത്തിയതോടുകൂടി സമരങ്ങളുടെ തീക്ഷ്ണതകുറഞ്ഞു-പ്രശ്നങ്ങളുടെ മട്ടുമാറി - നേതാക്കന്മാരുടെ പ്രചരണശൈലിക്കു വ്യത്യാസം വന്നു. പുതിയ പ്രിൻസിപ്പൽമാർക്കു പുതിയരീതിയിലുള്ള പ്രശ്നങ്ങളാണ്നേരിടാനുണ്ടായിരുന്നത്. ഹൃദയധാർഢ്യത്തോടെ പ്രശ്നങ്ങളെ നേരിടുകയും കോളേജിനെ പൂർവ്വകാലമഹത്ത്വത്തിലേക്കു നയിക്കുകയും ചെയ്ത പ്രിൻസിപ്പലത്രെ പിന്നീട് സ്ഥാനമേറ്റ മത്തായി ആർക്കേഞ്ചലച്ചൻ. ശാന്തവും സ്നേഹസമന്വിതവും ദൃഢപ്രത്യയപൂർണ്ണവുമായ സമീപനം കൊണ്ട് കലാലയ അന്തരീക്ഷത്തെ ആരോഗ്യകരമായി പരിവർത്തിപ്പിക്കാൻ പ്രിൻസിപ്പലായിരുന്ന അക്വിനാസച്ചനു കഴിഞ്ഞു എന്നു ഞാൻ ഓർമ്മിക്കുന്നു.

അതിനെത്തുടർന്നുവന്ന ജോർജ് കല്ലറയ്ക്കലച്ചന്റെ സ്നേഹസമൃദ്ധി നുകർന്നുകൊണ്ട് ഞാൻ എന്റെ ഔപചാരികമായധ്യാപകജീവിതത്തിനു വിരാമം ഇട്ടു. തുടർന്നുവന്ന പ്രിൻസിപ്പൽമാരെ വ്യക്തിപരമായി ഞാൻ അടുത്തറിയുമെങ്കിലും എന്റെ സ്മരണകം അവർക്കു തൽക്കാലം സ്ഥാനം നല്കുന്നില്ല.

അധ്യയനത്തിലും അധ്യയനേതരകായികസാംസ്കാരിക രംഗങ്ങളിലും ഈ കാലഘട്ടത്തിനുള്ളിൽ കോളേജിനുണ്ടായ വളർച്ചയെക്കുറിച്ചും പലതും ഓർമ്മിക്കാനുണ്ടെങ്കിലും ലേഖനവിസ്തൃതിയെന്ന് ഞാൻ സംഗ്രഹിക്കട്ടെ. കേരളത്തിലെ അതിപ്രഗത്ഭരായ അധ്യാപകരുടെ ഒരു നിര ഈ കാലഘട്ടത്തിൽ തേവരകോളേജിനെ അനുഗ്രഹിച്ചിട്ടുണ്ട്. 1954-ൽ ഞാൻ കോളേജിലേക്ക് കടന്നുവരുമ്പോൾ പ്രൊഫ. കെ. ജെ. സിറിയക്, എബ്രാഹം കുര്യൻ മുതലായ പ്രഗത്ഭമതികളാണ് ധനതത്ത്വശാസ്ത്രവിഭാഗത്തിൽ ഉണ്ടായിരുന്നത്. പ്രൊഫ. എം.വി. വർഗ്ഗീസ് കെമിസ്ട്രി വകുപ്പ് അധ്യക്ഷനായിരുന്നു. സി.ജെ. ദാനിയേൽ ഫിസിക്സിന്റെയും പ്രൊഫ. ജോസഫ് തളിയത്ത് ബോട്ടണിയുടെയും പ്രൊഫ. പി. എ. ജോസഫ് (കൊച്ചാപ്പുസാർ) മാത്തമാറ്റിക്സിന്റെയും സാരഥ്യം വഹിച്ചിരുന്നു. കേരളവർമ്മതമ്പുരാനെകൂടാതെ കൃഷ്ണൻകുട്ടിമേനോൻ, പി. എം. ജോസഫ്, ഫാ. ബർണബാസ് മുതലായവർ കൊമേഴ്സ് വകുപ്പിലുണ്ടായിരുന്നു. ഇംഗ്ലീഷ്‌വകുപ്പ് അധ്യക്ഷൻ പ്രൊഫ. പി.റ്റി. ചാക്കോയും മലയാളം വകുപ്പിൽ പ്രൊഫ. സി. സി. ചാക്കോയും അധ്യക്ഷപദവിയിലിരുന്നു. ക്രിസ്തുഭാഗവതകർത്താവായ മഹാകവി പി. സി. ദേവസ്യാ മലയാളം സംസ്കൃതം വകുപ്പുകളെ ഒരുമിച്ചലങ്കരിച്ചു. മാർസലച്ചൻ സംസ്കൃതവകുപ്പ് അധ്യക്ഷനും വൈസ്പ്രിൻസിപ്പലുമായിരുന്നു. സാഹിത്യചരിത്രകാരനായ വിദ്വാൻ ടി.എം. ചുമ്മാർ ആയിരുന്നു ഭാഷാവകുപ്പിൽ എന്റെ തൊട്ടുസീനിയർ. ഇങ്ങനെ ചില പേരുകൾ ഞാൻ എടുത്തു പറയുന്നത് അന്നത്തെ അദ്ധ്യാപകവൃന്ദത്തിന്റെ പൊതുസവിശേഷത സൂചിപ്പിക്കുവാൻ മാത്രമാണ്. എല്ലാവിഷയങ്ങളിലും പേരും പെരുമയും നേടിയ അർപ്പിതാത്മാക്കളായ അഗാധപണ്ഡിതന്മാർ ഇടക്കാലത്ത് വന്നുംപോയുമിരുന്നു. കൃഷ്ണമൂർത്തി, നാരായണമേനോൻ, ദാമോദരൻനായർ മുതലായ റിട്ടയേർഡ് അദ്ധ്യാപകരേയും ഉൾപ്പെടുത്തി പറഞ്ഞാൽ ഒന്നാംകിടക്കാരുടെ ഒരു വിഹാരവേദിയായിരുന്നു അദ്ധ്യാപകരംഗം. സേവനവേതനവ്യവസ്ഥകൾ പിന്നീട് വളരെ വളർന്നിട്ടുണ്ട്. ഡിഗ്രികൾക്കും ഡോക്ടറേറ്റുകൾക്കും ഘനം കൂടിയിട്ടുണ്ട്. എങ്കിലും ഗുണമേന്മയിൽ അവരുടെ ഒപ്പം എത്താൻ പുതിയ തലമുറ ഇനിയും ഏറെ അദ്ധ്വാനിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. ഇത് തേവരകോളേജിന്റെ കാര്യം മാത്രമല്ല എന്നു സമാധാനിക്കാം. അതൊരു സമാധാനം ആണെങ്കിൽ ഇതൊരു ഔദ്യോഗികരേഖയല്ലാത്തതുകൊണ്ട് ചിലപേരുകൾ ഞാൻ എടുത്തുപറഞ്ഞത് സാന്ദർഭികമായി മാത്രമാണ്. എന്ന് പേരെടുത്തു പറയേണ്ട മറ്റുസഹപ്രവർത്തകരോടു ക്ഷമാർപ്പണപൂർവ്വം അറിയിച്ചുകൊള്ളട്ടെ.

എന്തെങ്കിലും വിഷയത്തിൽ ക്ലാസ്സും റാങ്കും നേടാനുള്ള മത്സരം ഒരുവശത്ത്-യൂണിയൻ പിടിച്ചെക്കാനും ശക്തി പ്രകടിപ്പിക്കാനുമുള്ള മത്സരം മറുവശത്ത്; ഇങ്ങനെ വിദ്യാർത്ഥിമണ്ഡലത്തിൽ വിഭിന്നങ്ങളായ ശ്രദ്ധ കേന്ദ്രീകരണങ്ങൾ വന്നുചേർന്നതുകൊണ്ട് സർവ്വതോമുഖവും സമഗ്രവുമായ വളർച്ചയ്ക്ക് തേവരകോളേജ് പൂർവ്വകാലങ്ങളിൽ സജ്ജീകരിച്ചുകൊടുത്തിരുന്ന സൗകര്യങ്ങൾ ഇന്നുവേണ്ടപോലെ വിനിയോഗിക്കപ്പെടുന്നില്ല. ലോകപ്രശസ്തിയും ദേശീയപ്രശസ്തിയും നേടിയ പ്രമുഖവ്യക്തികളാരെങ്കിലും കേരളത്തിലെത്തിയാൽ അവരെ തേവരകോളേജിൽ ക്ഷണിച്ചുകൊണ്ടുവന്നു പ്രസംഗിപ്പിക്കുക അക്കാലത്ത് പതിവായിരുന്നു. കുലപതി കെ. എം. മുൻഷി, യു. എൻ. ഡേബർ, പനമ്പിള്ളിഗോവിന്ദമേനോൻ, സ്വാമിചിന്മയാനന്ദ, കർദ്ദിനാൾ ഗ്രേഷ്യസ്, പാദ്രേപിയോ തുടങ്ങിയ എത്രയോ മഹാമനീഷികളുടെ വാഗ്ധോരണി തേവരകോളേജ് ആഡിറ്റോറിയത്തിൽ അലതല്ലിയിട്ടുണ്ട്. പ്രേംനസീർ ഉൾപ്പെടെ എത്രയോ കലാകാരന്മാർ അവിടെ കയറിയിറങ്ങിയിട്ടുണ്ട്. മഹാകവി ജി., വടക്കുംകൂർ രാജരാജവർമ്മ, തകഴി, വലയലാർ തുടങ്ങിയ എത്രയോ സാഹിത്യപ്രതിഭകൾ വിദ്യാർത്ഥികൾക്ക് ഇവിടെ അഭിമുഖദർശനം നൽകിയിട്ടുണ്ട്. അത്തരം വിശിഷ്ടമുഹൂർത്തങ്ങൾ അപൂർവ്വമായിക്കൊണ്ടിരിക്കുകയല്ലേ എന്നു ഞാനോർത്തുപോകുകയാണ്.

ഒന്നോ രണ്ടോ വിഷയങ്ങളൊഴിച്ച് എല്ലാത്തിനും ഇന്ന് തേവരയിൽ ബിരുദാനന്തരബിരുദകോഴ്സുകളുണ്ട്. ഒന്നാന്തരം ലൈബ്രറിയും തെന്നിന്ത്യയിൽ ഒന്നാമത്തെതെന്ന് ഒരിക്കൽ പ്രകീർത്തിക്കപ്പെട്ട ഓഡിറ്റോറിയവുമുണ്ട്. അവിടെ പണ്ട് ഒരു ഓലഷെഡായിരുന്നത് ഞാനോർക്കുന്നു. മിനിയോഡിറ്റോറിയവും കളിസ്ഥലങ്ങളുമുണ്ട്. ആധുനികശാസ്ത്ര സാങ്കേതികസൗകര്യങ്ങളായ കംമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റും എല്ലാമുണ്ട്. തേവര കോളേജ് എല്ലാ അർത്ഥത്തിലും വളർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലധിഷ്ഠിതങ്ങളായ നൂതനശാസ്ത്ര സാങ്കേതിക കോഴ്സുകൾക്കും വാതിൽ തുറന്നുകൊടുക്കാൻ പുതിയ മന്ദിരങ്ങൾക്കു തറക്കല്ലിട്ടു കഴിഞ്ഞിരിക്കുന്നു. ബൗദ്ധികവും ഭൗതികജീവിതോന്മുഖവുമായ ഈ വളർച്ച കേരളത്തിലെ ഏതൊരു കലാലയത്തിനും അസൂയ ജനിപ്പിക്കുന്നതാണ്. ഇന്നത്തെ പ്രവർത്തകർക്കെന്നപോലെ പൂർവ്വകാല പ്രവർത്തകർക്കും അതിലൊക്കെ അഭിമാനിക്കാം. എന്നാൽ കലാലയ സ്ഥാപകനായ സാലസച്ചന്റെ ശൈലി കടംവാങ്ങിപ്പറഞ്ഞാൽ ഈശോയുടെ ആരാധ്യമായ തിരുഹൃദയത്തിനു സംതൃപ്തി നൽകുന്ന വിധത്തിൽ അന്തേവാസികളുടെ ഹൃദയസംസ്കാരം വളർത്തിയെടുക്കുകയും രാജ്യത്തിന്റെ സാംസ്കാ...

ദിക പ്രതിസന്ധികളിൽ നേതൃത്വം നൽകാൻ പോന്ന ആത്മശക്തിസമ്പന്നമായ ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുകയും ചെയ്യുമ്പോഴാണ് ഈ സുവർണ്ണ ജൂബിലി അർത്ഥപൂർണ്ണമാകുന്നത്. തേവര തിരുഹൃദയകലാലയം ആ ലക്ഷ്യത്തിലേക്ക് ഈ സുവർണ്ണപതാകയുമായി കുതിച്ചുമുന്നേറട്ടെ എന്നാണെന്റെ ആശംസ. ●


# Rohith Recording studio

P.O Box 1004
4/Canal Street
K.G. Colony
Madras 600010
Ph.617719



# CHILTON

P.B NO. 3560,
40/5722, M.G. Road,
ERNAKULAM-682035,
PHONE 353532
FAX 368510

DEEP FREEZER

AIR CONDITIONER

COMPRESSOR

Manufacturers of:
AIR CONDITIONER
SPLIT AIR CONDITIONER
DEEP FREEZER
REFRIGERATION EQUIPMENTS.

Authorised dealer for:
SHRIRAM HERMETIC
COMPRESSOR
FLORON REFRIGERATION GAS
REFRIGERATION SPARES

# ആദ്യനാളുകളെപ്പറ്റി



പ്രൊഫ. പി.എം. ജോസഫ്

ആ[illegible] ദശകങ്ങളിൽ ആഗോള വ്യാപകമായിരുന്ന സാമ്പത്തിക ക്ലേശങ്ങൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്ന കാലം. ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുകയുണ്ടായി. പ്രശ്നസങ്കുലമായ അക്കാലത്ത് ഉന്നത വിദ്യാഭ്യാസരംഗത്തെക്കുറിച്ച് കേരളത്തിൽ പൊതുജനം ഗൗരവപൂർവ്വം ചിന്തിച്ചിരുന്നില്ല. വിദ്യാഭ്യാസത്തിൽ മുൻപന്തിയിലായിരുന്ന തിരുവിതാംകൂർ - കൊച്ചി പ്രദേശങ്ങളിൽ പോലും ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ തുലോം പരിമിതം. തിരുവിതാംകൂറിൽ, സർക്കാർ തലത്തിലുള്ള തിരുവനന്തപുരം ആർട്ട്സ് - സയൻസ് കോളേജുകൾ, ചങ്ങനാശ്ശേരി എസ്.ബി.കോളേജ്, ആലുവാ യു.സി. കോളേജ് എന്നിങ്ങനെ ചുരുക്കം കലാലയങ്ങളിലേ ബിരുദാനന്തരപഠനസൗകര്യമുണ്ടായിരുന്നുള്ളു. കോട്ടയം സി.എം.എസ്സും, നാഗർകോവിൽ സ്കോട്ട് ക്രിസ്ത്യനും ഇന്റർമീഡിയറ്റ് മാത്രമുള്ള ജൂനിയർ കോളേജുകൾ. കൊച്ചിയിൽ, ഗവൺമെന്റുടമയിലുള്ള എറണാകുളം മഹാരാജാസ്, കത്തോലിക്കരുടെ സെന്റ് തെരേസാസ്, തൃശൂർ സെന്റ്തോമസ് എന്നിങ്ങനെ ചുരുക്കം കോളേജുകൾ മാത്രം. തിരുവിതാംകൂറിലെ കോളേജുകൾ തിരുവിതാംകൂർ സർവ്വകലാശാലയോടും കൊച്ചിയിലേത് മദ്രാസ് സർവ്വകലാശാലയോടും അഫിലിയേറ്റ് ചെയ്തവയായിരുന്നു. പഠനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഇവിടെ നിന്നും വളരെപ്പേർ മദ്രാസ്, തൃശ്ശിനാപ്പള്ളി, പാളയംകോട്ട മുതലായ സ്ഥലങ്ങളിൽ കലാലയ വിദ്യാഭ്യാസം ചെയ്തിരുന്നു.

ഈ സാഹചര്യത്തിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചൈതന്യം ഉൾക്കൊണ്ട സഭയായ കർമ്മലീത്താ വൈദികർ, അതുവരെ സ്കൂൾ തലത്തിൽ പരിമിതപ്പെടുത്തിയിരുന്ന തങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കലാലയരംഗത്തേയ്ക്ക് വ്യാപിപ്പിക്കുവാൻ ആലോചിച്ചത്. പ്രിയോർജനറാളായിരുന്ന ബഹുമാനപ്പെട്ട ബർത്തലോമിയോ അച്ചനാണ് കർമ്മലീത്താ സഭയുടേതായ ഒരു കോളേജ് എന്ന നൂതനസംരംഭത്തിന്റെ ആശയതലത്തിൽ രൂപകല്പന ചെയ്തത്. എന്നാൽ ആ ആശയം രൂപസാക്ഷാത്കാരം കൊള്ളുന്നതു കാണുവാനുള്ള ഭാഗ്യം ഈ വൈദിക ശ്രേഷ്ഠനുണ്ടായില്ല.

ബർത്തലോമിയോ അച്ചന്റെ ഭാരിച്ച വിദ്യാഭ്യാസദൗത്യം ഏറ്റെടുത്തുകൊണ്ട് ധിഷണാശാലിയും കർമ്മധീരനുമായിരുന്ന ബഹുമാനപ്പെട്ട ഫ്രാൻസിസ് സാലസച്ചനാണ് തേവര സേക്രഡ്ഹാർട്ട് കോളേജ് സ്ഥാപിച്ചത്. ദിവാനായിരുന്ന സർ. സി.പി. രാമസ്വാമി അയ്യരുടെ സേച്ഛാധിപത്യ ഭരണമാകയാൽ, തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ കോളേജ് പ്രവർത്തനം സുഗമവും സ്വതന്ത്രവുമാകയില്ലെന്ന് ക്രാന്തദർശിയായ സാലസച്ചന് ബോദ്ധ്യമുണ്ടായിരുന്നു. അങ്ങനെയാണ് കൊച്ചിയിലെ തേവരയിൽ വേമ്പനാട്ടു കായലോരത്ത്, മദ്രാസ് സർവ്വകലാശാലയോട് അഫിലിയേറ്റു ചെയ്തുകൊണ്ട് സേക്രഡ് ഹാർട്ട് കോളേജ് ആരംഭിച്ചത്. മൂന്നു വശവും കായലും ഒരുവശം തേവര ഗ്രാമവും ചേർന്ന പ്രശാന്തരമണീയമായ പ്രകൃതി പശ്ചാത്തലം കോളേജിന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ്. കർമ്മലീത്താ ആശ്രമവും അതിനോടനുബന്ധിച്ചുള്ള ഹൈസ്ക്കൂളും പ്രസ്സും കോളേജിനോട് ചേർന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നു. ആശ്രമം വകയായ സ്ക്കൂൾക്കെട്ടിടത്തിൽ 1943-ൽ കോളേജ് ആരംഭിക്കുവാൻ ശ്രമിച്ചെങ്കിലും, ...

---

...ളേജിൽ വിദ്യാർത്ഥിയായും തുടർന്ന് ഇവിടത്തെ അദ്ധ്യാപകനായും കൊമേഴ്സ് വിഭാഗം തലവനായും ദീർഘകാലം സേവനമനുഷ്ഠിച്ച പ്രൊഫ. പി. എം. ജോസഫ് കേരളസർവ്വകലാശാലയിൽ കൊമേഴ്സ് വിഭാഗം ഡീനായിരുന്നു.

കെട്ടിടം വേണമെന്ന മദ്രാസ് യൂണിവേഴ്സിറ്റിയുടെ പ്രത്യേക നിഷ്ക്കർഷമൂലം ആ ശ്രമം സഫലമായില്ല.

കെട്ടിടനിർമ്മാണത്തിനുള്ള വിഭവ സമാഹരണയജ്ഞം, പ്രിയോർ ജനറൽ ബഹുമാനപ്പെട്ട ജോൺ ബർക്കുമാൻസച്ചന്റെ പ്രോത്സാഹനവും സാലസച്ചന്റെ നയചാതുരിയും വിജയത്തിലെത്തിച്ചു. കൊച്ചി ദിവാൻ സർ.ജോർജ്ജ് ബോഗ്, ചീഫ് സെക്രട്ടറി രാമവർമ്മത്തമ്പുരാൻ തുടങ്ങിയ ഉന്നതർ കോളേജിന്റെ സ്ഥാപനത്തിൽ തൽപരരായിരുന്നതിനാൽ കൊച്ചി സർക്കാരിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. കെട്ടിടനിർമ്മാണച്ചുമതല പരിചയസമ്പന്നനായ ബഹുമാനപ്പെട്ട ജോസഫ് ഹദ്രിയാനച്ചൻ ഏറ്റെടുത്തു. യുദ്ധകാലമായിരുന്നതിനാൽ കമ്പി, സിമൻറ് തുടങ്ങിയ നിർമ്മാണവസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമായിരുന്നു. എന്നിരുന്നാലും നിർമ്മാണജോലികൾ അതിദ്രുതഗതിയിൽ തന്നെ നടന്നു. ഒരു വർഷത്തിനുള്ളിൽ, പ്രധാന കെട്ടിടത്തിന്റെ താഴത്തെ നിലയും അതിനോട് ചേർന്ന് മേലത്തെ അസംബ്ലിഹാളും ബയോളജിബ്ലോക്കിന്റെ ഒരു ഭാഗവും മൂന്നുനിലകളിലായി നൂറിൽപ്പരം മുറികളോടുകൂടിയ മെയിൻഹോസ്റ്റലും പണിതീർത്തു. ഒപ്പം ലാബ്രട്ടറി ലൈബ്രറി സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞു. ബഹുമാന്യരായ സാലസച്ചനും കാർട്ടി എസ്. ജെ.യും മറ്റും ഉൾപ്പെട്ട കോളേജ്മാനേജിംഗ് കമ്മറ്റിയ്ക്ക് രൂപം കൊടുക്കുകയും റെവ. സി. ജെ. വർക്കി, കേരളവർമ്മത്തമ്പുരാൻ, കെ. ജെ സിറിയക്, സി. സി. ചാക്കോ, ആർ. ജി. വിൽസൺ, മാർട്ടിൻ എം. തോമസ് തുടങ്ങിയ പ്രഗല്ഭാദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുകയും ചെയ്തു.

മദ്രാസ് സർവ്വകലാശാല വൈസ് ചാൻസലർ സർ. എ. ലക്ഷ്മണസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ വന്ന യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻകമ്മീഷൻ കോളേജിന്റെ സജ്ജീകരണങ്ങളിൽ അതീവ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ട് സാലസച്ചനെ പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി. അങ്ങനെ മദ്രാസ്സർവ്വകലാശാലയുടെ അംഗീകാരത്തോടെ 1944 ജൂണിൽ സേക്രട്ട് ഹാർട്ട് കോളേജ് പ്രവർത്തനമാരംഭിച്ചു. കോമേഴ്സ് ഗ്രൂപ്പുകളുള്ള ഇൻറർമീഡിയറ്റ്, ഇക്കണോമിക്സ്, കോമേഴ്സ്, മാത്തമാറ്റിക്സ് എന്നി വിഷയങ്ങളിൽ ഡിഗ്രി കോഴ്സ് എന്നിവയോടെ ആൺകുട്ടികൾക്കായുള്ള ഒരു ഫസ്റ്റ്ഗ്രേഡ് കോളേജായിട്ടായിരുന്നു തുടക്കം. ആദ്യത്തെ പ്രിൻസിപ്പലായി ബഹുമാനപ്പെട്ട പീറ്റർ തോമസച്ചൻ ചാർജ്ജെടുത്തു. കേരളത്തിൽ കോമേഴ്സ് ബിരുദം ആദ്യമായി ഏർപ്പെടുത്തിയത് തേവര കോളേജിലാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ നിന്ന് ഇരുന്നൂറ്റിഎൺപതോളം വിദ്യാർത്ഥികളുണ്ടായിരുന്നതിൽ ഭൂരിഭാഗവും ഹോസ്റ്റൽ നിവാസികളായിരുന്നു. രണ്ടാംവർഷംമുതൽ മട്ടമ്മൽ ഭാഗത്ത് ഒരു തീയേറ്റർ വാടകയ്ക്കെടുത്ത് ഹോസ്റ്റലായി ഉപയോഗിച്ചിരുന്നു. വിദ്യാർത്ഥികളിൽ സാമൂഹികബോധവും സഹകരണവും സേവനോത്സുകതയും വളർത്തത്തക്ക അന്തരീക്ഷം അന്ന് ഹോസ്റ്റലുകളിൽ നിലനിന്നിരുന്നു.

പാഠ്യവും പാഠ്യേതരവുമായ പ്രവർത്തനങ്ങളിൽ കോളേജധികൃതർ ഒരുപോലെ ശ്രദ്ധപതിപ്പിച്ചിരുന്നു. തൽഫലമായി കായികരംഗത്ത്, വിശേഷിച്ച് ബാസ്കറ്റ്ബോൾ, വോളിബോൾ എന്നിവയിൽ ആദ്യവർഷം തന്നെ തേവരകോളേജ് തെന്നിന്ത്യയിൽ മുൻനിരയിൽതന്നെ സ്ഥാനമുറപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട ചെയർമാൻ, സെക്രട്ടറിമാരോടുകൂടിയ കോളേജ് യൂണിയൻ പ്രവർത്തനം സജീവമായി നടത്തിവന്നു. വിദ്യാർത്ഥികളിൽ ദൃഢമായ ബന്ധം നിലനിന്നിരുന്നു. വിദ്യാർത്ഥി-അദ്ധ്യാപകബന്ധവും പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരുന്നു. അതുപോലെതന്നെ എടുത്തു പറയേണ്ട ഒന്നത്രെ, അദ്ധ്യാപക-മാനേജ്മെൻറ് ബന്ധത്തിന്റെ സുദൃഢത.

തൊള്ളായിരത്തി നാല്പതുകളുടെ ഉത്തരാർദ്ധത്തിലും അമ്പതുകളിലും മറ്റുമായി സ്വകാര്യകോളേജുകളുടെ വലിയൊരു വേലിയേറ്റംതന്നെ നടക്കുകയുണ്ടായി. അതിന് പ്രചോദനമായത് തേവരകോളേജിന്റെ സ്ഥാപനം തന്നെയായിരുന്നു. ഇങ്ങനെ മധ്യകേരളത്തിലെ ഒന്നാം കിട കോളേജുകളിലൊന്നായി ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള നമ്മുടെ വിദ്യാഭ്യാസമുന്നേറ്റത്തിന്റെ പാതകൾ വെട്ടിത്തുറക്കട്ടെ എന്ന ആശംസയോടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. ❑

* * *

മടിയന്റെ പ്രവൃത്തി ദിവസം എന്നും നാളെയാണ്

യുങ്

# എന്റെ തേവര സ്മരണകൾ



പ്രൊഫ..പി.സി ദേവസ്യ

തേവര സേക്രഡ് ഹാർട്ട് കോളേജിന്റെ സൗവർണ്ണ ജൂബിലി സംബന്ധിച്ചു പ്രസിദ്ധീകരിക്കുവാൻ പോകുന്ന സ്മരണികയിലേക്ക് സ്മരണാപ്രധാനമായ ഒരു ലേഖനം ആവശ്യപ്പെട്ടുകൊണ്ടുള്ള തൽപ്രവർത്തകന്മാരുടെ കത്തുകിട്ടിയപ്പോൾ പ്രായാധിക്യത്തിന്റെ പേരിൽ ഒഴിഞ്ഞുമാറുവാൻ തോന്നിയില്ല. മൂന്നു കോളേജുകളിലും കേരളസർവ്വകലാശാലയിലെ ഭാഷാവകുപ്പിലുമായി നാല്പതുകൊല്ലം അദ്ധ്യാപനത്തിലേർപ്പെട്ടിരുന്ന ഒരാൾക്ക് സ്വാഭാവികമായി പ്രസ്താവാർഹങ്ങളായ അനുഭവങ്ങൾ ഏറെയുണ്ടാകുമല്ലോ. വിസ്തരശങ്കയാൽ, അവയിൽ തേവരയോടു ബന്ധപ്പെട്ട ചിലതു മാത്രമേ ഇവിടെ രേഖപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുള്ളു.

എസ്. എച്ച്. കോളേജിന്റെ ഭാഷാവകുപ്പിൽ നിയമിതനായ എന്റെ തേവരയിലെ ജീവിതം കർമ്മനിരതവും സംഭവബഹുലവുമായിരുന്നു. അദ്ധ്യാപനബാഹ്യങ്ങളായ പല രംഗങ്ങളിലും എനിക്ക് ഇക്കാലത്ത് പ്രവർത്തിക്കേണ്ടതായിവന്നുകൂടി. പഠിക്കാൻ ഒന്നുമില്ലാത്തവനാണ് പഠിപ്പിക്കാൻ പുറപ്പെടുന്നതെന്നുള്ള ബർണ്ണാഡ് ഷായുടെ ഹാസ്യനിർവ്വചനം ഓർമ്മയിലുണ്ടായിരുന്നതിനാൽ നന്നായി തയ്യാറെടുത്തു മാത്രമേ ഞാൻ ഒരോക്ലാസിലും പോയിരുന്നുള്ളു. പാഠ്യഭാഗങ്ങൾക്കുപുറമെ, ഞാൻ വായിച്ചിട്ടുള്ള വിശ്വസാഹിത്യകൃതികൾ വിദ്യാർത്ഥികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുവാനും ശ്രമിച്ചുപോന്നു.

---

*കേരളത്തിലെ മികച്ച മൂന്നുകോളേജുകളിലും കേരളസർവ്വകലാശാലയിലുമായി നാലു പതിറ്റാണ്ടു നീണ്ട അദ്ധ്യാപനചരിത്രമാണ് ഈ ലേഖകനുള്ളത്. ഗദ്യകാരനെന്ന നിലയ്ക്കും കവി എന്ന നിലയ്ക്കും ഒരു പോലെ പ്രസിദ്ധനായ ഈ പ്രതിഭാശാലിയുടെ ക്രിസ്തുഭാഗവതമെന്ന സംസ്കൃത മഹാകാവ്യത്തിന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ അവാർഡുകിട്ടിയിട്ടുണ്ട്.*

## അധ്യാപനബാഹ്യങ്ങളായ പരിപാടികൾ

നാടകാഭിനയം, പ്രസംഗമത്സരം, കവനമത്സരം, അക്ഷരശ്ലോകമത്സരം മുതലായവയാണ് ഈ ബാഹ്യപരിപാടികൾ. കോളേജിലെഡ്രമാറ്റിക് ക്ലബിന്റെ പ്രസിഡന്റായി ഞാൻ നിയുക്തനായതോടെ അഭിനയകാര്യത്തിൽ ഉത്സാഹം അധികമായി. മായാമനുഷ്യൻ, വിസ്മൃതി, ഇടിയും മിന്നലും, ഒഥല്ലോവിന്റെ പരിഭാഷയായ ഉദയചന്ദ്രൻ, തേവരയുദ്ധം (Battle of Thevara) എന്നീ നാടകങ്ങൾ അക്കാലത്ത് വിദ്യാർത്ഥികൾഅവതരിപ്പിക്കുകയുണ്ടായി.ഷേയ്ക്സ്പിയറിന്റെ ഒഥല്ലോയ്ക്ക് ഭാരതീയ പശ്ചാത്തലം നല്കി വിവർത്തനം ചെയ്ത 'ഉദയചന്ദ്രൻ' ആദ്യമായവതരിപ്പിച്ചത് തൃശൂർ കോളേജിൽ വച്ചാണ്. തേവരയിലെ അഭിനയസന്നാഹങ്ങൾക്ക് ഫാദർ ദീസ്മാസ് അവർകളുടെ സഹകരണം വളരെ പ്രയോജനകരമായിരുന്നു. ഒരു ബി.കോം. വിദ്യാർത്ഥിയായിരുന്ന ശ്രീ. ടി. എൽ. തോമസ് രചിച്ച 'തേവര യുദ്ധം' പ്രക്ഷോഭജനകമായ പല സംഭവങ്ങൾക്കും നാന്ദിയായിത്തീർന്നു. നാടകത്തിലെ കഥാപാത്രമായ മന്ത്രിയുടെ വേഷം സർ. സി.പി. രാമസ്വാമി അയ്യരുടെ വേഷംപോലെതന്നെയായിരുന്നു.

## ലോകത്തെ ഞെട്ടിച്ച വാർത്ത

1948 ജനുവരി 30-ാം തീയതി സായാഹ്നത്തിൽ ഒഥല്ലോ നാടകത്തിന്റെ റിഹേഴ്സൽ നടന്നു കൊണ്ടിരിക്കുമ്പോൾ കേട്ട അതിദാരുണമായ വാർത്ത ഞങ്ങളെ സ്തബ്ധരാക്കി. മഹാത്മാഗാന്ധിയെ ആരോ വെടിവച്ചു കൊലപ്പെടുത്തിയെന്നായിരുന്നു ആ ഘോരവൃത്താന്തം. നായികയുടെ ഭാഗമെടുത്തിരുന്ന വിദ്യാർത്ഥി അതു കേട്ടു പൊട്ടിക്കരഞ്ഞു. റേഡിയോവിൽ പണ്ഡിറ്റ്ജിയുടെ 'സ്തംഭിതബാഷ്പവൃത്തികലുഷ' മായ പ്രക്ഷേപണം കേട്ടപ്പോൾ മാത്രമേ വാർത്ത ശരിവയ്ക്കാൻ കഴിഞ്ഞുള്ളു. റിഹേഴ്സൽ

നിർത്തിവച്ച് വാർത്തയുടെ വിശദവിവരങ്ങളറിയാൻ എല്ലാവരും പല ദിക്കുകളിലേക്കു പാഞ്ഞു.

## അദ്ധ്യാപക സുഹൃത്തുക്കൾ

തൃശൂർ കോളേജിൽ സഹാദ്ധ്യാപകരോ ശിഷ്യന്മാരോ ആയിരുന്ന പലരെല്ലാം തേവര കോളേജിൽ എന്റെ സഹാദ്ധ്യാപകരായി വന്നു ചേർന്നിരുന്നു. മദ്രാസിൽ വിദ്യാഭ്യാസവകുപ്പിലായിരുന്ന ഉന്നത ഉദ്യോഗത്തിൽ നിന്ന് വിരമിച്ച് തൃശൂർ കോളേജിൽ പ്രിൻസിപ്പലായിത്തീർന്ന ശ്രീ സി.ജെ. വർക്കി, തന്റെ കർമ്മകുശലതയും പ്രഭാഷണപടുതയും കൊണ്ട് പ്രസിദ്ധി നേടിയിരുന്നു. രാജ്യം രാഷ്ട്രീയമായും പൊടി പൊടിച്ചിരുന്ന അക്കാലത്ത് അദ്ധ്യാപകരിൽ കഴിവുള്ളവരെല്ലാം യുദ്ധപരിശ്രമങ്ങളിൽ സഹകരിക്കണമെന്ന് സർക്കാരിൽനിന്ന് കണ്ടനുമായി അദ്ധ്യാപകരെ ഉപദേശിച്ചിരുന്നു. അന്നത്തെ കൊച്ചി ദിവാൻ a.f.w. ഡിക്സൺ തൃശൂരിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ശ്രീ സി. ജെ. വർക്കിയായിരുന്നു മുഖ്യപ്രഭാഷകൻ. ദിവാന്റെ a.f.w. എന്ന പ്രാരംഭാക്ഷരങ്ങൾക്ക് all for war എന്നും, സ്വന്തം പേരിന് War Key (Key of war) എന്നും വ്യാഖ്യാനം നൽകിയത് സദസ്സിനെ അത്യധികം രസിപ്പിച്ചു. ശ്രീ വർക്കിയുടെ തേവര കോളേജിലേക്കുള്ള ആഗമനം ആ സ്ഥാപനത്തിന് അത്യന്തം പ്രയോജനകരമായിരുന്നു. ധനശാസ്ത്ര പ്രൊഫസർ ശ്രീ കെ.ജെ. സിറിയക്കും ഗണിതശാസ്ത്രാദ്ധ്യാപകൻ ശ്രീ പി.എ. ജോസഫും, ഫിസിക്സ് ഡിപ്പാർട്ടുമെന്റ് അദ്ധ്യാപകൻ ശ്രീ.സി.ജെ. ഡാനിയലും എനിക്കു മുമ്പേ തൃശൂരുനിന്നും തേവരയിൽ വന്നു കൂടിയവരാണ്. കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായിരുന്ന ശ്രീ. കേരളവർമ്മ, ലക്ചറർ ആയ ശ്രീ.രാമവർമ്മ എന്നിരാജകുടുംബാംഗങ്ങളും ആരംഭംമുതല്ക്കേ കോളേജിലുണ്ടായിരുന്നുവെന്നാണ് എന്റെ അറിവ്. കേരളവർമ്മത്തമ്പുരാൻ രാജകീയതേജസ്സും സൗമ്യതയും സ്ഫുരിക്കുന്ന മുഖശ്രീയും വിനീതമായ പെരുമാറ്റവും കൊണ്ട് എല്ലാവരുടെയും സ്നേഹാദരഭാജനമായിത്തീർന്നിരുന്നു. എന്റെ പൂർവ്വശിഷ്യനും മലയാളവകുപ്പിൽ അദ്ധ്യാപകനുമായിത്തീർന്ന ശ്രീ.ഗണപതികൃഷ്ണൻ എന്നോടു മിക്കപ്പോഴും സംസ്കൃതത്തിലാണ് സംഭാഷിച്ചിരുന്നത്. അന്നത്തെ എല്ലാ സുഹൃത്തുക്കളുടെയും പേരുകൾ ഇവിടെ ഉദ്ധരിക്കുന്നില്ല. എന്നാൽ ധനതത്ത്വശാസ്ത്രവകുപ്പിലെ അഭിജ്ഞനും സരസനുമായ പ്രൊഫ. എബ്രഹാം കുര്യൻ എന്റെ ആത്മമിത്രങ്ങളിൽ ഒരാളായിരുന്നു എന്നെടുത്തു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

## പ്രതിഷേധപ്രകടനം

അക്കാലത്തു തിരുവിതാംകൂർ ദിവാൻ സർ. സി. പി. രാമസ്വാമി അയ്യർ ആവിഷ്കരിച്ച വിദ്യാഭ്യാസപരിഷ്കാരം ജനങ്ങൾക്കിടയിൽ, വിശേഷിച്ചു കത്തോലിക്കരുടെ ഇടയിൽ വമ്പിച്ച കോളിളക്കമുണ്ടാക്കി [illegible] അതിനെതിരായി ചങ്ങനാശ്ശേരി ബിഷപ്പ് മാർ [illegible] കാളാശ്ശേരി സ്വന്തം രൂപതയിലെ പള്ളിക്കാർക്ക് [illegible] ലേഖനം സർ.സി.പി. യുടെ കഠിനമായ അപ്രീതിക്ക് [illegible] യി. ആ ലേഖനം പിൻവലിക്കണമെന്ന് സി.പി. [illegible] ആവശ്യപ്പെട്ടു. ധർമ്മധീരനായ ബിഷപ്പ് [illegible] അവഗണിക്കുകയാണ് ചെയ്തത്. തുടർന്ന് [illegible] പ്രതിഷേധയോഗങ്ങൾ നടന്നു. പ്രക്ഷോഭത്തിന്റെ അലയടികൾ തേവരകോളേജിലും പരിഭ്രാന്തി സൃഷ്ടിച്ച പ്രത്യാഘാതം ഗുരുതരമായിരുന്നു.

ഇക്കാലത്താണ് കൊച്ചി ഗവൺമെന്റിന്റെ [illegible] യായി വന്നെത്തിയ സർ.സി.പി. യ്ക്കെതിരെ കോളേജ് വിദ്യാർത്ഥികൾ കരിങ്കൊടി പ്രകടനം നടത്തി [illegible] തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ [illegible] വിദ്യാർത്ഥികൾ ആസ്പത്രിയിൽ പ്രവേശിപ്പിക്ക [illegible] കുറെനാൾമുമ്പ് വിദ്യാർത്ഥികളഭിനയിച്ച [illegible] എന്ന നാടകം ആസന്നമായ സി.പി. വിരുദ്ധ [illegible] ത്തിന്റെ റിഹേഴ്സലായിട്ടാണ് അന്ന് പോലീസ് [illegible] സിച്ചത്. പോരെങ്കിൽ നാടകരംഗങ്ങളുടെ ഫോട്ടോ [illegible] ത്തിയുടെ വേഷം സി.പി. യുടെ അസ്സൽ അനുകരണ [illegible] ആ നാടകത്തിന്റെ കർത്താവ് ഞാനാണെന്നും [illegible] ലീസ്വൃത്തങ്ങളിൽ പ്രചരിച്ചിരുന്നു. നാടകത്തിന്റെ [illegible] സംക്ഷേപം, പ്രിൻസിപ്പൽ മുഖേന, പോലീസ് [illegible] പ്പെട്ടതനുസരിച്ച് അതിന്റെ സാക്ഷാൽ കർത്താവിന്റെ സഹായത്തോടുകൂടി ഞാനെഴുതിയേല്പിച്ചു. [illegible] ഉത്തരവനുസരിച്ച് പിന്നെയും പല കോലാഹലങ്ങൾ ഉണ്ടായെങ്കിലും ക്രമേണ അതെല്ലാം ശമിച്ചു.

## നാമകരണപരിപാടി

സ്ഥാപനങ്ങൾക്കോ വസ്തുക്കൾക്കോ ഉചിതമായ നാമകരണം നിർവ്വഹിക്കാൻ എന്നോടു [illegible] ആവശ്യപ്പെടാറുണ്ടായിരുന്നു. ഒരിക്കൽ ബാംഗ്ലൂരിൽ [illegible] ള്ള കർമ്മലീത്താ വൈദികർ, തങ്ങൾ അവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന കോളേജിന് ഉചിതമായ പേര് നിർദ്ദേശിക്കാൻ, ഞങ്ങൾ മലയാളം അദ്ധ്യാപകരോടാവശ്യപ്പെട്ടു. നിർദ്ദേശിക്കപ്പെട്ട പല പേരുകളും തൃപ്തമാകാതെ വന്നപ്പോൾ ഞാൻ ഒരെണ്ണം സ്വരൂപിച്ചു സമർപ്പിച്ചു: 'ധർമ്മാരാം'(The garden of spirituality). ധർമ്മം ആദ്ധ്യാത്മികതയേയും ആരാമം സൗഗന്ധികത്തേയും [illegible] ക്ഷരമായ രാം ശ്രീരാമസംജ്ഞയേയും സൂചിപ്പിക്കുന്നു എന്നുള്ള എന്റെ വിശദീകരണം അവരെ അത്യധികം സന്തോഷിപ്പിച്ചു. ഇന്നും അതേപേരിൽത്തന്നെയാണല്ലോ ആ [illegible] ലയം അറിയപ്പെടുന്നത്. 1949-ൽ ആരംഭിച്ച സാഹിത്യ [illegible] കയ്ക്ക് ജയകേരളം എന്ന് ഞാൻ നിർദ്ദേശിച്ച [illegible]

സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു.

അക്കൗണ്ടന്റ്ജനറൽ സ്ഥാനത്തുനിന്ന് റിട്ടയർ ചെയ്ത ശ്രീ. കെ. പി. ജോസഫ് അന്ന് തേവര കോളേജിൽ ഇംഗ്ളീഷ് അദ്ധ്യാപകനായിരുന്നു. ഇപ്പോൾ തിരുവനന്തപുരത്തും അമേരിക്കയിലുമായി വിശ്രമജീവിതവും ശ്രമജീവിതവും നയിക്കുന്ന അദ്ദേഹം സായാഹ്നസവാരിക്കിടയിൽ കണ്ടുമുട്ടിയ എന്നെ ഓർമ്മപ്പെടുത്തിയ സംഭവമിതാണ്: ഒരു ദിവസം ഞങ്ങളിരുവരും തേവരറോഡിൽക്കൂടി സഞ്ചരിക്കുകയായിരുന്നു. അപ്പോൾ ദൂരത്തായി വടക്കുനിന്നൊരു റിക്ഷാവണ്ടി വരുന്നത് ഞാൻ കണ്ടു. മൂന്നുനാലുദിവസം മുമ്പ് വിവാഹിതനായ കോളേജിലെ ഒരു പ്യൂണും വധുവും സീറ്റിന്റെ ഇരുവശങ്ങളിലുമിരുന്ന്, വധൂഗൃഹത്തിൽ നിന്ന് പാരിതോഷികമായി ലഭിച്ച തൊട്ടിൽകുട്ടിയെ നടുക്ക് നിറുത്തിപ്പിടിച്ചുകൊണ്ടുവരുന്നു. ഞാൻ ദൂരത്തേക്ക് നോക്കിയിട്ട് ശ്രീ. ജോസഫിനോടു പറഞ്ഞു: അതാ ഹോളിഫാമിലി വരുന്നു. ജോസഫ് സാർ ഇതു കേട്ട് അടുത്തുവന്നു കഴിഞ്ഞ ദമ്പതിമാരെ നോക്കിയിട്ട് നല്ലവണ്ണം ചിരിച്ചു. എന്റെ ഉപമ കേവലം വിനോദാർത്ഥം പ്രയോഗിച്ചതാണെന്നും അതിൽ വിശുദ്ധകുടുംബത്തോട് അനാദരമൊന്നുമില്ലെന്നും മി. ജോസഫിനറിയാമായിരുന്നു. ചിലപ്പോൾ വ്യക്തികൾക്കും ഇത്തരം നർമ്മഗർഭമായ പേരുകൾ നല്കി ഞങ്ങൾ രസിക്കാറുണ്ടായിരുന്നു. എന്റെ സഹാദ്ധ്യാപകനായ ശ്രീ. ടി.എം. ചുമ്മാർമാസ്റ്റർക്ക് വൃദ്ധാചാര്യൻ എന്ന നാമധേയം ഞാൻ നല്കിയതുകേട്ട് സൗമ്യശീലനും സഹൃദയനുമായ അദ്ദേഹമാണ് ആദ്യം ചിരിച്ചത് . എന്നാൽ ഈ നാമകരണകർത്താവായ എനിക്കും കിട്ടി, ഒരു പരിഹാസപ്പേര്. ബഹുകാര്യവ്യഗ്രനായ ഞാൻ സമയം കളയാതെ ദ്രുതഗതിയായിട്ടാണ് റോഡിൽക്കൂടി സദാ സഞ്ചരിച്ചിരുന്നത്. എന്റെ ഗതിവേഗം പുരസ്കരിച്ച് യുവാദ്ധ്യാപകർ എനിക്ക് സമ്മാനിച്ച പരിഹാസപ്പേരാണ് 'എക്സ്പ്രസ്സ്'. എന്നാൽ ഈ പ്രായത്തിലും സഞ്ചരിക്കുമ്പോൾ ഞാൻ സ്പീഡു കുറച്ചിട്ടില്ല; അടുത്ത കാലത്ത് ഒരു റോഡപകടം സംഭവിക്കുന്നതുവരെ.

## ജനകീയകാവ്യം

തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരുടെ മർദ്ദനഭരണത്തേയും അതിന്നെതിരെയുണ്ടായ ജനപ്രക്ഷോഭത്തേയും കുറിച്ച് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ജനങ്ങളുടെ ഉപപ്ലവം ഉച്ചകോടിയിലെത്തിയത് 1946 ഒക്ടോബറിലെ പുന്നപ്രവയലാർ സമരത്തിലാണ്. സി.പി.യുടെ നിഷ്കാസനം കൊണ്ടല്ലാതെ സമാധാനം പുലരില്ലെന്ന നിലവന്നു. അപ്രകാരം സംഭവിക്കുകയും ചെയ്തു. 1947 ജൂലൈ 25-ാം തീയതി സ്വാതിതിരുനാൾ സംഗീത അക്കാദമിയുടെ വാർഷികോത്സവത്തിൽ സന്നിഹിതനായിരുന്ന സി.പി.യെ വാളുകൊണ്ട് വെട്ടിപരിക്കേല്പിച്ച സംഭവം എനിക്കൊരു ലഘുകാവ്യത്തിന്റെ ഇതിവൃത്തമായി പരിണമിച്ചു. പാഠ്യപുസ്തകസമിതി യോഗത്തിൽ സംബന്ധിക്കുവാൻ മദ്രാസിലേയ്ക്ക് തീവണ്ടിയിൽ യാത്രചെയ്യുമ്പോഴാണ് ആ ലഘുകാവ്യം രചിച്ചത്. യോഗത്തിൽ സംബന്ധിക്കുവാൻ സഹയാത്രികരായി മഹാകവി ജി. ശങ്കരക്കുറുപ്പും പ്രൊഫ..പി.വി. കൃഷ്ണൻനായരും ഉണ്ടായിരുന്നു. ഫലശ്രുതി ഉൾപ്പെടെ 36 ശ്ലോകങ്ങളാണ് കാവ്യത്തിലുള്ളത്.

## ജയഭാരതോൽപ്പത്തി

തേവരകോളേജിലെ എന്റെ ശ്രേഷ്ടസുഹൃത്തുക്കളിൽ അഗ്രഗണ്യനായിരുന്നു സംസ്കൃതാദ്ധ്യാപകനായ ഫാദർ മാഴ്സൻ. സൗമ്യപ്രകൃതിയും സ്നിഗ്ദ്ധഹൃദയത്വം ക്ഷമാനിധിയുമായ അദ്ദേഹത്തിന്റെ ഭാവനയിൽ പലപ്പോഴും സ്പൃഹണീയങ്ങളായ പല ആശയങ്ങളും അങ്കുരിക്കാറുണ്ടായിരുന്നു. നാടാകെ പ്രചരിച്ചിരുന്ന ചില രാഷ്ട്രീയപ്പാർട്ടികൾ ജനങ്ങൾക്കിടയിൽ വിതച്ചുകൊണ്ടിരുന്ന അക്രമവാസനകൾക്കും അശ്ലീലതകൾക്കുമെതിരായി ഒരുത്തമസാഹിത്യമാസിക ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം പലപ്പോഴും എന്നോടു സംസാരിക്കാറുണ്ടായിരുന്നു. എറണാകുളത്തെ എല്ലാ കോളേജുകളിലും എഴുത്തുകാരായ അദ്ധ്യാപകന്മാർ സുലഭമായിരിക്കെ എന്തുകൊണ്ട് അവരെയെല്ലാം സഹകരിപ്പിച്ച് ഒരുത്തമ സാഹിത്യമാസിക നടത്തിക്കൂടാ? ഈ ആശയം ഉൾക്കൊണ്ട അന്നത്തെ കോളേജ് വൈസ് പ്രിൻസിപ്പലും മുൻ മന്ത്രിരാശി മന്ത്രിയുമായ ഷെവലിയർ സി.ജെ. വർക്കിയുടെ ആഹ്വാനമനുസരിച്ച് കോളേജിൽവച്ച് ഒരു പ്രാരംഭാലോചനാ യോഗം കൂടി. നിർദ്ദിഷ്ടമാസികയ്ക്ക് ഞാൻ നിർദ്ദേശിച്ച 'ജയഭാരതം' എന്ന പേര് യോഗം ഐകകണ്ഠേന അംഗീകരിച്ചു. തൽക്കാലം ദ്വൈമാസികമായി തുടങ്ങാനുള്ള തീരുമാനമനുസരിച്ച് 1949 ഫെബ്രുവരിയിൽ ആദ്യലക്കം പ്രസിദ്ധീകരിക്കപ്പെട്ടു. മഹാകവി വള്ളത്തോൾ, ശൂരനാട്ടു കുഞ്ഞൻപിള്ള, ഡോ: പി.ജെ. തോമസ്, പ്രൊഫ.. സി.എൽ. ആന്റണി, പള്ളത്തുരാമൻ തുടങ്ങിയ പ്രമുഖരുടെ സംഭാവനകൾ കൊണ്ട് വിഭവസമൃദ്ധമായിരുന്നു ആദ്യലക്കം. ഷെവ. സി.ജെ. വർക്കി മാനേജിംഗ് പത്രാധിപരും വിദ്വാൻ ടി.എം ചുമ്മാർ കാര്യദർശിയും ശ്രീ. കെ.ജെ സിറിയക്, പി.ടി. തോമസ്, ഐ. ജെ. വർക്കി എന്നിവർ അംഗങ്ങളുമായുള്ള പത്രാധിപസമിതിയും വിധാനം ചെയ്യപ്പെട്ടു. മുഖലേഖനവും പല കുറിപ്പുകളും ഞാൻ തന്നെയാണ് തയ്യാറാക്കിയിരുന്നത്.

തുടർന്നുള്ള ലക്കങ്ങൾ സർവ്വശ്രീ. ജി. ശങ്കര ക്കുറുപ്പ്, എ. ബാലകൃഷ്ണപിള്ള, പി.വി. ഉലഹന്നാൻ മാപ്പിള, വള്ളത്തോൾ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, സി.എൽ. ആന്റണി, എൻ.എ. രവിവർമ്മ, കെ. കുഞ്ചുണ്ണിരാജാ,

പാലാനാരായണൻനായർ, ഡോ. പി.കെ. നാരായണപിള്ള, വടക്കുംകൂർ രാജരാജവർമ്മ തുടങ്ങിയ സാഹിത്യനായകന്മാരുടെ സംഭാവനകൾ കൊണ്ട് സമലംകൃതമായിരുന്നു.

ഒരു വർഷം സുഗമമായി പ്രസിദ്ധീകരിച്ചിരുന്ന 'ജയഭാരത'ത്തിന് വന്നുഭവിച്ച സാമ്പത്തികക്ലേശം, അതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഒരു പുനരാലോചനക്ക് വഴിവച്ചു. അതനുസരിച്ച് ഫാദർ മാർസലിന്റെ പ്രത്യേകനിർബന്ധപ്രകാരം മാസികയുടെ ഉടമസ്ഥാവകാശം എന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. തുടർന്ന് എന്റെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും ആകർഷകമായ ചില മാറ്റങ്ങളോടെ മാസികയുടെ പ്രസിദ്ധീകരണം തുടർന്നു പോന്നു. ക്രമേണ കേരളമൊട്ടുക്കുമുള്ള സാഹിത്യകേസരികളുടെ വിഹാരരംഗമായിത്തീർന്നു ജയഭാരതം.

## പാണിനീയപ്രദ്യോതവും ഐ.സി.ഗ്രന്ഥാവലിയും

തേവരയിൽ ഞാൻ താമസിച്ചിരുന്ന കാലത്തു നടന്ന സുപ്രധാനമായൊരു സംഭവമാണ് ശ്രീ. ഐ.സി. ചാക്കോയുടെ 'പാണിനീയ പ്രദ്യോതം'എന്ന വ്യാഖ്യാന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം. പാണിനിയുടെ അഷ്ടാധ്യായി എന്നു പ്രസിദ്ധമായ വ്യാകരണത്തിലെ നാലായിരത്തോളം വരുന്ന സൂത്രങ്ങളിൽ രണ്ടായിരം സൂത്രങ്ങളുടെ വ്യാഖ്യാനമാണ് ശ്രീ. ഐ.സി. രചിച്ചിരുന്നത്. പാണിനീയം പഠിച്ചിട്ടില്ലാത്തവർക്ക് വ്യാഖ്യാനം മനസ്സിലാകുമോ എന്നു പരീക്ഷിക്കുവാൻ ഗ്രന്ഥകർത്താവ് സ്വഗൃഹത്തിലേക്ക് ക്ഷണിച്ചവരിൽ ജോസഫ് മുണ്ടശ്ശേരി, ഓ.എം. ചെറിയാൻ, ഉലഹന്നാൻമാപ്പിള, ടി.കെ. ജോസഫ് എന്നിവരോടൊപ്പം ഞാനുമുണ്ടായിരുന്നു. ഗ്രന്ഥത്തിന്റെ ആദ്യഭാഗം തൃശൂർ മംഗളോദയം പ്രസ്സിൽ, ഡോ: കുഞ്ചുണ്ണിരാജായുടെ അവതാരികയോടും മുണ്ടശ്ശേരിയുടെ പ്രസാധകത്വത്തിലും പ്രകാശനം ചെയ്തിരുന്നു. ഗ്രന്ഥം പൂർണ്ണരൂപത്തിൽ പ്രസാധനം ചെയ്യണമെന്ന് ഞങ്ങൾ ചിലർ നിർദ്ദേശിച്ചപ്പോൾ ശ്രീ. ഐ.സി അത് സന്തോഷപൂർവ്വം സമ്മതിക്കുകയും അതിന്റെ ചുമതല ഞങ്ങളെത്തന്നെ ഏല്പിക്കുകയും ചെയ്തു.

ഐ.സി. യുടെ കൈയെഴുത്തു പ്രതിയുടെ ഒരു പകർപ്പു തയ്യാറാക്കുന്ന ചുമതല, കോളേജിൽ ഏതാനും നാൾമുമ്പ് നിയമിതനായ ശ്രീ.മാത്യു ഉലകംതറ ഏറ്റെടുത്തത് ഏറെ സഹായകരമായി. 1955 ഡിസംബറിൽ അച്ചടി പൂർത്തിയാക്കിയ ഗ്രന്ഥത്തിന്, ഐ.സി യുടെ സ്നേഹമസൃണമായ നിർബ്ബന്ധവശാൽ പ്രസ്താവന ഞാൻ എഴുതിച്ചേർക്കുകയുണ്ടായി. ആ പ്രസ്താവന വായിച്ച് അദ്ദേഹം എനിക്ക് ഇപ്രകാരം എഴുതി:

"It is indeed an illuminati[ve] 'Prastavana' and shows a careful stud[y] of Paniniyan system in general and 'Pradyotam' in particular. I know from my personal experience that when you have the time and convenience you can produce high class literary work."

1955 ഡിസംബർ 25-ാം തിയതി (ഐ.സി. യുടെ ജന്മ[ദി]നത്തിൽ) ഗ്രന്ഥത്തിന്റെ മൂന്നു കോപ്പി, പുളിങ്കുന്നിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ കൊണ്ടു ചെന്നു സമർപ്പിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ ആനന്ദം അവാച്യമായിരുന്നു. ഗ്രന്ഥത്തിന് പിന്നീട് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിക്കുകയുണ്ടായി. ശ്രീ.ഐ.സി. യുടെ 'വാല്മീകിയുടെ ലോകത്തിൽ' എന്നു പേരിട്ട രാമായണകഥാസംഗ്രഹവും 'ചില ശബ്ദങ്ങളും അവയുടെ രൂഢാർത്ഥങ്ങളും' എന്ന പഠന ഗ്രന്ഥവും പ്രസിദ്ധീകരിക്കുവാൻ എനിക്കു സാധിച്ചു.

## രാജകീയസന്ദർശനങ്ങൾ

ഞാൻ തേവരയിലായിരുന്ന കാലത്തുതന്നെയാണ് കോളേജിൽ രണ്ടു രാജകീയസന്ദർശനങ്ങൾ നടന്നത്. ഒരിക്കൽ കൊച്ചി രാജാവും മന്ത്രിമാരായ ഇക്കണ്ടവാരിയർ, ... അയ്യപ്പൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, സി. ആർ. ഇയ്യുണ്ണി, സി.എ.ഔസേഫ് എന്നിവരോടൊപ്പം കോളേജ് സന്ദർശിക്കുകയുണ്ടായി. പിന്നീടൊരിക്കൽ തിരുവിതാംകൂർ രാജപ്രമുഖൻ ശ്രീ. ചിത്തിരതിരുനാൾ രാമവർമ്മയാണ് തന്റെ സന്ദർശനം കൊണ്ട് കോളേജിനെ അനുഗ്രഹിച്ചത്. പ്രിൻസിപ്പൽ ഫാദർ തിയഡോഷ്യസ് ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ നാലഞ്ചു ശ്ലോകങ്ങളെഴുതി തിരുമനസ്സിലെ സാന്നിധ്യത്തിൽ ചൊല്ലി സ്വാഗതമാശംസിച്ചു. പത്തു മുപ്പതു കൊല്ലങ്ങൾക്കുശേഷം ഉദ്യോഗത്തിൽനിന്ന് വിരമിച്ച് ഞാൻ തിരുവനന്തപുരത്തു താമസിക്കുമ്പോൾ ഒരിക്കൽ രാജപ്രമുഖനെ മുഖം കാണിച്ച് എന്റെ രണ്ടു ഗ്രന്ഥങ്ങൾ (ക്രിസ്തുഭാഗവതവും, കഥാസരിത്സാഗര പരിഭാഷയും) തിരുമനസ്സിലേക്കു സമർപ്പിക്കുകയുണ്ടായി. അന്ന് ടത്തെ തേവരസന്ദർശനവേളയിൽ ഞാൻ ശ്ലോകം ചൊല്ലിയത് ഓർമ്മിച്ചുകൊണ്ട് മഹാരാജാവ്, നല്ല ഉച്ചാരണശുദ്ധി എന്നു കല്പിച്ചഭിനന്ദിക്കുകയുണ്ടായി. അഭിനന്ദനം എന്നെ ഹർഷപുളകിതനാക്കി.

## കർദ്ദിനാൾ ടിസറാൻറിന്റെ സന്ദർശനം

മാർപ്പാപ്പയുടെ പ്രതിനിധിയായി കേരളത്തിലെത്തിയ പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കാർഡിനൽ ടിസറാൻറ് തിരുമനസ്സുകൊണ്ട് തേവരകോളേജ് സന്ദർശിച്ച അവസരത്തിൽ , ഞാൻ 'ജയഭാരത'ത്തിന്റെ ആണ്ടുപതിപ്പുകൾ ... ങ്ങൾ അദ്ദേഹത്തിന് സമർപ്പിച്ചു. "I congratulate you

എന്ന് പലപ്രാവശ്യം പറഞ്ഞ് അദ്ദേഹം എന്നെ അഭിനന്ദിച്ചു. പിന്നീട് 'പ്രശസ്തി പഞ്ചക'മെന്നപേരിൽ അഞ്ച് സംസ്കൃത ശ്ലോകങ്ങൾ അദ്ദേഹത്തിന് റോമിലേക്ക് അയച്ചുകൊടുത്തു. നന്ദിസൂചകമായി ഒരു മറുപടി അദ്ദേഹം എനിക്കയച്ചു തന്നു. പ്രശസ്തി പദ്യങ്ങളിൽ ഒന്നിവിടെ ഉദ്ധരിക്കട്ടെ.

"സമ്രാജാ വിജിഗീഷുണാ ഖലു പുരാ
'നെപോലിയേനാ' ന്വനോ
രോർവീര്യേണ "പരന്തരീസ" പതിനാ
ക്രാന്താ ഭുവഃ പശ്ചിമാഃ
വിദ്വൽ കേസരിണാ സഭാപ്രഭുമണേ!
തദ്ദേശജേന ത്വയാ
പൗരസ്ത്യക്ഷിതിരദ്യ സാധു വിജിതാ
സ്നേഹപ്രഭാവാദ്ധ്രുവം".

## അത്യുന്നതിപ്രാപ്തരായ പൂർവ്വശിഷ്യന്മാർ

രാഷ്ട്രീയരംഗത്തും ഔദ്യോഗിക രംഗത്തും സാഹിത്യരംഗത്തും ആധ്യാത്മിക രംഗത്തുമെല്ലാം പിൽകാലത്ത് പ്രശസ്തരായിത്തീർന്ന പല വിദ്യാർത്ഥികളും തേവര കോളേജിൽ പഠനം നടത്തിയിട്ടുള്ളവരാണ്. സർവ്വശ്രീ. ബേബി ജോൺ, ബി. വെല്ലിംഗ്ടൺ, കെ. എം. മാണി, പി.പി. തങ്കച്ചൻ തുടങ്ങിയവർ രാഷ്ട്രീയ രംഗത്തെ ചിലർമാത്രം. സ്ഥിരോത്സാഹവും പഠനവ്യഗ്രതയും പ്രഭാഷണപടുതയും ജീവിതശുദ്ധിയും കൊണ്ട് പടിപടിയായി ഉയർന്ന് അത്യുന്നതപദത്തെ അധിരോഹണം ചെയ്ത ഒരു ബഹുമാന്യവിദ്യാർത്ഥിയെക്കുറിച്ച് പ്രസ്താവിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ - ഫാ.ജോസഫ് പാറേക്കാട്ടിൽ. മലയാളം ഐച്ഛികമായെടുത്ത് പ്രശസ്തവിജയം നേടി സത്യദീപം പത്രാധിപരായും എറണാകുളം അതിരൂപതാസഹായമെത്രാനായും മെത്രാപ്പോലീത്തയായും ഒടുവിൽ കേരളത്തിന്റെ പ്രഥമകർദ്ദിനാളായും ഉയർന്നത് കോളേജിന് സവിശേഷം അഭിമാനം ചാർത്തുന്നതാണല്ലോ. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം, പ്രാർത്ഥനാ ഗ്രന്ഥങ്ങൾ, തന്റെ ആത്മകഥ തുടങ്ങിയവയിലെ ഭാഷ പരിശോധിച്ച് അദ്ദേഹത്തിന്റെ വസതികളിൽ താമസിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. വിനീതമതിയായിരുന്ന അദ്ദേഹത്തിന്റെ സൗമനസ്യവും ജയഭാരതത്തിന് നല്കിയിട്ടുള്ള പ്രോത്സാഹനവും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് നിറുത്തട്ടെ. കോളേജിന്റെ സൗവർണ്ണജൂബിലിക്ക് എന്റെ ഹൃദയംഗമമായ ശുഭാശംസകൾ. ❑

*   *   *

സ്നേഹം കണ്ണുകൾകൊണ്ടല്ല, ഹൃദയംകൊണ്ടാണു നോക്കുന്നത്.

ഷേക്സ്പീയർ

*   *   *

നിയമങ്ങളുടെ അനുസരണത്തിലാണു സ്വാതന്ത്ര്യം നിലനില്ക്കുന്നത്.

ട്രോൻറൺ

*   *   *

സ്മരണകളുടെ പറുദീസായിൽ നിന്നും നമ്മെ ഇറക്കിവിടാൻ ആർക്കും സാദ്ധ്യമല്ല

റിച്ച്റ്റർ

# ഓർമ്മകൾ ഉണരുമ്പോൾ



പ്രൊഫ. എം. കൃഷ്ണൻകുട്ടിമേനോൻ

ഈ കലാലയവും ഞാനും തമ്മിലുള്ള ബന്ധത്തിന്റെയും സുവർണ്ണജൂബിലി ആയെന്നുള്ളത് അഭിമാനപൂർവം ഓർമ്മിക്കുന്നു. 1946-ലാണ് ബി. കോം. വിദ്യാർത്ഥിയായി ഞാൻ ഇവിടെ പ്രവേശിച്ചത്. അന്ന് മദ്രാസ് സർവ്വകലാശാലയുടെ കീഴിലുള്ള ഏറ്റവും പ്രൗഢമായ ഒരു കോഴ്സായിരുന്നു ബി. കോം. അതിൽ പ്രവേശനം കിട്ടുകയെന്നത് പരമാവധി ഭാഗ്യം ഉണ്ടെങ്കിൽ മാത്രം സാധിക്കുന്ന ഒരുകാര്യമായിരുന്നു. കോമേഴ്സിന്റെ അന്തസ്സും അന്നത്തെ കൊച്ചി രാജകുടുംബത്തിലെ രണ്ടു പ്രമുഖവ്യക്തികൾ അദ്ധ്യപകരായിരുന്നുവെന്നുള്ള വസ്തുതയും ചേർന്നപ്പോൾ ഈ കലാലയം മദ്രാസ്സർവ്വകലാശാലയുടെ അഭിമാനകേന്ദ്രമായി മാറി. ഡിഗ്രി എടുത്ത ഉടനെ ഞാൻ ഇവിടെ അദ്ധ്യാപകനായി ചേരുകയും ചെയ്തു.

ഈ കലാനിലയത്തിന്റെ പേരിൽ തന്നെ വ്യക്തമായി കാണാം, പരിശുദ്ധമായ ഒരു ഹൃദയം ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രകാശമാനമാക്കുമെന്ന്. ഒരു വിദ്യാർത്ഥി എന്ന നിലയ്ക്കും ഒരു ദീർഘകാല അദ്ധ്യാപകനെന്ന നിലയ്ക്കും ഈ കലാലയത്തിലെനിക്കുണ്ടായ അനുഭവങ്ങൾ ഈ തത്ത്വത്തെ എന്റെ ഹൃദയത്തിന്റെ ആഴത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. വിശുദ്ധമായ ഹൃദയമെന്നാൽ സർവ്വശക്തന്റെ ആവാസകേന്ദ്രമെന്നർത്ഥം. ആ ആദ്ധ്യാത്മികചൈതന്യത്തിന്റെ ദിവ്യപ്രകാശത്തിൽ വിദ്യയും ജ്ഞാനവും സംസ്കാരവും കൂടുതൽ അർത്ഥപൂർണ്ണമാകുന്നു. ലോകസേവനത്തിനുള്ള ഉപാധിയുമാകുന്നു.

അൻപതുകൊല്ലം മുമ്പ് രണ്ടോ മൂന്നോ പ്രധാനശാഖകൾമാത്രം ഉണ്ടായിരുന്ന ഈ കലാലയം ഇന്ന് അനവധി ശാഖകളുള്ള ഒരു വലിയ വൃക്ഷമായി പടർന്നുപന്തലിച്ചുനിൽക്കുകയാണ്. ആയിരക്കണക്കിനു വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഒരു താങ്ങും തണലുമായി നിൽക്കുന്ന ഈ വൃക്ഷത്തിന്റെ വളർച്ചയിൽ തുച്ഛമായ പങ്കുവഹിക്കാനുള്ള അവസരവും സൗഭാഗ്യവും സിദ്ധിച്ചത് എന്നെ സംബന്ധിച്ചിടത്തോളം വലിയൊരനുഗ്രഹമായി കരുതുന്നു.

മാനേജ്മെന്റ് ഒന്നുതന്നെയെങ്കിലും മാനേജർമാർ മാറിക്കൊണ്ടിരിക്കും. അതുപോലെ പ്രിൻസിപ്പൽമാരും ഇടയ്ക്കൊക്കെ മാറിക്കൊണ്ടിരുന്നു. ഇങ്ങനെ പല മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും കീഴിൽ ജോലി ചെയ്ത എനിക്ക് നല്ല നല്ല സ്മരണകൾ അല്ലാതെ ഒന്നും രേഖപ്പെടുത്താനില്ല. അദ്ധ്യാപകസംഘടന രൂപംകൊള്ളുന്നതിലും ഈ മാനേജ്മെന്റും പ്രിൻസിപ്പൽമാരും ഒരിക്കലും എതിരു നിന്നിട്ടില്ല. അത്ര വിശാലമായൊരു ഹൃദയത്തിന്റെ ഉടമകളായിരുന്നു - ഇന്നും അതുപോലെ തന്നെ - ഈ കലാലയത്തിന്റെ ചുക്കാൻ പിടിച്ചിരുന്നവരെല്ലാം തന്നെ. 1980 ൽ ജോലിയിൽ നിന്നു വിരമിച്ചെങ്കിലും കഴിഞ്ഞ പതിഞ്ചു വർഷമായി ഈ സ്ഥാപനവുമായി നിരന്തര സമ്പർക്കം പുലർത്തുവാനെനിക്കു കഴിഞ്ഞിട്ടുണ്ട്.

വളരെയധികം രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ ഈ കലാലയത്തിന്റെ മതിൽക്കെട്ടിനകത്തു വന്നലച്ചിട്ടുണ്ടെങ്കിലും, അദ്ധ്യാപകാദ്ധ്യേതാക്കൾ തമ്മിലുള്ള സൗഹൃദബന്ധത്തിനൊരിക്കലും ഉലച്ചിൽ സംഭവിച്ചിട്ടില്ല. അങ്ങനെ അച്ചടക്കം, സദാചാരബോധം, അദ്ധ്യയനനിലവാരം എന്നീകാര്യങ്ങളിൽ ഈ കലാലയം എന്നും തലപൊക്കിയാണ് നിന്നിരുന്നത്. വിദ്യയും വൈദ്യവും വാണിജ്യച്ചരക്കുകളായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തെ സമുന്നത നിലവാരത്തിൽ കരുതിവരുന്ന ചുരുക്കം സ്ഥാപനങ്ങളിൽ ഒന്നാണീ വിദ്യാലയം. ഇനിയും ഈ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ സർവശക്തൻ അനുഗ്രഹിക്കട്ടെ!

ചരിത്രവും വാണിജ്യവും ഗണിതശാസ്ത്രവും, കമ്പ്യൂട്ടർ പഠനവും ഊർജ്ജതന്ത്രവും രസതന്ത്രവും ജന്തുശാസ്ത്രവും സസ്യശാസ്ത്രവും സാഹിത്യവും കായികാഭ്യാസ വിനോദങ്ങളും - ഇങ്ങനെയല്ലാശാഖകളും പൂത്തുലഞ്ഞു നില്ക്കുന്ന ഈ സരസ്വതി ക്ഷേത്രം മേൽക്കുമേൽ അഭിവൃദ്ധിയിലേക്കും ഐശ്വര്യത്തിലേക്കും കുതിച്ചുയരട്ടെ എന്നുള്ള ആശംസകളോടെ എന്റെ ഓർമ്മക്കുറിപ്പുകൾ നിറുത്തുന്നു.

---

വിദ്യാർത്ഥിയായിരുന്ന ലേഖകൻ ദീർഘകാലം ഈ കോളേജിൽ കോമേഴ്സ് പ്രൊഫസ്സറായിരുന്നു.

# ഒരുപിടി ഓർമ്മകൾ



ശ്രീ. പി.പി തങ്കച്ചൻ

ഓർമ്മകളുടെ ചെപ്പ് മെല്ലെ തുറക്കുമ്പോൾ, എന്റെ കലാലയജീവിതത്തിലെ സുഖകരമായ നിരവധി ഓർമ്മകൾ മനസ്സിൽ ഓടിയെത്തുന്നു. അവ്യക്തമായ ഒരു ഗൃഹാതുരത്വം എന്നെ മെല്ലെ ഗ്രസിക്കുന്നതുപോലെ തോന്നുന്നു. തേവര സേക്രട് ഹാർട്ട് കോളേജിലെ എന്റെ വിദ്യാർത്ഥിജീവിതത്തിൽ മറക്കാനാവാത്ത നിരവധി സന്ദർഭങ്ങളും സംഭവങ്ങളും ഉണ്ട്. അവയെല്ലാം അടുക്കോടും ചിട്ടയോടും കൂടി രേഖപ്പെടുത്താൻ ആഗ്രഹമുണ്ടെങ്കിലും, സമയവും സാവകാശവും കുറവായ ഇന്നത്തെ സാഹചര്യത്തിൽ ഞാൻ അതിന് മുതിരുന്നില്ല. ഓർമ്മയിൽ ഓടിയെത്തുന്ന ചില കാര്യങ്ങൾ മാത്രമേ ഇവിടെ കുറിക്കുന്നുള്ളു.

കലാപകലുഷിതമല്ലാത്ത കലാലയാന്തരീക്ഷവും, വിദ്യാർത്ഥികളോട് വാത്സല്യവും സ്നേഹവും കൈമുതലായുള്ള ഗുരുനാഥന്മാരും ഇന്നും ഒളിമങ്ങാതെ എന്റെ ഓർമ്മയിൽ തന്നെ നിൽക്കുന്നു.

1953 മാർച്ചിലാണ് ഞാൻ S.S.L.Cപരീക്ഷ എഴുതിയത് . നല്ല മാർക്കോടുകൂടി പാസ്സാകുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. കോളേജ്‌വിദ്യാഭ്യാസം S.H കോളേജിൽ തന്നെ വേണമെന്ന കാര്യവും ഞാൻ തീരുമാനിച്ചിരുന്നു. അപ്രകാരമൊരു തീരുമാനം എടുക്കുവാൻ ചില പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു. തേവരകോളേജിനെക്കുറിച്ച് ഞാൻ വളരെ നേരത്തെ തന്നെ കേട്ടിരുന്നു. എന്റെ അടുത്ത ബന്ധുക്കളിൽ പലരും അവിടെ സീനിയർ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടായിരുന്നു. പോരാത്തതിന്, എന്റെ വീടിനടുത്തുള്ള ആളായിരുന്നു അന്നത്തെ പ്രിൻസിപ്പാൾ ഫാദർ തിയോബോൾഡ്." സർവ്വോപരി, പ്രശസ്തമായ മദ്രാസ് സർവ്വകലാശാലയുമായി അഫിലിയേഷൻ ഉള്ള ചുരുക്കം കോളേജുകളിൽ ഒന്നായിരുന്നു തേവര S.H കോളേജ്.

S.S.L.C പരീക്ഷാഫലം പുറത്തു വന്നു. ഞാൻ പരീക്ഷ പാസ്സായി. പ്രതീക്ഷച്ചത്ര മാർക്ക് നേടുവാൻ എനിക്ക് കഴിഞ്ഞില്ല. മെഡിസിനു പോകാൻ താൽപര്യം ഉള്ളതുകൊണ്ട് സെക്കൻറ് ഗ്രൂപ്പെടുത്ത് പഠിക്കുവാനാണ് ആഗ്രഹിച്ചതെങ്കിലും, മാർക്കുകുറവായതിനാൽ അതിനു കഴിഞ്ഞില്ല. തേർഡ് ഗ്രൂപ്പിനാണ് അഡ്മിഷൻ കിട്ടിയത്. അതിൽ പഠനം ആരംഭിക്കുകയും ചെയ്തു.

പൊതുപ്രവർത്തനത്തിലും രാഷ്ട്രീയത്തിലും ഉള്ള താൽപര്യം കൊണ്ടാവാം, തിരിഞ്ഞുനോക്കുമ്പോൾ ഇന്നും ഓർമ്മയിൽ പ്രകാശമാനമയി നിൽക്കുന്നത് അന്നത്തെ കോളേജ്‌യൂണിയൻ തെരഞ്ഞെടുപ്പുകളാണ്. വളരെ ജനാധിപത്യപരമായ ഒരു തെരഞ്ഞെടുപ്പു സംമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത്. സ്പർദ്ധ ലേശം പോലും വളരാൻ അനുവദിക്കാത്ത ആരോഗ്യകരമായ മത്സരങ്ങളായിരുന്നു അന്നത്തെ ഇലക്ഷന്റെ പ്രത്യേകത.

ചെയർമാന്റയും ജനറൽ സെക്രട്ടറിയുടെയും സ്ഥാനങ്ങളായിരുന്നു പ്രധാനപ്പെട്ടവ. കീഴ്‌വഴക്കം അനുസരിച്ച്, ചെയർമാൻ സ്ഥാനത്തേയ്ക്കു മത്സരിക്കുന്നത് സീനിയർ ആയിട്ടുള്ള വിദ്യാർത്ഥികളായിരുന്നു. ജനറൽസെക്രട്ടറി സ്ഥാനത്തേക്ക് ജൂനിയർ ആയിട്ടുള്ളവരും. ചെയർമാൻസ്ഥാനത്തേയ്ക്ക് നോമിനേഷൻ കൊടുക്കുന്നവർ നിരവധി ഉണ്ടാകും. അതുപോലെ തന്നെ ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്കും. രാഷ്ട്രീയ പ്രതിബദ്ധത ഈ തെരഞ്ഞെടുപ്പുകളിൽ ഒരു ഘടകമേ ആയിരുന്നില്ല. സ്ഥാനാർത്ഥികളുടെ സ്വഭാവത്തിനും കഴിവിനും ആയിരുന്നു പ്രാധാന്യവും പ്രസക്തിയും.

---

*ഈ കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ ലേഖകൻ മുൻ നിയമസഭാസ്പീക്കറും ഇപ്പോൾ കൃഷിവകുപ്പു മന്ത്രിയുമാണ്.*

ചെയർമാൻ സ്ഥാനങ്ങളിലേക്ക് നോമിനേഷൻ സമർപ്പിച്ചവരെ (സാധാരണ പത്തുപേരോളം വരെയുണ്ടാവും) ഒരു പൊതുവേദിയിൽ അണിനിരത്തുന്നു. ഇവർ ഓരോരുത്തരായി ആ പൊതുവേദിയിൽ നിന്നുകൊണ്ട് സഹപാഠികളെ അഭിസംബോധന ചെയ്യുന്നു. സ്ഥാനാർത്ഥികളുടെ പ്രസംഗപാടവത്തിന്റെയും, വ്യക്തിവൈശിഷ്ട്യത്തിന്റെയും മാറ്റ് ഉരയ്ക്കപ്പെടുന്ന സന്ദർഭമാണിത്. അവരുടെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ പേരെ മത്സരത്തിനായി തെരഞ്ഞെടുക്കുന്നു. ഇപ്രകാരം ഒരു പ്രാഥമിക സ്ക്രീനിംഗിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് അന്തിമമായി മത്സരരംഗത്ത് വരുന്നതും ഏറ്റുമുട്ടുന്നതും. ഇതേ രീതി തന്നെയാണ് ജനറൽ സെക്രട്ടറിയുടെ കാര്യത്തിലും അവലംബിക്കുന്നത്. ഹോസ്റ്റൽ അന്തേവാസികൾ-ഡേ സ്കോളേഴ്സ് എന്ന ചേരിതിരിവ് ചില സന്ദർഭങ്ങളിൽ തെരഞ്ഞെടുപ്പുകളെ ബാധിച്ചിട്ടുള്ളതായി നേരിയ ഓർമ്മ ഇന്നെനിയ്ക്കുണ്ട്.

നിരവധി ക്ലബ്ബുകളും അസോസിയേഷനുകളും അന്ന് കോളേജിൽ നിലവിലുണ്ടായിരുന്നു. ഫോട്ടോഗ്രാഫിക് ക്ലബ്ബ്, ജിംനാസ്റ്റിക് ക്ലബ്ബ്, പെയിൻറിങ്ങ് ക്ലബ്ബ്, മലയാളം അസോസിയേഷൻ, സോഷ്യൽ സർവ്വീസ് അസോസിയേഷൻ, മൂട്ട് ക്ലബ്ബ്, ഹിസ്റ്ററി അസോസിയേഷൻ തുടങ്ങിയവ അവയിൽ ചിലതുമാത്രം. ഓരോരുത്തരുടെ അഭിരുചിയ്ക്കും താൽപര്യത്തിനും അനുസരണമായി നിലവിലുള്ള ക്ലബ്ബുകളിലും അസോസിയേഷനുകളിലും ചേരാം. ഇവിടെ ഒരു കാര്യം ഞാൻ പ്രത്യേകമായി എടുത്തു പറയട്ടെ. ഈ ക്ലബ്ബുകളും അസോസിയേഷനും എല്ലാം തന്നെ ആത്മാർത്ഥവും കർമ്മനിരതവുമായ പ്രവർത്തനം കാഴ്ചവെച്ചിരുന്നു. ചടങ്ങിനുവേണ്ടി മാത്രം ക്ലബ്ബുകളും അസോസിയേഷനുകളും രൂപികരിക്കുകയും പ്രവർത്തനരഹിതമായി നിലകൊണ്ടശേഷം അദ്ധ്യയന വർഷാവസാനം ഒരു സമാപനസമ്മേളനം നടത്തി തൃപ്തിയടയുകയും ചെയ്യുന്ന പ്രവർത്തനശൈലി അന്ന് അന്യമായിരുന്നു.

B.A യ്ക്കു പഠിക്കുന്ന കാലത്ത് ഞാൻ മലയാളം അസോസിയേഷന്റെ സെക്രട്ടറിയായിരുന്നു. എന്റെ നേരിയ ഓർമ്മ, ബഹുമാന്യനായ മുൻ MLA ശ്രീ ഒ. ലൂക്കോസായിരുന്നു അസോസിയേഷന്റെ പ്രസിഡൻറ് എന്നാണ്. അന്നെടുത്ത ഒരു ഫോട്ടോ ചില്ലിട്ട് ഇന്നും ഞാൻ നിധിപോലെ സൂക്ഷിക്കുന്നു. ഇതെഴുതുമ്പോൾ അതെന്റെ കിടപ്പുമുറിയിലെ മേശയ്ക്കരുകിൽ ഉണ്ട്. ആ ചിത്രത്തിലുള്ള ചിലരൊക്കെ ഇന്ന് മൺമറഞ്ഞു പോയി. ചിത്രത്തിൽ ഒരാൾ എന്റെ അഭിവന്ദ്യഗുരുനാഥനായ പ്രൊഫസർ ... യാണ്. അദ്ദേഹം ഇന്നും കർമ്മനിരതനാണ്. അദ്ദേഹത്തിന്റെ ചെറുപ്പകാലത്തുള്ള ഈ ചിത്രം കൗതുകകരമാണ്. ഒരു കാര്യം ഞാൻ തുറന്നുപറയട്ടെ. എന്നെ സംബന്ധിച്ചിടത്തോളം ഈ ചിത്രം വിലമതിക്കാനാവാത്ത ഒരു നിധി തന്നെയാണ്.

ജൂനിയർ-സീനിയർ സെക്ഷനുകളിലായി ഫസ്റ്റ് ഇയർ, സെക്കൻറ് ഇയർ, തേർഡ് ഇയർ തുടങ്ങി ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് "Best Student Merit Award" നൽകുന്ന ഒരു പതിവ് അന്നുണ്ടായിരുന്നു. പരീക്ഷയിൽ കിട്ടുന്ന മാർക്കുകൾ ഒരു ഘടകമായിരുന്നെങ്കിലും, അവയുടെ മാത്രം അടിസ്ഥാനത്തിൽ ആയിരുന്നില്ല ഈ അവാർഡുകൾ നൽകിയിരുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. വിദ്യാർത്ഥികളുടെ സ്വഭാവശുദ്ധി, പാഠ്യേതരമേഖലകളിൽ പ്രകടിപ്പിക്കുന്ന പാടവം ഇവയ്ക്കും ഗണ്യമായ പരിഗണന നൽകിയിരുന്നു. കോളേജ് ആനിവേഴ്സറി ദിനത്തിലാണ് ഈ അവാർഡുകൾ നൽകിയിരുന്നത്. എന്റെ BA പഠനകാലത്ത് ഒരു അദ്ധ്യയന വർഷം Best Student Merit Award കിട്ടുവാനുള്ള ഭാഗ്യം എനിയ്ക്ക് സിദ്ധിക്കുകയുണ്ടായി. അത് ഇന്നും ഞാൻ അഭിമാനപുരസ്സരം ഓർമ്മിക്കുന്നു. ആനിവേഴ്സറി ദിനത്തിൽ അവാർഡ് ഏറ്റുവാങ്ങിയ രംഗം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

ഒരു വിദ്യാർത്ഥിയ്ക്കുള്ള കഴിവ് കണ്ടെത്താനും വികസിപ്പിക്കുവാനും, അത് പ്രകടിപ്പിക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുവാനും കോളേജിന് അന്ന് കഴിഞ്ഞിരുന്നു. വ്യക്തിഗതമായി ശ്രദ്ധയും പ്രോത്സാഹനവും അന്ന് കിട്ടിയിരുന്നു എന്ന സത്യം ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ആശ്ചര്യകരമായി തോന്നുന്നു. തേവര കോളേജിന്റെ ഒരു മുഖമുദ്ര തന്നെയാണ് ഈ പറയുന്ന അച്ചടക്കം. എന്ന നല്ല ഗുണം അഭ്യസിച്ചത് അക്ഷരാർത്ഥത്തിൽ തേവര കോളേജിൽ നിന്നുമാണ്. പൂർവ്വ വിദ്യാർത്ഥികളെല്ലാം ഒരേ സ്വരത്തിൽ ഇക്കാര്യം സമ്മതിക്കുമെന്നെനിയ്ക്ക് ഉറപ്പുണ്ട്.

കായികരംഗത്ത് അക്കാലത്ത് കോളേജ് കൈവരിച്ച നേട്ടങ്ങൾ അഭിമാനാർഹങ്ങളായിരുന്നു. ഫുട്ബോൾ മത്സരങ്ങളിലും ബാസ്ക്കറ്റ് ബാൾ മത്സരങ്ങളിലും മിക്കവാറും സർവ്വകലാശാലയിൽ ഒന്നാം സ്ഥാനമായിരുന്നു തേവര കോളേജിന്.

എന്നെ ഹഠാദാകർഷിച്ചിട്ടുള്ള ഒരു കാര്യം കൃഷി...

ചെയർമാൻ സ്ഥാനത്തേയ്ക്ക് നോമിനേഷൻ സമർപ്പിച്ചവരെ (സാധാരണ പത്തുപേരോളം വരെയുണ്ടാവും) ഒരു പൊതുവേദിയിൽ അണിനിരത്തുന്നു. ഇവർ ഓരോരുത്തരായി ആ പൊതുവേദിയിൽ നിന്നുകൊണ്ട് സഹപാഠികളെ അഭിസംബോധന ചെയ്യുന്നു. സ്ഥാനാർത്ഥികളുടെ പ്രസംഗപാടവത്തിന്റെയും, വ്യക്തിവൈശിഷ്ട്യത്തിന്റെയും മാറ്റ് ഉരയ്ക്കപ്പെടുന്ന സന്ദർഭമാണിത്. അവരുടെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ പേരെ മത്സരത്തിനായി തെരഞ്ഞെടുക്കുന്നു. ഇപ്രകാരം ഒരു പ്രാഥമിക സ്ക്രീനിംഗിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് അന്തിമമായി മത്സരരംഗത്ത് വരുന്നതും ഏറ്റുമുട്ടുന്നതും. ഇതേ രീതി തന്നെയാണ് ജനറൽ സെക്രട്ടറിയുടെ കാര്യത്തിലും അവലംബിക്കുന്നത്. ഹോസ്റ്റൽ അന്തേവാസികൾ-ഡേ സ്കോളേഴ്സ് എന്ന ചേരിതിരിവ് ചില സന്ദർഭങ്ങളിൽ തെരഞ്ഞെടുപ്പുകളെ ബാധിച്ചിട്ടുള്ളതായി നേരിയ ഓർമ്മ ഇന്നെനിയ്ക്കുണ്ട്.

നിരവധി ക്ലബ്ബുകളും അസോസിയേഷനുകളും അന്ന് കോളേജിൽ നിലവിലുണ്ടായിരുന്നു. ഫോട്ടോഗ്രാഫിക് ക്ലബ്ബ്, ജിംനാസ്റ്റിക് ക്ലബ്ബ്, പെയിന്റിങ്ങ് ക്ലബ്ബ്, മലയാളം അസോസിയേഷൻ, സോഷ്യൽ സർവ്വീസ് അസോസിയേഷൻ, മൂട്ട് ക്ലബ്ബ്, ഹിസ്റ്ററി അസോസിഷേൻ തുടങ്ങിയവ അവയിൽ ചിലതുമാത്രം. ഓരോരുത്തരുടെ അഭിരുചിയ്ക്കും താൽപര്യത്തിനും അനുസരണമായി നിലവിലുള്ള ക്ലബ്ബുകളിലും അസോസിയേഷനുകളിലും ചേരാം. ഇവിടെ ഒരു കാര്യം ഞാൻ പ്രത്യേകമായി എടുത്തു പറയട്ടെ. ഈ ക്ലബ്ബുകളും അസോസിയേഷനും എല്ലാം തന്നെ ആത്മാർത്ഥവും കർമ്മനിരതവുമായ പ്രവർത്തനം കാഴ്ചവെച്ചിരുന്നു. ചടങ്ങിനുവേണ്ടി മാത്രം ക്ലബ്ബുകളും അസോസിയേഷനുകളും രൂപികരിക്കുകയും പ്രവർത്തനരഹിതമായി നിലകൊണ്ടശേഷം അദ്ധ്യയന വർഷാവസാനം ഒരു സമാപനസമ്മേളനം നടത്തി തൃപ്തിയടയുകയും ചെയ്യുന്ന പ്രവർത്തനശൈലി അന്ന് അന്യമായിരുന്നു.

B.A യ്ക്കു പഠിക്കുന്ന കാലത്ത് ഞാൻ മലയാളം അസോസിയേഷന്റെ സെക്രട്ടറിയായിരുന്നു. എന്റെ നേരിയ ഓർമ്മ, ബഹുമാന്യനായ മുൻ MLA ശ്രീ ഒ. ലൂക്കോസായിരുന്നു അസോസിയേഷന്റെ പ്രസിഡന്റ് എന്നാണ്. അന്നെടുത്ത ഒരു ഫോട്ടോ ചില്ലിട്ട് ഇന്നും ഞാൻ നിധിപോലെ സൂക്ഷിക്കുന്നു. ഇതെഴുതുമ്പോൾ അതെന്റെ കിടപ്പുമുറിയിലെ മേശയ്ക്കരുകിൽ ഉണ്ട്. ആ ചിത്രത്തിലുള്ള ചിലരൊക്കെ ഇന്ന് മൺമറഞ്ഞു പോയി. ചിത്രത്തിൽ ഒരാൾ എന്റെ അഭിവന്ദ്യഗുരുനാഥനായ പ്രൊഫസ്സർ ദേവസ്യയാണ്. അദ്ദേഹം ഇന്നും കർമ്മനിരതനാണ്. അദ്ദേഹത്തിന്റെ ചെറുപ്പകാലത്തുള്ള ഈ ചിത്രം കാണുന്നത് കൗതുകകരമാണ്. ഒരു കാര്യം ഞാൻ തുറന്നുപറയട്ടെ, എന്നെ സംബന്ധിച്ചിടത്തോളം ഈ ചിത്രം വിലമതിക്കാനാവാത്ത ഒരു നിധി തന്നെയാണ്.

ജൂനിയർ-സീനിയർ സെക്ഷനുകളിലായി ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ, തേർഡ് ഇയർ തുടങ്ങി ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് "Best Student Merit Award" നൽകുന്ന ഒരു പതിവ് അന്നുണ്ടായിരുന്നു. പരീക്ഷയിൽ കിട്ടുന്ന മാർക്കുകൾ ഒരു ഘടകമായിരുന്നെങ്കിലും, അവയുടെ മാത്രം അടിസ്ഥാനത്തിൽ ആയിരുന്നില്ല ഈ അവാർഡുകൾ നൽകിയിരുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. വിദ്യാർത്ഥികളുടെ സ്വഭാവശുദ്ധി, പാഠ്യേതരമേഖലകളിൽ പ്രകടിപ്പിക്കുന്ന പാടവം ഇവയ്ക്കും ഗണ്യമായ പരിഗണന നൽകിയിരുന്നു. കോളേജ് അനിവേഴ്സറി ദിനത്തിലാണ് ഈ അവാർഡുകൾ നൽകിയിരുന്നത്. എന്റെ BA പഠന കാലത്ത് ഒരു അദ്ധ്യയന വർഷം Best Student Merit Award കിട്ടുവാനുള്ള ഭാഗ്യം എനിയ്ക്ക് സിദ്ധിക്കുകയുണ്ടായി. അത് ഇന്നും ഞാൻ അഭിമാനപുരസ്സരം ഓർമ്മിക്കുന്നു. അനിവേഴ്സറി ദിനത്തിൽ അവാർഡ് ഏറ്റുവാങ്ങിയ രംഗം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

ഒരു വിദ്യാർത്ഥിയ്ക്കുള്ള കഴിവ് കണ്ടെത്താനും വികസിപ്പിക്കുവാനും, അത് പ്രകടിപ്പിക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുവാനും കോളേജിന് അന്ന് കഴിഞ്ഞിരുന്നു. വ്യക്തിഗതമായി ശ്രദ്ധയും പ്രോത്സാഹനവും അന്ന് കിട്ടിയിരുന്നു എന്ന സത്യം ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ആശ്ചര്യകരമായി തോന്നുന്നു. തേവര കോളേജിന്റെ ഒരു മുഖമുദ്ര തന്നെയാണ് ഈ പ്രത്യേകത. അച്ചടക്കം എന്ന നല്ല ഗുണം അഭ്യസിച്ചത് അക്ഷരാർത്ഥത്തിൽ തേവര കോളേജിൽ നിന്നുമാണ്. പൂർവ്വ വിദ്യാർത്ഥികളെല്ലാം ഒരേ സ്വരത്തിൽ ഇക്കാര്യം സമ്മതിക്കുമെന്നെനിയ്ക്ക് ഉറപ്പുണ്ട്.

കായികരംഗത്ത് അക്കാലത്ത് കോളേജ് കൈവരിച്ച നേട്ടങ്ങൾ അഭിമാനാർഹങ്ങളായിരുന്നു. ഫുട്ബോൾ മത്സരങ്ങളിലും ബാസ്കറ്റ് ബാൾ മത്സരങ്ങളിലും മു... സർവ്വകലാശാലയിൽ ഒന്നാം സ്ഥാനമായിരുന്നു തേവര കോളേജിന്.

എന്നെ ഹഠാദാകർഷിച്ചിട്ടുള്ള ഒരു കാര്യം കൂടി ...

...ന്, ഇപ്പോ കേരളത്തിലെ ഏതു പ്രദേശത്തു ചെന്നാലും തേവരകോളേജിലെ ഒരു സതീർത്ഥ്യനെ കണ്ടുമുട്ടാറുണ്ട്. ...ന്നില്ല, കാരണം, കേരളത്തിലെ ...ദേശങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾ എല്ലാ ...കോളേജിൽ അന്നുണ്ടായിരുന്നു എന്നതുതന്നെ. ജീവി...ത്തിന്റെ വിവിധങ്ങളായ മേഖലകളിലും ...യിൽ സന്തോഷകരമായി സമ്പർക്കം [illegible] ...ന്ദിക്കുന്നു സാക്ഷിയാകുവാൻ പലപ്പോഴും കഴിഞ്ഞിട്ടുണ്ട് ...മായും പാരിതാർത്ഥ്യത്തോടുകൂടി ഞാൻ ഓർമ്മി...ക്കുന്നു.

ഞാൻ പഠിച്ചിരുന്ന കാലഘട്ടത്തിനു തൊട്ടുമുമ്പുള്ള ...ങ്ങളിൽ പഠിച്ച എന്റെ സീനിയേഴ്സ് സ്വാ...തന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തവരായിരുന്നു. ...തേവരഭാഗത്തുവച്ച് സർ സി.പി യെ കല്ലെറിയുവാനും ...പ്രതിഷേധപ്രകടനം നടത്തുവാനും പോയ കുട്ടികളുടെ ...കഥകൾ ഞങ്ങൾക്ക് അന്ന് ആവേശം പകർന്നവയായി...രുന്നു.

വിവേചനത്തിനെതിരെ ശബ്ദം ഉയർത്തുകയും പോ...രാടുകയും ചെയ്ത ഒരു സംഭവം കൂടി ഓർമ്മയിൽ വരുന്നു "ഒരു യൂറോപ്പിയൻ മെസ്സിന്റെ കഥ." ധനാഢ്യന്മാരുടെ ...മക്കൾക്കുവേണ്ടി മാത്രം അക്കാലത്ത് കോളേജ് ഹോ...സ്റ്റലിൽ ഒരു മെസ് ആരംഭിച്ചു. വിവേചനം ഉച്ചൈസ്തരം ...വിളംബരം ചെയ്യുന്ന ഈ ക്രമീകരണത്തിനെതിരെ പ്രക്ഷോ...ഭം ആരംഭിച്ചു. അതു വിജയിക്കുകയും ചെയ്തു. യൂറോ...പ്പിയൻ മെസ് അങ്ങനെ അടച്ചുപൂട്ടി.

തേവരകോളേജുമായി ബന്ധപ്പെട്ട ഓർമ്മകൾ ...അയവിറയുമ്പോൾ ചില വ്യക്തികൾ മുന്നിൽ വരുന്നു. മികച്ച ...പാർലമെന്റേറിയന്മാർ എന്ന ഖ്യാതി നേടിയ സർവ്വശ്രീ ...ബേബി ജോൺ, കെ.എം മാണി, എം.എം ജേക്കബ് ...എന്നിവർ തേവരക്കോളേജിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ...എന്റെ സീനിയേഴ്സായിരുന്നു അവർ. ഈ വിഭാ...ഗത്തിൽപ്പെടുന്ന പാർലമെന്റംഗം പ്രൊഫ. കെ.വി തോമസ്സ് ...എന്റെ ജൂനിയറായി തേവരകോളേജിൽ ഉണ്ടായിരുന്നു. ... പി.ജെ ജോസഫ്, ഒ. ലൂക്കോസ്, പി.സി ജോസഫ്, ...പി.സി ജോർജ് തുടങ്ങിയ മുൻ നിയമസഭാസാമാജികന്മാ...രും പൂർവ്വവിദ്യാർത്ഥികളുടെ കൂട്ടത്തിൽ ശ്രദ്ധേയരാണ്. ...ഇനിയുമുണ്ട് നിരവധിപേർ.

ഓർമ്മയുടെ ഏടുകൾ മറിയ്ക്കുമ്പോൾ രാഷ്ട്രീയവു...മായി ബന്ധമില്ലാത്ത പ്രഗല്ഭരായ നിരവധിവ്യക്തികളുടെ ചിത്രങ്ങൾ തെളിഞ്ഞു വരുന്നു. അവരിൽ പലരും അധ്യാപകരായിരുന്നു. എന്റെ ഇംഗ്ലീഷ് അധ്യാപകനായിരുന്ന രാമസ്വാമിമേനോൻ അവരിൽ ഒരാൾ മാത്രം. മേനോൻ സാറിന്റെ ക്ലാസ്സുകൾ ഇന്നും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. പിൽക്കാലത്ത് അദ്ദേഹം IAS കേഡറിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ഭരണരംഗത്തേക്ക് മാറുകയും ചെയ്തു. പ്രൊഫസർമാരായ സിറിയക്, എബ്രാഹം കുര്യൻ, ദേവസ്യ, സെബാസ്റ്റ്യൻ എന്നിവരുടെ ചിത്രം സദാ എന്റെ മനസ്സിൽ ഉണ്ട്.

ഞാൻ പഠിക്കുന്നകാലത്ത് കോളേജിന്റെ ബർസാർ ഫാദർ മെലെഷ്യസ് ആയിരുന്നു. കറുകുറ്റി സ്വദേശിയും എന്റെ കുടുംബക്കാരനുംകൂടിയായ അദ്ദേഹം, പിൽക്കാലത്ത് അദ്ദേഹം ഉൾപ്പെടുന്ന സന്യാസിസമൂഹത്തിന്റെ തലവനായി ഉയർത്തപ്പെടുകയുണ്ടായി. ഞാൻ കേരളനിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ ഞാൻ അദ്ദേഹത്തെ നേരിൽപ്പോയി കാണുകയും, ഏറെ നേരം അദ്ദേഹത്തോടൊപ്പം ചിലവഴിക്കുകയും അദ്ദേഹത്തിന്റെ ആശീർവാദം ഏറ്റുവാങ്ങുകയും ചെയ്ത കാര്യം ഓർത്തുപോകുന്നു. കാൻസർ രോഗബാധിതനായി അദ്ദേഹം കാലംചെയ്തപ്പോൾ അത് തികച്ചും വ്യക്തിഗതമായ ഒരു ദുഃഖമായി എനിയ്ക്ക് അനുഭവപ്പെട്ടു.

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ ചെയർമാൻ, പ്രതിപക്ഷനേതാവ്, കേരളനിയമസഭയുടെ സ്പീക്കർ, സംസ്ഥാന കൃഷിവകുപ്പു മന്ത്രി എന്നീ സ്ഥാനങ്ങളിൽ നിയോഗിക്കപ്പെടുവാനും, ഈ കർമ്മരംഗങ്ങളിലെല്ലാം ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി പ്രവർത്തിക്കുവാനും എനിയ്ക്ക് കഴിഞ്ഞത് കലാലയത്തിൽ നിന്നും ലഭിച്ച ശിക്ഷണവും അവിടെനിന്നും സ്വാംശീകരിക്കുവാൻ കഴിഞ്ഞ ഉന്നതമൂല്യങ്ങളും വഴിയാണ്. എന്നെ ഞാനാക്കിത്തീർത്ത ഈ കലാലയത്തോട് എനിയ്ക്കുള്ള സ്നേഹവും കടപ്പാടും നിസ്സീമമാണ്.

മൺമറഞ്ഞുപോയ ഗുരുനാഥന്മാരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ജീവിച്ചിരിക്കുന്നവരുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ചിന്നിച്ചിതറിക്കിടന്നിരുന്ന ഒരു പിടി ഓർമ്മകളെ തുന്നിച്ചേർത്തുകൊണ്ടുള്ള ഈ ചെറിയ കുറിപ്പ് ഞാൻ ഉപസംഹരിക്കട്ടെ. ◻

# തിരിഞ്ഞുനോക്കിപ്പോകുന്നു



പ്രൊഫ. പി. ആർ. മുരളീധരൻ

തേവര കോളേജ് സുവർണ്ണജൂബിലി സ്മരണികയിലേയ്ക്ക് ഒരു ലേഖനം എഴുതണമെന്ന് ആവശ്യപ്പെട്ടപ്പോൾ അല്പമൊരു ചാഞ്ചല്യം എനിക്കുണ്ടായി. ഏകദേശം ഇരുപത്തിയേഴു വർഷം നീണ്ടുനിന്ന അദ്ധ്യാപകജീവിതമാണോ, കേവലം നാലുവർഷത്തെ വിദ്യാർത്ഥി ജീവിതമണോ ഹൃദ്യം എന്നതായിരുന്നു ചിന്താവിഷയം. സമാന്യം ദീർഘമായ അദ്ധ്യാപകജീവിതത്തിൽ മനസ്സിനെ തരളമാക്കുന്നതോ, ഓർമകളെ പുളകമണിയിക്കുന്നതോ ആയ വല്ലതുമൊന്നും ഉണ്ടെന്നു തോന്നിയില്ല. മറിച്ച്, വിദ്യാർത്ഥി ജീവിതം ഇന്നും പച്ചപിടിച്ചു നില്ക്കുന്നു. അതുകൊണ്ട് വിദ്യാർത്ഥി ജീവിതം തന്നെയാകാം പ്രമേയം എന്നുകരുതി.

തേവര കോളേജ് എല്ലാതരത്തിലും മികച്ചുനിന്ന ഒരു കാലഘട്ടമാണ് അറുപതുകളുടെ ആദ്യമൂന്നുപാദങ്ങൾ. 1944മുതൽ 1969 വരെയുള്ള 25 വർഷക്കാലം മൊത്തത്തിൽ തന്നെ വ്യത്യസ്തമായ സ്വഭാവവിശേഷങ്ങൾ വച്ചുപുലർത്തിയ ഒന്നായിരുന്നു. അക്കാലത്തിവിടെ നിന്നും പഠിച്ചിറങ്ങിപ്പോയവർക്ക് മധുരോദാരം എന്നുവിശേഷിപ്പിക്കാവുന്ന നിരവധി അനുഭവങ്ങളുണ്ടാകാം. പരസഹസ്രങ്ങളിലൊരുവനായ എനിക്കും അതനുഭവമാണ്. സേവനം ജീവിതത്തിൻെറ പര്യായമായിക്കരുതിയിരുന്ന സി. എം. ഐ. സഭയിലെ പുരോഹിതരായിരുന്നു തേവരകോളേജിൻെറ സ്ഥാപകപിതാക്കൾ. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെക്കുറിച്ച് അവർക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അച്ചടക്കമാണതിൻെറ അടിത്തറ എന്നുപറഞ്ഞാൽ തെറ്റില്ല. വിദ്യാർത്ഥികൾ കോളേജു വളപ്പിൽ കടക്കുന്നതുമുതൽ വിട്ടുപോകുന്നതുവരെ വിട്ടുവീഴ്ചയില്ലാത്ത അച്ചടക്കത്തിന് വിധേയരായിരുന്നു. കാലം മാറിയപ്പോൾ, ഒരു പരിധിവരെ അടിച്ചേല്പിക്കപ്പെട്ടിരുന്ന പ്രസ്തുത വ്യവസ്ഥിതികൾക്കെതിരെ വിദ്യാർത്ഥികൾ തിരിയുകയും സ്വാതന്ത്ര്യം പിടിച്ചെടുക്കുകയും ചെയ്തു. ഇങ്ങനെ പിടിച്ചെടുത്ത സ്വാതന്ത്ര്യം ക്രിയാത്മകമായി ഉപയോഗിക്കാതിരുന്ന ചരിത്രമാണ് -1995 വരെയുള്ളത്.

ഈ കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ പ്രൊഫ. മുരളീധരൻ 69 മുതൽ ഇവിടെ അദ്ധ്യാപകനാണ്.

കോളേജിൻെറ തുടക്കത്തിന് കാരണക്കാരായ മൂന്നുപേരെ സ്മരിക്കാതെ മുമ്പോട്ടുപോകുന്നത് ശരിയല്ല. ഫാ. സാലസ്, ഫാ. ബർക്ക്മാൻസ്, ഫാ. ഹഡ്രിയാൻ എന്നിവരുടെ സേവനങ്ങൾ മറക്കാനാവതല്ല. 1970-കളുടെ തുടക്കം വരെ 'ഭാനുമാനെ' പ്പോലെ കോളേജിൻെറ മേഖലകളിലെല്ലാം 'കതിർവീശിവിളങ്ങിനിന്ന'ഫാ. സാലസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. വിദ്യാർത്ഥികൾക്ക് ഏറെപ്രിയങ്കരനായ പ്രിൻസിപ്പലായിരുന്നു അദ്ദേഹം. സാമൂഹ്യസേവത്തിൽ തത്പരനായിരുന്ന സാലസച്ചൻ ഞാൻ പഠിച്ചിരുന്ന പ്രൈമറി സ്കൂളിൽ'ഭാരത്സേവക് സമാജിൻെറ' പരിപാടികൾ ഉദ്ഘാടനം ചെയ്യാൻ വന്നതോർക്കുന്നു. തൻെറ വിദ്യാർത്ഥികളുടെ സ്നേഹമസൃണമായ നിർബന്ധത്തിനുവഴങ്ങിയാണ് താനെത്തിച്ചേർന്നതെന്നു പറഞ്ഞു കൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. എനിക്ക് അപരിചിതമെങ്കിലും പ്രിൻസിപ്പലായിരുന്ന തിയഡോഷ്യസച്ചൻെറ ഘട്ടം സുവർണ്ണകാലമായിരുന്നത്രേ. അന്നത്തെ വിദ്യാർത്ഥികളിൽചിലർ പിന്നീട് ഈ കോളേജിൽ അദ്ധ്യാപകരായി ചേരുകയുണ്ടായി. അവർ പറഞ്ഞുകേട്ടകഥകളാണ് ഈ നിഗമനത്തിന്നടിസ്ഥാനം. 1962-ൽ ഞാൻ പഠിക്കാനെത്തുമ്പോൾ ഫാ. സാലസ് പ്രോവിൻഷ്യാലും, ഫാ. മലേഷ്യസ് മാനേജരും, ഫാ. തിയോബാൾഡ് പ്രിൻസിപ്പലുമായിരുന്നു. ഈ ത്രിമൂർത്തികളുടെ ഭരണത്തിൻ കീഴിൽ കോളേജ്, ഏതോ മുത്തശ്ശിക്കഥയിലെ വർണ്ണാഭനിറഞ്ഞ ലോകം പോലെ ശോഭായമാനമായിരുന്നു.

ഉത്സവകേരളത്തിൻെറ രോമാഞ്ചമായിരുന്നു ഗജരാജനായിരുന്ന ഗുരുവായൂർ കേശവൻ. നെറ്റിപ്പട്ടം കെട്ടി കേശവൻ നടുക്കുനിന്ന് കൂട്ടാനകളോടു കൂടി നട

നീങ്ങുന്ന കാഴ്ച അതീവ ഹൃദ്യമായിരുന്നു. ഏതാണ്ട് ആ കാഴ്ച അനുസ്മരിപ്പിക്കുമാറ് രൂപവും ഭാവവും ഒത്തിണങ്ങിയ പ്രിൻസിപ്പലായിരുന്നു ഫാ. തിയോബാൾഡ്. കോളേജ് വിട്ടശേഷം മൊണാസ്റ്ററിയിലേക്ക് പോകുന്ന അച്ചൻ ഒരു നാലരയാകുമ്പോൾ കോളേജിലേക്കു തിരിച്ചു വരും. കൈയും കെട്ടിയുള്ള ആ 'ഗജരാജ വിരാജിത മന്ദഗതി' കോളേജിന്റെ മുകളിലത്തെ നിലയിൽ നിന്ന് ഞങ്ങൾ വീക്ഷിക്കുമായിരുന്നു.

വിദ്യാർത്ഥികളെ അങ്ങേയറ്റം സ്നേഹമായിരുന്നു അദ്ദേഹത്തിന്. എന്നാൽ തെറ്റുകൾ കണ്ടാൽ തെല്ലും പൊറുക്കുകയില്ലായിരുന്നു. കോളേജിലെ ക്ലാസ്സുകൾ ആരംഭിക്കുന്നത് ഇന്നത്തെപ്പോലെ വൈവിദ്ധ്യമാർന്ന പരിപാടികളോടു കൂടിയായിരുന്നില്ല. മറിച്ച് ക്ലാസ്സ് തുടങ്ങുന്ന ദിവസം പ്രിൻസിപ്പലച്ചന്റെ ഒരു പ്രസംഗം ഉണ്ടാകും. അത്രമാത്രം. പ്രീ - യൂണിവേഴ്സിറ്റിക്കു ചേർന്ന വിദ്യാർത്ഥികളെയെല്ലാം ഓഡിറ്റോറിയത്തിൽ വിളിച്ചു കൂട്ടി തിയോബാൾഡ് അച്ചന്റെ ഒരു പ്രസംഗം ഉണ്ടായിരുന്നു. അതു കേട്ട ഓരോ വിദ്യാർത്ഥിയും അടങ്ങിയൊതുങ്ങിക്കഴിയുകയാണ് നല്ലതെന്ന് അന്നേ മനസ്സിൽ ധരിച്ചിരിക്കണം. പ്രീ-യൂണിവേഴ്സിറ്റിക്ക് എല്ലാ വിഷയങ്ങളും പഠിക്കണമായിരുന്നു. സുവോളജി പഠിപ്പിക്കുവാൻ ഞങ്ങളുടെ ബാച്ചിൽ ആദ്യം കടന്നു വന്നത് ഫാ.തിയോബാൾഡ് തന്നെയായിരുന്നു. കോളേജ് തുറന്നത് ഒരു ജൂൺ മാസം ആദ്യമായിരുന്നു. തിമർത്തു പെയ്യുന്ന മഴ കാരണം ക്ലാസ്സുമുറിയിൽ നിന്നും ഓഡിറ്റോറിയത്തിലേയ്ക്ക് അച്ചൻ ക്ലാസ്സു മാറ്റി. അവിടെ വച്ച് അദ്ദേഹം തന്റെ അദ്ധ്യാപന വൈദഗ്ധ്യം പ്രകടിപ്പിച്ചു. ഭയത്തോടു കൂടിയാണ് ഞങ്ങളിരുന്നതെങ്കിലും ക്ലാസ്സ് തുടങ്ങിക്കഴിഞ്ഞപ്പോൾ രസമായിത്തോന്നി. 'Difference between living and non- living things'ആയിരുന്നു പാഠ്യവിഷയം. ക്ലാസ് സമയങ്ങളിൽ അടുത്ത കടകളിൽ കയറി ചായയും മറ്റും കുടിച്ച് ഉഴപ്പുന്നവരെ കണ്ടാൽ അച്ചന് കലികയറും. ഞങ്ങളുടെ ക്ലാസ്സിലെ ഒരു വിദ്യാർത്ഥിയെ, ചായ കടയിൽ കയറി എല്ലാവരും കാൺകെ ചെവിക്കു പിടിച്ച് കെമിസ്ട്രി ക്ലാസുവരെ കൊണ്ടുവന്ന്, മാപ്പു പറയിച്ച് കയറ്റിയിരുത്തിയത് ഞാനോർക്കുന്നു. അദ്ധ്യാപകരും വളരെ ഭയപ്പെട്ടാണ് അച്ചന്റെ ഭരണകാലത്തു കഴിഞ്ഞു കൂടിയത്.

ഈ കോളേജിന്റെ സ്ഥാപകപിതാക്കളോടൊപ്പം തന്നെ പരിഗണിക്കേണ്ട ശ്രേഷ്ഠരായ ഒരു കൂട്ടം അദ്ധ്യാപകരും അന്നിവിടെ ഉണ്ടായിരുന്നു. കോളേജിനെ മഹത്വത്തിലേയ്ക്ക് നയിക്കുവാൻ മേല്പടി പ്രഥമ തലമുറയിലെ അദ്ധ്യാപകർ കുറച്ചൊന്നുമല്ല ശ്രമിച്ചിട്ടുള്ളത്. കെമിസ്ട്രിയിലെ പ്രഗല്ഭനായ പ്രൊഫസറായിരുന്നു ശ്രീ.എം.വി. വർഗ്ഗീസ്. സിംഹത്തിന്റെ മുമ്പിൽ കുഞ്ഞാടുകളെപ്പോലെയായിരുന്നു അദ്ദേഹത്തിന്റെ മുമ്പിൽ വിദ്യാർത്ഥികൾ. നന്നായി പഠിക്കുന്ന വിദ്യാർത്ഥികളോട് അദ്ദേഹത്തിന് ഏറെ വാത്സല്യമുണ്ടായിരുന്നു. ഫിസിക്സിന്റെ തലവൻ പ്രൊഫസർ സി.ജെ.ഡാനിയലായിരുന്നു. പഴയതലമുറയുടെ ഔചിത്യം അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. സുവോളജിയുടെ തലവൻ പ്രിൻസിപ്പലച്ചൻ തന്നെയായിരുന്നു. ഇംഗ്ലീഷിന്റെ തലവൻ പ്രൊഫ.പി.ടി. ചാക്കോ ആയിരുന്നു. ട്രിച്ചി സെന്റ് ജോസഫ് കോളേജിലെ പ്രഗല്ഭനായ അദ്ധ്യാപകനായിരുന്നു ചാക്കോ സാർ. സാലസച്ചന്റെ പ്രത്യേക താത്പര്യം പരിഗണിച്ച് അദ്ദേഹം തേവരയിലെത്തിച്ചേർന്നതാണ്. കോമേഴ്സിന്റെ തലവൻ പ്രൊഫ. കേരളവർമ്മതമ്പുരാനായിരുന്നു. രാജകീയമായ കുലീനത അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. വിദ്യാർത്ഥിസമരങ്ങൾ കൊണ്ട് കലുഷിതമായ ഒരന്തരീക്ഷത്തിൽ തമ്പുരാൻ ഒരു കൊല്ലം പ്രിൻസിപ്പലുമായിരുന്നു. ഇക്കണോമിക്സിന്റെ തലവൻ പ്രൊഫ.സിറിയക്കായിരുന്നു. അദ്ദേഹം അല്പം ഭയകാരിയായിരുന്നു വിദ്യാർത്ഥികൾക്ക്. കൂട്ടത്തിൽ പ്രൊഫ.ഏബ്രഹാം കുര്യൻ, ഫാ.വിക്റ്റോറിയൻ എന്നിവരും ഉണ്ടായിരുന്നു. കോമേഴ്സിലെ ഫാ. ബർണ്ണബാസ് ഈ ഘട്ടത്തിൽ വൈസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. ഫ്രഞ്ചിലെ ഫാ.ഗബ്രീനോസ്, സംസ്കൃതത്തിലെ ഫാ.മാഴ്സൽ, സോഷ്യോളജിയുടെ തലവനായിരുന്ന ഫാ.ലിഗോറി, ഇംഗ്ലീഷിലെ ഫാ.ഹില്ലാരിയൻ എന്നിവരും സ്മരണീയരാണ്. മേൽപറഞ്ഞവരിൽ പ്രൊഫ. വർഗ്ഗീസ്, പ്രൊഫ.ഡാനിയൽ, പ്രൊഫ.പി.ടി.ചാക്കോ, ഫാ.വിക്റ്റോറിയൻ, ഫാ.ഹിലാരിയൻ എന്നിവർ എന്റെ അദ്ധ്യാപകരായിരുന്നു. വളരെ സാധാരണവും അതീവഹൃദ്യവുമായ പെരുമാറ്റം കൊണ്ട് എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ ഒരു വ്യക്തിയായിരുന്നു 'കൊച്ചാപ്പു' സാർ എന്ന മാത്തമാറ്റിക്സ് പ്രൊഫ. ജോസഫ്. അന്നത്തെ രീതിയനുസരിച്ചദ്ദേഹം ഞങ്ങളെ പഠിപ്പിച്ചത് 'ധർമ്മശാസ്ത്ര'മായിരുന്നു.

അന്ന് തേവര കോളേജിൽ നാലഞ്ചു വിഷയങ്ങളിൽ ബിരുദാനന്തരബിരുദം നിലവിൽ വന്നിരുന്നു. ആ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി മറ്റു കോളേജുകളിൽ നിന്നു വിരമിച്ച പ്രഗല്ഭരായ അദ്ധ്യാപകരെ ക്ഷണിച്ചു വരുത്തി നിയമിച്ചിരുന്നു. അതിന്റെ പിന്നിലെ പ്രേരണാശക്തി തിയോബാൾസ് അച്ചനാണെന്നു കരുതാം. ഇംഗ്ലീഷിലെ പ്രൊഫ.ടി.സി. ബാലകൃഷ്ണമേനോൻ, കെമി

സ്ട്രിയിലെ ഡോ.കെ.എൻ. മേനോൻ, സുവോളജിയിലെ പ്രൊഫ. നാരായണമേനോൻ, ഇക്കണോമിക്സിലെ പ്രൊഫ. ദാമോദരൻ നായർ എന്നിവർ അങ്ങനെ എത്തിച്ചേർന്നതാണ്. എല്ലാം കൊണ്ടും പഠനത്തെ സംബന്ധിച്ചു ചിന്തിച്ചാൽ വിദ്യാർത്ഥിസമൂഹത്തിനേറ്റവും കൂടുതൽ അവസരം ലഭിച്ചിരുന്ന കാലഘട്ടമായിരുന്നു അത്.

രാഷ്ട്രീയസ്വാധീനവിമുക്തമായ കാലഘട്ടമായതിനാൽ പഠനം കാര്യക്ഷമമായി നടന്നിരുന്നു. ഒറ്റ ദിവസം പോലും നഷ്ടപ്പെട്ടിരുന്നില്ല. അദ്ധ്യാപകരാരും ക്ലാസെടുക്കാതിരുന്നിട്ടില്ല. തിയോബാൾഡച്ചന്റെ ഗൃദ്ധ്രദൃഷ്ടികൾ എല്ലായിടത്തും എത്തുമായിരുന്നു. കോളേജ് യൂണിയൻ നിലവിലുണ്ടായിരുന്നു. ഓരോ ക്ലാസിൽ നിന്നും കഴിവുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിരുന്നത്. അങ്ങനെയുള്ള ഇലക്റ്ററൽ കോളേജ് ചെയർമാനെ തെരഞ്ഞെടുക്കും. യൂണിയൻ പ്രവർത്തനങ്ങളിൽ അദ്ധ്യാപകർ സർവ്വാത്മനാ സഹകരിച്ചിരുന്നു. പരീക്ഷകൾ കൃത്യമായി നടത്തുകയും 'പ്രോഗ്രസ്റിപ്പോർട്ട്' രക്ഷിതാക്കൾക്കയക്കുകയും ചെയ്തിരുന്നു. പാഠ്യേതര പരിപാടികളും ഭംഗിയായി നടന്നിരുന്നു. കരുത്തുറ്റൊരു 'ഡിബേറ്റിങ് സൊസൈറ്റി'യുടെ സാന്നിദ്ധ്യം കഴിവുള്ള വിദ്യാർത്ഥികൾക്ക് വളരുവാനവസരം നല്കി. ഓഡിറ്റോറിയത്തിൽ അദ്ധ്യാപകർ കൂടി പങ്കെടുത്തിരുന്ന ഡിബേറ്റുകൾ സാധാരണമായിരുന്നു. ഓഡിറ്റോറിയം തിങ്ങിനിറഞ്ഞ വിദ്യാർത്ഥിൾ സാധാരണമായ ഒരു കാഴ്ചയായിരുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തിരുന്ന 'നാടകങ്ങൾ' അരങ്ങേറുക പതിവാണ്. കായികരംഗത്തും നല്ല കാലാവസ്ഥയായിരുന്നു. ബർത്തലോമ്യോ ബാസ്ക്കറ്റ്ബോൾ മത്സരം ആയിരക്കണക്കിനാളുകളെ ആകർഷിച്ചിരുന്നു. ഏറ്റം ഭംഗിയായി പ്രവർത്തിച്ചിരുന്ന ആറ് ഹോസ്റ്റലുകളായിരുന്നു വലിയ ഒരാകർഷണം. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വിദ്യാത്ഥികൾക്ക് ഒരത്താണിയായിരുന്നു അവ. കോളേജിലെ പുരോഹിതരായ അദ്ധ്യാപകരായിരുന്നു അവിടത്തെ വാർഡന്മാർ. കൂടെ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ഹൃദ്യമായ ഹോസ്റ്റൽ ജീവിതം ഇടയ്ക്കിടെ അയവിറക്കുമായിരുന്നു.

വിദ്യാർത്ഥികളുടെ വൈജ്ഞാനികസമുന്നതിയ്ക്ക് ഇത്രമാത്രം പ്രാധാന്യം കൊടുക്കുന്ന സ്ഥാപനങ്ങൾ ചുരുങ്ങും. തേവര കോളേജിൽ നടത്തിയിരുന്ന 'കോളേജ് ഡേ' പ്രസിദ്ധമാണ്. ഞങ്ങൾ പഠിച്ചിരുന്ന കാലത്തുതന്നെ ധാരാളം സ്കോളർഷിപ്പുകളും പ്രൊഫിഷ്യൻസി സമ്മാനങ്ങളും നല്കിയിരുന്നു. ഇന്നവയുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. 1966 ലെ കോളേജ് ദിനത്തിൽ മലയാള വിഭാഗം അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ കോളേജ് പ്രിൻസിപ്പൽ ഡോ. അജൈയൂസിന്റെ കൈയിൽ നിന്ന് മലയാളം ബി.എ. യ്ക്കുള്ള പ്രൊഫിഷ്യൻസി സമ്മാനം വാങ്ങിയതോർമ്മയുണ്ട്. മഹാകവി കുഞ്ഞിരാമൻ നായരുടെ 'പൂക്കളം' എന്ന കൃതിയാണ് ലഭിച്ചത്. ആ ഗ്രന്ഥവും സർട്ടിഫിക്കറ്റും ഇന്നും ഞാൻ സൂക്ഷിക്കുന്നു. ഇത് പറഞ്ഞത് ഞാൻ മഹാനെന്നു വരുത്താനല്ല. ഹൃദ്യമായ സ്മരണകളുടെ ഭാഗമായി ആ സന്ദർഭം ഇന്നും അവശേഷിക്കുന്നതു കൊണ്ടാണ്.

ഭാഷാവിഭാഗത്തെക്കുറിച്ചിതുവരെ പറയാതിരുന്നത് മനഃപൂർവ്വമാണ്. തേവര കോളേജിലെ ഭാഷാവിഭാഗവുമായി അഭേദ്യമായ ബന്ധമാണെനിക്കുള്ളത്. മലയാളവിഭാഗത്തിലെ എല്ലാവരും എന്റെ അദ്ധ്യാപകരായിരുന്നു. 1963 മുതൽ 1966 വരെ ഇവിടെ മലയാളം ബി.എ.യ്ക്ക്പഠിച്ചിരുന്ന വിദ്യാർത്ഥികളിലൊരുവനാണ് ഞാൻ. മലയാള വിഭാഗത്തിലെ പ്രഥമ തലമുറ പ്രൊഫ. സി.സി.ചാക്കോ, പ്രൊഫ.പി.സി.ദേവസ്യ, ശ്രീ.ടി.എം. ചുമ്മാർ എന്നിവരായിരുന്നു. ദേവസ്യാ സാർ അറിയപ്പെടുന്ന കവിയും ചുമ്മാർ സാർ ഗദ്യസാഹിത്യകാരനുമായിരുന്നു. ദേവസ്യസാറിന്റെ ക്ലാസുകൾ ഹൃദ്യവും വിപുലമായ സാഹിത്യ പരിചയം കൊണ്ട് സമ്പന്നവുമായിരുന്നെന്ന് അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ പഠിക്കാനെത്തിയപ്പോഴേയ്ക്കും അവർ കോളേജ് വിട്ടിരുന്നു. 1964 വരെ സി.സി.ചാക്കോസാർ പഠിപ്പിച്ചു. 1964 വരെ ചാക്കോസാർ ആയിരുന്നു പൗരസ്ത്യ ഭാഷാവകുപ്പദ്ധ്യക്ഷൻ. ധാരാളം അറിവു പകർന്നുതരുന്ന ക്ലാസുകളായിരുന്നു അദ്ദേഹത്തിന്റേതെങ്കിലും അവ ഹൃദയദ്രവീകരണക്ഷമങ്ങളായിരുന്നില്ല. 1965 ൽ വകുപ്പ്തലവനായി ഉലകംതരസാർ നിയമിതനായി. മലയാള വിഭാഗത്തിന്റെയും പൊതുവെ ഭാഷാവിഭാഗത്തിന്റെയും നല്ല കാലഘട്ടമായിരുന്നു അതെന്നു കരുതാം.

മഹാനായ പ്രിൻസിപ്പൽ തിയോബാൾഡച്ചൻ എല്ലാ വിഭാഗങ്ങൾക്കും തുല്യപരിഗണന നല്കി. മലയാളം ബി.എ. ഇടയ്ക്ക് നിന്നും നടന്നും പോകുന്നകാലമായിരുന്നു അത്. ഉലകംതരസാറിന്റെ ഉത്സാഹത്തിൽ നടന്നു വന്നിരുന്ന കാത്തലിക് യൂത്ത്ഫെസ്റ്റിവൽ ഒരു സംഭവമായിരുന്നു. ഓഡിറ്റോറിയത്തിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നിരുന്ന സാഹിത്യസമ്മേളനങ്ങൾ ഒട്ടേറെ പേരെ ആകർഷിച്ചിരുന്നു. കോളേജ് ഓഡിറ്റോറിയത്തിൽ തിങ്ങി നിറഞ്ഞ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്[illegible]

കൊണ്ട്സാഹിത്യ വിഷയങ്ങളെക്കുറിച്ച് ഉലകംതന്നസാർ ചെയ്ത പ്രസംഗങ്ങളിന്നും സ്മരണീയങ്ങളാണ്. അദ്ധ്യാപകൻ എന്ന നിലയിൽ ഉലകംതന്നസാർ തലമുറകൾക്ക് ഹൃദ്യമായ അനുഭവം പകർന്നുകൊടുത്തിരുന്നു. അതേറ്റവും കൂടുതൽ അനുഭവിച്ച വ്യക്തികളിൽ ഒരാൾ ഞാനാണ്. ആശാന്റെ 'ചണ്ഡാലഭിക്ഷുകി'യും വള്ളത്തോളിന്റെ 'ശിഷ്യനും മകനും.' ഞങ്ങൾക്കെടുത്തത് അദ്ദേഹമാണ്. കാളിദാസന്റെ കുമാരസംഭവം തർജ്ജമ (വള്ളത്തോൾ), ഉമാകേരളം, നളചരിതം, കൃഷ്ണഗാഥ, ശാരദ, സാഹിത്യവിദ്യ, ഭാഷാഭൂഷണം, വൃത്തമഞ്ജരി, കേരളപാണിനീയം തുടങ്ങിയ കൃതികളെടുത്തതും ഓർക്കുന്നു. മലയാളവൃത്തമായാലും, സംസ്കൃതവൃത്തമായാലും ഗീതാത്മകമായി നീട്ടിച്ചൊല്ലി, സരസമായി അർത്ഥം പ്രതിപാദിച്ചുകൊണ്ട് അദ്ദേഹമെടുത്ത ക്ലാസുകൾ എത്ര തലമുറകളെ ത്രസിപ്പിച്ചിട്ടില്ല!

രസിപ്പിക്കുക, ആസ്വദിപ്പിക്കുക എന്നതാണ് സാഹിത്യത്തിന്റെ മൗലിക ധർമ്മമെന്ന് എന്നെപ്പോലുള്ള വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തിയതദ്ദേഹമാണ്. 'ലളിതസൗന്ദര്യ'ത്തിന്റെ വക്താവായിരുന്നു അദ്ദേഹം. കുട്ടികളെ രസിപ്പിച്ച അദ്ദേഹത്തിന്റെ ഒരു പ്രയോഗം ഇന്നും സ്മരണയിലുണ്ട്. തിങ്ങി നിറഞ്ഞ പ്രീ-യൂണിവേഴ്സിറ്റി ക്ലാസ്. 'സഹസ്രാക്ഷ'നായ ദേവേന്ദ്രനെക്കുറിച്ചുള്ള ഒരു പരാമർശമുണ്ടായി. പുള്ളി സഹസ്രാക്ഷ'നാകുന്നതിനു മുമ്പ് 'സഹസ്രലിംഗ'നായിരുന്ന കഥ സാർ പറഞ്ഞു. അപ്പോഴത്തെ അവസ്ഥ നമ്പ്യാർ വർണ്ണിച്ചതും പറഞ്ഞു, 'അത്യുന്നതമായോരരണിക്കമ്പ്'പോലെ എന്നു കേട്ടതോടെ ക്ലാസിൽ ചിരിയുടെ മാലപ്പടക്കം പൊട്ടിയതോർക്കുന്നു.

പ്രൊഫ. ടി.എം. പോൾ, ഡോ.ജോർജ്ജ് ഇരുമ്പയം എന്നിവരായിരുന്നു മറ്റദ്ധ്യാപകർ. സിനിമാക്കഥകളും നാട്ടുവിശേഷങ്ങളും കൊണ്ടു സമ്പന്നമായിരുന്നു പോൾസാറിന്റെ ക്ലാസുകൾ. തമിഴ് കലർന്ന രാമചരിതാദികൃതികളും സംസ്ക്കൃതജഡിലമായ ചമ്പുക്കളും എടുത്തിരുന്നതദ്ദേഹമാണ്. ബഹുഭാഷാ പണ്ഡിതനായിരുന്നു അദ്ദേഹം. റാങ്കോടു കൂടി എം.എ. പാസായി നേരെ ഞങ്ങളെ പഠിപ്പിക്കുവാനെത്തിയ ഡോ.ജേർജജ് ഇരുമ്പയം പ്രാചീനവും ആധുനികവുമായ കൃതികളെടുക്കുന്നതിൽ തന്റെ പ്രാഗല്ഭ്യം തെളിയിച്ചു. ഉണ്ണുനീലിസന്ദേശം, ചിന്താവിഷ്ടയായ സീത എന്നീ കൃതികളാണദ്ദേഹമെടുത്തത്. 'ലീലാതിലകം' എന്ന മണിപ്രവാള ലക്ഷണ ഗ്രന്ഥം ലക്ഷണയുക്തമായിത്തന്നെ അദ്ദേഹം എടുത്തു.

സംസ്കൃതം അദ്ധ്യാപകനായിരുന്ന പ്രൊഫ. ബാലകൃഷ്ണൻ നായരെയും ഇപ്പോഴത്തെ പൗരസ്ത്യഭാഷാവിഭാഗം അദ്ധ്യക്ഷനായ പ്രൊഫ.അഗസ്റ്റിൻ കൊമ്മറ്റത്തെയും സ്മരിക്കാതെ ഈ വിവരണം പൂർത്തിയാകില്ല. അടിയുറച്ച സംസ്കൃത പണ്ഡിതനായ ബാലകൃഷ്ണൻ സാർ, 'സഞ്ചരിക്കുന്ന ഒരു വിജ്ഞാനകോശ'മായിരുന്നു. പഠിപ്പിച്ചപ്പോഴെല്ലാം ഭാഷയുടെ പാറക്കെട്ടിൽ തലതല്ലാതെ ആസ്വാദനത്തിന്റെ മണൽത്തിട്ടിലൂടെ തന്റെ വിദ്യാർത്ഥികളെ നയിച്ചു അദ്ദേഹം. 'കുമാരസംഭവം', സ്വപ്നവാസവദത്തം, എന്നീ നല്ല കൃതികളാണദ്ദേഹം എടുത്തത്. ക്ലാസിൽ പഠിപ്പിക്കാനെത്തിയ കാലം മുതൽക്കേ ഞങ്ങൾ ഭയാശങ്കകളോടെ വീക്ഷിച്ച അദ്ധ്യാപകനായിരുന്നു കൊമ്മറ്റം സാർ. ഉത്തരക്കടലാസിലെഴുതി വച്ച വിഡ്ഢിത്തങ്ങളും എഴുത്തിലെ പാകപ്പിഴകളും അദ്ദേഹത്തിന്റെ കർക്കശമായ വിമർശനത്തിന് വിധേയമാകും. ക്ലാസുകളിൽ തികഞ്ഞ ഗൗരവം പാലിക്കുന്ന വ്യക്തിയായിരുന്നു അദ്ദേഹം. പക്ഷേ, ഒന്നുണ്ട് .കൃതികളുടെ അഗാധതലങ്ങളിലേക്ക് മുങ്ങാംകുഴിയിടാനും മുത്തുകളും രത്നങ്ങളും കണ്ടെത്തുവാനും പ്രേരിപ്പിച്ചതദ്ദേഹമാണ്. ഞങ്ങളുടെ കലാലയ ജീവിതത്തിലെ അവസാന വർഷമാണദ്ദേഹം പഠിപ്പിക്കാനെത്തിയത്. അത്യദ്ധ്വാനംചെയ്ത് കേരളചരിത്രം പോലുള്ള വിഷയങ്ങളുടെ 'നോട്ട്സ്' അദ്ദേഹം തയ്യാറാക്കിത്തരുമായിരുന്നു. 'ഉത്തരരാമചരിതം' തർജ്ജമ, ശങ്കരക്കുറുപ്പിന്റെ 'മേഘഛായ', അക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' തുടങ്ങിയ കൃതികളാണദ്ദേഹം എടുത്തത്. 'മേഘഛായ' എടുക്കുമ്പോൾ 'മേഘസന്ദേശ'ത്തിൽ നിന്നും സാന്ദർഭികമായി ഒട്ടേറെ ശ്ലോകങ്ങളദ്ദേഹം ഉദ്ധരിക്കുമായിരുന്നു. കാളിദാസ കൃതികളുമായി നല്ല പരിചയമുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരു ശരാശരി സംസ്കൃതം വാദ്ധ്യാരെക്കാൾ ഭേദമായിരുന്നുതാനും. ക്ലാസിക്കുകളുൾപ്പെടെ ധാരാളം വായിക്കുവാനും കൃതികളുടെ ആന്തരിക ശോഭയിലേയ്ക്ക് ആഴ്ന്നിറങ്ങുവാനും നിർദ്ദേശിക്കുമായിരുന്നു. തുടരെയെഴുതി നശിക്കരുതെന്ന താക്കീത് നിരന്തരം തരുമായിരുന്നു. കൃതികളെ സംബന്ധിച്ചിടത്തോളം 'ദീപ്തസൗന്ദര്യ'ത്തിന്റെ വക്താവായിരുന്നു അദ്ദേഹം.

ഭാഷാ വിഭാഗത്തെക്കുറിച്ച് അല്പം വിവരണം കൂടിയതായിത്തോന്നാം. എങ്കിലും സ്മരണയിൽ കൂടുതലും കടന്നു വരുന്ന ഭാഗം ഒഴിവാക്കരുതല്ലോ. 'ഭാഷാ സാഹിത്യ മണ്ഡലം' വളരെ ഭംഗിയായി പ്രവർത്തിച്ചിരുന്നു. മലയാളം വിദ്യാർത്ഥികളായിരിക്കും മിക്കവാറും സെക്രട്ടറിമാർ. പ്രസിദ്ധ സാഹിത്യകാരന്മാരായ കാരൂർ നീലകണ്ഠപ്പിള്ള, സി. എൻ. ശ്രീകണ്ഠൻ നായർ, ഡോ.സുകുമാർ അഴീക്കോട്, പ്രൊഫ.എം.കെ.സാനു എന്നിവരിവിടെ വന്ന് സംസാരി

പ്പതോർക്കുന്നു. ശ്രദ്ധാലുക്കളായ വിദ്യാർത്ഥികൾ അവരുടെ പ്രസംഗങ്ങൾ ഹൃദയപൂർവ്വം ഉൾക്കൊണ്ടിരുന്നു.

സജീവവും പ്രൗഢവുമായ ഒരു കാലഘട്ടത്തിൽ കോളേജിൽ പഠിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. 1964 ൽ ഡോ.ജയിംസ് അജേവൂസ് പ്രിൻസിപ്പലായി. രണ്ടു മൂന്നു വർഷം പഴയരീതിയിൽത്തന്നെ കാര്യങ്ങൾ മുമ്പോട്ടു പോയി. 1968 ൽ- 'ഡയറക്റ്റ് ഇലക്ഷൻ' കക്ഷിരാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ പുതിയ തെരഞ്ഞെടുപ്പാരംഭിച്ചു. കോളേജാരംഭിച്ചതുമുതൽ ഏകദേശം ഇരുപത്തിഞ്ചു വർഷക്കാലംനിലനിന്നുന്ന എല്ലാ വ്യവസ്ഥിതികളും തകിടംമറിയുകയായിരുന്നു. പുതിയ വ്യവസ്ഥിതിയിൽ കഴിഞ്ഞ ഇരുപത്തിയേഴുവർഷക്കാലം അദ്ധ്യാപകനായിക്കഴിഞ്ഞ എനിക്കും എന്നെപ്പോലെയുള്ളവർക്കും വളരെയൊന്നും സംതൃപ്തി നല്കുന്നതായിരുന്നില്ല പുതിയ വ്യവസ്ഥിതി. പരസ്പരം മനസ്സിലാക്കാത്ത വിദ്യാർത്ഥികളും അദ്ധ്യാപകരും സമാന്തരരേഖളിലൂടെ നിങ്ങുന്നതായിത്തോന്നി. പരസ്പരം പൂരകമാകേണ്ടവർ പരസ്പരം അകലുകയായിരുന്നു. ഒരു തരം അവിശ്വാസം അവരുടെ ഇടയിൽ കടന്നു വന്നതുപോലെ തോന്നുന്നു. നമ്മുടെ പ്രമുഖ കവി 'അക്കിത്തം' വിവരിച്ചതുപോലെ

'കുത്തി നിറുത്തിയ
കൈക്കിനുപിന്നിൽ
കെട്ടിയുയർത്തിയ
മഞ്ചത്തിൽ
ഓരോ മാതിരി
ചായംമുക്കിയ
കീറത്തുണിയുടെ
വേദാന്തം' കേട്ട് വഴിയൊന്നുമാറിയ വിദ്യാർത്ഥിസമൂഹത്തിന്റെ ആദ്യകാലപരാക്രമങ്ങൾ 'ശേഷന്'പോലും വർണ്ണിക്കാനാവില്ല. എന്നാൽ അടുത്തകാലത്തായി ഇതിനൊരുമാറ്റം ഉണ്ടായിട്ടുണ്ട്. എന്നുതോന്നുന്നു. യൂണിയൻ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം തന്നെ പഠനത്തിലും വിദ്യാർത്ഥികൾ ശ്രദ്ധാലുക്കളാണ്. പരിധിവിട്ട പ്രകടനങ്ങളൊന്നും കാണുന്നില്ല. വിദ്യാർത്ഥികളുടെ "ദുഷിച്ചുപോയ രുചിയെ" അവർതന്നെ തിരുത്തിപ്രത്യാനയിക്കാനുള്ള ഒരു ശ്രമമായി അതിനെ കാണാമെന്നു തോന്നുന്നു. ഗുണപരമായ വേഗം ഭാവിയിലതിനുണ്ടാകും എന്നാശിക്കാം.


**BEST WISHES**

# A

# WELLWISHER

# അദ്ധ്യാപനസ്മരണകൾ



പ്രൊഫ. പോൾ. എം. തത്തനാട്

കടന്നുപോയകാലത്ത് മനസ്സിൽപതിഞ്ഞ അനുഭവങ്ങൾ അനുസ്മരിക്കാനുള്ള അവസരമാണ് വാർദ്ധക്യം. എന്റെ ജീവിതത്തിലെ സുവർണ്ണകാലമെന്നു വിശേഷിപ്പിക്കാവുന്ന കാലഘട്ടം കഴിച്ചുകൂട്ടിയ തേവര തിരുഹൃദയകലാലയം അതിന്റെ അസ്തിത്വത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സന്ദർഭത്തിൽ അവിടെ ചെലവഴിച്ച നല്ലനാളുകളിലേക്ക് തിരിഞ്ഞുനോക്കാൻ ആഗ്രഹിക്കുകയാണ്.

തേവരതിരുഹൃദയ കലാലയം യൗവനത്തിലേക്ക് കാലൂന്നുന്നകാലം. ഞാൻ യൗവനത്തോട് വിടപറയാൻ തുടങ്ങുന്നകാലം. ആ ദശാസന്ധിയിലാണ് പ്രസ്തുതകലാലയത്തിൽ ഞാൻ ട്യൂട്ടർ തസ്തികയിൽ മലയാളം അദ്ധ്യാപകനായി നിയമിതനായത്. അന്ന് സെക്കൻറ് പാർട്ടിൽ പഠിപ്പിച്ചിരുന്ന ഭാഷകളിൽപ്പെട്ട മലയാളത്തിൽ മാത്രം ബിരുദപഠനമുണ്ടായിരുന്നതിനാൽ മലയാളം പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ ഇതര ഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ അപേക്ഷിച്ച് കൂടുതലുണ്ടായിരുന്നു. പ്രൊഫ. സി.സി. ചാക്കോ ആയിരുന്നു അന്ന് പൗരസ്ത്യഭാഷാവകുപ്പദ്ധ്യക്ഷൻ. ഇരുത്തംവന്ന ഒരു കുടുംബകാരണവരെന്നനിലയിൽ തന്റെ താഴെയുള്ള അദ്ധ്യാപകരോട് സ്നേഹമസൃണമായ രീതിയിൽ പെരുമാറിയിരുന്ന അദ്ദേഹത്തെ സൗമനസ്യത്തോടുകൂടി മാത്രമേ സ്മരിക്കുവാൻ കഴിയൂ.

അന്നത്തെ പാഠ്യപദ്ധതി ക്രമമനുസരിച്ച് മൂന്നാംവർഷത്തിലും സെക്കൻറ് പാർട്ടിലെ മലയാളമടക്കമുള്ള ഭാഷകൾ പഠിപ്പിക്കേണ്ടതായുണ്ടായിരുന്നു. രണ്ട് ഉപപാഠപുസ്തകങ്ങൾ പഠിച്ച് പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനു പുറമേ പൊതുവിജ്ഞാനം ആസ്പദമാക്കിയുള്ള ഉപന്യാസങ്ങൾ രചിക്കുന്നതിനും ഇംഗ്ലീഷുഭാഷയിൽ നിന്ന് ഉപഭാഷയിലേക്കും മറിച്ചും പരിഭാഷപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ടിയിരുന്നു.

ഒരു മലയാളം അദ്ധ്യാപകനു പഠിപ്പിക്കാവുന്ന ഏറ്റവും ഉയർന്നക്ലാസായ മൂന്നാംവർഷബിരുദക്ലാസിലേക്കാണ് ഞാൻ ആദ്യമായി നിയോഗിക്കപ്പെടുന്നത്. വകുപ്പ് മേധാവിയായ പ്രൊഫ. സി.സി. ചാക്കോ എന്നെക്കൂട്ടിക്കൊണ്ട് മൂപ്പത്തെട്ടാം നമ്പർ മുറിയിലെത്തി വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തപ്പോൾ വാസ്തവത്തിലെനിക്ക് ഉൾക്കിടിലമുണ്ടായി. കാരണം പുഞ്ചിരിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും എന്നോളം വലിയവർ! ചിലർ എന്നേക്കാൾ മുഴുത്തവർ! തേവരകോളേജിലെ വിദ്യാർത്ഥികളെപ്പറ്റി നേരത്തെ ഞാൻ കേട്ടിരുന്നു. എറണാകുളത്തെ പല പ്രസ്ഥാനങ്ങളിലും മുന്നിൽ നില്കുന്നവരായിരുന്നു എന്നത്രെ കേൾവി. കിഴക്കൻ മേഖലയിൽ നിന്നും വരുന്ന അവരെ മെരുക്കാൻ വിഷമമെന്നായിരുന്നു പൊതുധാരണ. ഈ ധാരണയോടുകൂടിയാണ് ഞാൻ ക്ലാസിൽ പ്രവേശിച്ചത്.

എസ്. കെ. പൊറ്റക്കാടിന്റെ സഞ്ചാരസാഹിത്യകൃതികളിൽപ്പെട്ട 'കാപ്പിരികളുടെനാട്ടിൽ' എന്ന കൃതിയാണ് ഉപപാഠപുസ്തകമായി പഠിപ്പിക്കാനുണ്ടായിരുന്നത്. മലയാളഭാഷയുടെ ഉത്ഭവം, വളർച്ച, രൂപപരിണാമങ്ങൾ, സഞ്ചാരസാഹിത്യം, ആഫ്രിക്ക, അവിടത്തെ നീഗ്രോകളുടെ പ്രത്യേകതകൾ എന്നിവ ആമുഖമായി പറഞ്ഞു തുടങ്ങിയപ്പോൾ വിദ്യാർത്ഥികൾ ആകാംക്ഷയോടെ കേട്ടിരുന്നു. എന്റെ അസാധാരണമായ ആകാരവലിപ്പവും ഒരുപരിധിവരെ അവരെ സ്വാധീനിച്ചിരിക്കാം. അതെന്തുതന്നെയായാലും ഒരു കാര്യം എനിക്കു വ്യക്തമായി. കോളേജുകാമ്പസ്സിനു പുറത്തെത്ര ബഹളമുണ്ടാക്കുന്നവരാണെങ്കിലും തേവര കോളേജിലെ വദ്യാർത്ഥികൾ ക്ലാസ്സ് മുറികളിൽ മാന്യമായേ പെരുമാറുകയുള്ളൂ. അഞ്ചു കൊല്ലക്കാലം കലാലയജീവി

---

*രണ്ടു പതിറ്റാണ്ടോളം ഇവിടെ മലയാളം അദ്ധ്യാപകനായിരുന്ന ലേഖകൻ 1980-ൽ റിട്ടയർ ചെയ്തു.*

[illegible] വന്ന അവസാന വർഷ വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തെ ഭാഷയിലെ അന്തർധാരകളെയും നൂതനപ്രവണതകളെയും വിശദീകരിച്ച് പഠിപ്പിച്ച് പിടിച്ചിരുത്തുക പ്രായോഗികമല്ലെന്ന് ഏതാനും ദിവസത്തെ അനുഭവം കൊണ്ടെനിക്കു ബോധ്യമായി.

ശാസ്ത്രവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളിലേറിയ പങ്കും മലയാളഭാഷയിലെ വികാസപരിണാമങ്ങളെയും നവീനപ്രസ്ഥാനങ്ങളെയും കുറിച്ച് പഠിക്കാൻ ആകാംക്ഷയുള്ളവരായിരിക്കുമെന്ന് പ്രതീക്ഷിക്കാൻ വയ്യ. അവരിൽ പലർക്കും വേണ്ടത് മലയാളത്തിലൊരു പാസ്മാർക്ക് മാത്രമാണ്. ചിലരെ സംബന്ധിച്ചിടത്തോളം ഐച്ഛികവിഷയങ്ങളുടെ പഠനത്തിനിടയ്ക്കുണ്ടാകുന്ന മാനസികമായ പിരിമുറുക്കത്തിന് അല്പശമനമേകി, അയവ് അനുഭവിക്കാനുള്ള അവസരമാണ് മലയാളം ക്ലാസുകൾ. അവ രസകരമായി അനുഭവവേദ്യമാകണമെന്നാണവരുടെ ആഗ്രഹം.

അതുകൊണ്ട്, സന്ദർഭാനുസൃതമായ രീതിയിൽ പഴയ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ ഞാൻ പഠിച്ച ലോകചരിത്രവും ലോജിക്കും ബിരുദമെടുക്കാൻ പഠിച്ച ഇക്കണോമിക്സും പൊളിറ്റിക്സും സംസ്കൃത കോളേജിൽ പഠിച്ചുനേടിയ സംസ്കൃതഭാഷാവ്യുൽപ്പത്തിയും മലയാളം എം.എ.യ്ക്ക് പഠിച്ച ഭാഷാശാസ്ത്രവും മേമ്പൊടി എന്നനിലയിൽ മണിപ്രവാളവും കൂട്ടത്തിൽ ഭാഷാന്തരീകരണത്തിനുപകരിക്കുമാറ് അല്പം ഇംഗ്ലീഷും പുറമെ പഠനവിഷയസംബന്ധിയായ സൂചിതകഥയും പൊതുവിജ്ഞാനവും എല്ലാം കൂട്ടിച്ചേർത്ത് അവിയൽപരുവത്തിൽ ആക്കി നല്കിയപ്പോൾ വിദ്യാർത്ഥികളുടെ ആസ്വാദനക്ഷമതവർദ്ധിക്കുന്നതായി അനുഭവപ്പെട്ടു. അങ്ങനെ എന്റെ കലാലയാദ്ധ്യാപനകാലത്തിന്റെ ആദ്യവർഷത്തിൽത്തന്നെ അവസാനവർഷ ബിരുദവിദ്യർത്ഥികളോടൊത്ത് കാപ്പിരികളുടെനാട്ടിൽ സൈരവിഹാരം നടത്താൻ നിഷ്പ്രയാസം കഴിഞ്ഞു എന്ന വസ്തുത ചാരിതാർത്ഥ്യത്തോടെ ഇന്നും ഞാൻ അനുസ്മരിക്കുന്നു.

തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ഹിന്ദുമഹാകൃതികളും എം. എ.യ്ക്ക് സ്പെഷ്യൽ സബ്ജക്റ്റ് എന്ന നിലയിൽ ചമ്പുകൃതികളും പഠിച്ചിരുന്നതിനാൽ ഹിന്ദു പുരാണേതിഹാസങ്ങളിൽ സിദ്ധിച്ച വിപുലമായ അവഗാഹം അദ്ധ്യാപനരംഗത്ത് എനിക്ക് അത്യന്തം സഹായകരമായി അനുഭവപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ മഹാഭാരതം, രാമായണം മുതലായ കൃതികളിൽ നിന്നടർത്തിയെടുത്ത ഭാഗങ്ങളുൾക്കൊള്ളുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്ന ചുമതല മിക്കപ്പോഴും എന്നിലാണ് നിക്ഷിപ്തമായിരുന്നത്. പലപ്പോഴും ദീർഘിച്ച യുദ്ധവർണ്ണനങ്ങൾ അടങ്ങിയതായിരിക്കും പാഠപുസ്തകങ്ങൾ. യശശ്ശരീരനായ കലാമണ്ഡലം കൃഷ്ണൻനായർ എന്റെ ഒരു സുഹൃത്തായിരുന്നു. ദുര്യോധനന്റെ വേഷമായിരുന്നല്ലോ അദ്ദേഹത്തിന്റെ മാസ്റ്റർപീസ്. അവസരം ലഭിക്കുമ്പോഴൊക്കെ ഞാൻ അദ്ദേഹത്തോടൊത്തു നർമ്മസംഭാഷണങ്ങളിൽ ഏർപ്പെടുക പതിവായിരുന്നു. സംഭാഷണമദ്ധ്യേ അദ്ദേഹം കാണിക്കുന്ന ഭാവങ്ങളും അംഗവിക്ഷേപങ്ങളും വിരൽ മുദ്രകളും കുറഞ്ഞതോതിലെങ്കിലും ഞാൻ സ്വായത്തമാക്കിയിരുന്നു. തന്നിമിത്തം തുഞ്ചത്താചാര്യന്റെ യുദ്ധവർണ്ണനകൾ സന്ദർഭോചിതമായ രീതിയിൽ സജീവമായി അവതരിപ്പിച്ചു പഠിപ്പിക്കാൻ എനിക്കെളുപ്പമായിരുന്നു.

ഇതരഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾ പലപ്പോഴും മലയാളം ക്ലാസിൽ കയറി ഇരിക്കാറുണ്ട്. ആഴ്ചയിലൊരിക്കൽ മാത്രം ദൃഷ്ടിയിലും ശ്രദ്ധയിലും പെടുന്ന വിദ്യർത്ഥികളെ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിഞ്ഞെന്നുവരില്ല. മലയാളേതരഭാഷ പഠിക്കുന്നവരാണെന്നറിഞ്ഞിട്ടും അവരെ ഇറക്കിവിടാൻ തോന്നിയില്ല. ചിലർ അനുവാദം ചോദിച്ചപ്പോൾ നിഷേധിച്ചുമില്ല. വിദ്യാർത്ഥികളുടെ ആഗ്രഹമല്ലേ എന്നു കരുതി കണ്ടില്ലെന്നു നടിച്ചു.

ഇരുപതുവർഷംനീണ്ട അദ്ധ്യാപനകാലഘട്ടത്തിൽ എത്രയോ ആയിരം വിദ്യാർത്ഥികൾ വരുകയും പോവുകയും ചെയ്തു. അവരെയെല്ലാം ആര് ഓർക്കുന്നു? പക്ഷേ, ഒരുവൻമാത്രം ഇന്നും എന്റെ മനോദർപ്പണത്തിൽ തെളിഞ്ഞുനിൽക്കുന്നു. ദ്രോഹിക്കുന്നവരെ എന്നും ഓർത്തെന്നുവരും. പക്ഷേ, ഇതങ്ങനെ അല്ല. അയാൾ മലയാളം വിദ്യാർത്ഥി തന്നെ, സംശയമില്ല. ക്ലാസുതുടങ്ങി പത്തുപതിനഞ്ചു മിനിറ്റു കഴിഞ്ഞേ അയാൾ വരുകയുള്ളൂ. അകത്തുകയറാൻ അനുവാദം ചോദിക്കുന്ന പതിവില്ല. വന്നപാടെ അകത്തു കയറി ഒഴിവുനോക്കി മുൻബെഞ്ചിൽ തന്നെ ഇരിക്കും. ശല്യമൊന്നുമുണ്ടാക്കുകയില്ല. നിശ്ശബ്ദനായി അനങ്ങാതെ അങ്ങനെ ഇരിക്കും. പത്തോ ഇരുപതോ മിനിറ്റു കഴിയുമ്പോൾ വന്നതുപോലെതന്നെ അനുവാദം വാങ്ങാതെ ഇറങ്ങിപ്പോവുകയും ചെയ്യും. ഹാജർ ചോദിച്ചു വന്നിട്ടില്ല. അയാളൊരു മാനസികരോഗിയാണെന്നറിയാമായിരുന്നു. ഇങ്ങോട്ടു ശല്യപ്പെടുത്താത്ത അയാളെ അങ്ങോട്ടു ശല്യപ്പെടുത്തേണ്ടെന്നു കരുതി. പാവം അയാളുടെ ജീവിതം നീണ്ടുനിന്നില്ല.

പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ നിറം, ഉയരം, ആകാരം, മുതലായവ പരിഗണിച്ച് കളിപ്പേര് (NICK NAME) നല്കുന്നതിൽ വിരുതന്മാരാണ് വിദ്യാർത്ഥികളിൽ പലരും. ആറടിയോളം ഉയരവും എൺപതുകിലോഗ്രാം തൂക്കവും ഇരുണ്ടനിറവുമുള്ള എനിക്കും അവർ പേരിട്ടു. ഒരുദിവസം ക്ലാസിൽ ചെന്നപ്പോൾ വടിവൊത്ത വെളുത്ത അക്ഷരത്തിൽ ബ്ലാക്ക്ബോർഡിൽ എഴുതിവച്ചിരിക്കുന്നു, ആനപ്പാൻ എന്ന്. വിദ്യാർത്ഥികളുടെ ഭാവനാവിലാസം എനിക്കും ഇഷ്ടപ്പെട്ടു. ഞാൻ ചിരിച്ചുപോയി, അവരും ചിരിച്ചു. "എന്നെക്കണ്ടിട്ട് ഇപ്പോൾ നിങ്ങൾക്കിങ്ങനെ തോന്നിയെങ്കിൽ നാലഞ്ചുകൊല്ലം മുമ്പ് ഞാൻ ഇന്നത്തേതിലും കൂടുതൽ ചീർത്തിരുന്നപ്പോൾ എന്നെ കണ്ടിരുന്നെങ്കിൽ നിങ്ങൾക്കെന്തു തോന്നുമായിരുന്നു" എന്നു ഞാൻ ചോദിച്ചു. ആരും മറുപടി പറഞ്ഞില്ല - പിന്നീടാരും എഴുതിയതുമില്ല. അതോടെ ആ പ്രശ്നം അവസാനിച്ചു.

തേവരകോളേജിൻെറ പരിസരം ആദ്യകാലത്ത് ഇന്നത്തെപ്പോലെ വർണ്ണശബളമായിരുന്നില്ല. മുമ്പ് വിദ്വാൻ പരീക്ഷ നടത്തുവാനുള്ള കേന്ദ്രങ്ങളിൽ ഒന്നായിരുന്നു തേവരകോളേജ്. വിദ്വാൻപരീക്ഷ നടത്തുന്ന അവസരത്തിൽ മാത്രമാണ് ഏതാനും ദിവസത്തേക്ക് കോളേജ് പരിസരം നിറപ്പകിട്ടാർന്നതായിരുന്നത്. പരിസരമാകെ വർണ്ണാലംകൃതമാകുമ്പോൾ വിദ്വാർത്ഥികളിൽ ഉത്സാഹപ്രകർഷം! ഉത്സാഹം മൂത്തുവന്നപ്പോൾ ചില ക്ലാസ്സുകൾ നിർത്തിവച്ച സംഭവം ഇന്നും എൻെറ സ്മരണയിലുണ്ട്.

കാത്തലിക് സ്റ്റുഡൻസ് യൂണിയൻെറ ആഭിമുഖ്യത്തിൽ ആണ്ടുതോറും ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയിരുന്ന കലാമത്സരങ്ങൾ കണ്ണിനും കരളിനും ഒരുപോലെ ആഹ്ളാദം പകർന്നിരുന്നു. കേരളത്തിലെ മിക്കവാറും കലാകലാലയങ്ങളിൽ നിന്നും വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ തങ്ങളുടെ കലാപാടവം ഇവിടെ വന്നു പ്രദർശിപ്പിരുന്നു. ആ നല്ല നാളുകൾ മറഞ്ഞുപോയിരിക്കുന്നു.

വിദ്യാർത്ഥിനികളുടെ ആഗമനം കോളേജിൻെറ അന്തരീക്ഷത്തിൽ സ്ഥായിയായ പരിവർത്തനമുളവാക്കിയതായി തോന്നിയിട്ടുണ്ട്. മുമ്പ് ക്ലാസിൽ അല്പസ്വല്പം വികൃതികാണിക്കുകയോ അപശബ്ദം പുറപ്പെടുവിക്കുകയോ ചെയ്തിരുന്നവർ വിദ്യാർത്ഥിനികളുടെ മുമ്പിൽ മാന്യന്മാരായി കാണപ്പെടാൻ ഉത്സാഹം കാണിച്ചുതുടങ്ങിയത് അനുഭവപ്പെട്ടു. പക്ഷേ, വിരോധാഭാസമെന്നു പറയട്ടെ, ചില വിപരീതാനുഭവങ്ങളുമുണ്ടാകാതിരുന്നില്ല. മുമ്പു ചില വിദ്യാർത്ഥികൾ ക്ലാസിൽ അശ്രദ്ധകാണിച്ചിരുന്നെങ്കിൽ അവരുടെ സ്വഭാവരീതി പിന്നീട് ചില വിദ്യാർത്ഥിനികൾ ഏറ്റെടുത്ത അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. അദ്ധ്യാപകർ തങ്ങളെ കണ്ടില്ലെന്ന് കരുതിക്കൊള്ളുമെന്ന രീതിയിലുള്ള അതിർകടന്ന ആത്മവിശ്വാസം ചിലവിദ്യാർത്ഥിനികൾക്കുള്ളതായി തോന്നിയിട്ടുമുണ്ട്.

അദ്ധ്യാപകർ അവധി എടുത്താൽ ക്ലാസ് സമയത്ത് വരാന്തയിലോ മറ്റോ അലഞ്ഞുതിരിഞ്ഞ് പരിസരമാകെ ശബ്ദമുഖരിതമാക്കി മറ്റുക്ലാസിൽ പഠിപ്പിക്കുന്നവർക്ക് ശല്യമുണ്ടാക്കാൻ അന്നത്തെ വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചിരുന്നില്ല. വർക്ക് അറേഞ്ച്മെൻറിലൂടെ വേറെ അദ്ധ്യാപകൻ ക്ലാസിൽ കയറിയിരിക്കും. അങ്ങനെ മറ്റദ്ധ്യാപകർക്കുവേണ്ടി ഹിന്ദിക്ലാസിലും ഫ്രഞ്ചുക്ലാസിലും പകരക്കാരനായി പോയി ക്ലാസ് ഫ്രീ വിടാതെ കഴിച്ചകാര്യം കൗതുകത്തോടുകൂടിയേ അനുസ്മരിക്കാൻ കഴിയൂ. ക്ലാസിൽ ചെന്നാൽ വിദ്യാർത്ഥികളെക്കൊണ്ട് ഹിന്ദിയിലേക്കോ, ഫ്രഞ്ചിലേക്കോ തർജ്ജമ ചെയ്യിക്കലാണ് പതിവ്. അതിനാവശ്യമായ ഇംഗ്ലീഷ് ഗദ്യഖണ്ഡവും അതിലുള്ള പദങ്ങൾക്ക് സമാനമായി ഹിന്ദിയിലോ ഫ്രഞ്ചിലോ ഉള്ള പദങ്ങളും കുറിച്ചുകൊണ്ടുപോകും. ഭാഷാന്തരം ചെയ്യുന്നതിനിടയിൽ വിദ്യാർത്ഥികൾ സംശയം ഉന്നയിച്ചാൽ കുറിച്ചുകൊണ്ടുപോയ വാക്കുകൾ അനായാസം പറഞ്ഞുകൊടുക്കും.

ഇന്ന് ഉന്നതനിലവാരത്തിൽ S.S.L.C പരീക്ഷയിൽ ജയിക്കുന്ന വിദ്യാർത്ഥികളോട് ആരായിത്തീരാനാണ് ആഗ്രഹം എന്നു ചോദിച്ചാൽ ഉടനെ ഉത്തരം ലഭിക്കും, എനിക്ക് ഡോക്ടറാകണം, എനിക്ക് എഞ്ചിനിയറാകണം, ശാസ്ത്രജ്ഞനാകണം എന്ന് എന്നാൽ എനിക്ക് അത്തരം ആഗ്രഹങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. അപ്രതീക്ഷിതമായി തറവാട്ടിൽ സംഭവിച്ച ദാരുണമായ അത്യാഹിതത്തെത്തുടർന്ന് മാനസികമായി തളർന്ന എനിക്ക് അവിചാരിതമായ രീതിയിൽ വിദ്യാഭ്യസരംഗത്തോട് താത്കാലികമായിട്ടെങ്കിലും വിടപറയേണ്ടിവന്നു, പിന്നീട് ഉന്നതവിദ്യാഭ്യാസം നേടാൻ അവസരം ലഭിച്ചപ്പോൾ അഭിഭാഷകനാകാനായി മോഹം. അങ്ങനെ ഇരിക്കെ, ആകസ്മികമായിക്കണ്ടുമുട്ടിയ എൻെറ വന്ദ്യഗുരുഭൂതൻ മഹാരാജാസ് കോളേജിലെ സംസ്കൃത പ്രൊഫസർ പിഷാരടിയാണ് എൻെറ തൊഴിൽമാറ്റത്തിന് ഹേതുഭൂതൻ. "എടോ താൻ വക്കീലാകാനൊന്നും പോകണ്ട, മലയാളം പഠിക്കൂ. അതാണ് ഗുണകരം"- അദ്ദേഹം ഉപദേശിച്ചു. പിതൃതുല്യനായ അദ്ദേഹത്തിൻെറ ഉപദേശം നിരസിക്കാൻ മനസ്സ് സന്നദ്ധമാ

യില്ല. അങ്ങനെ, കോളേജിൽ മലയാളം പഠിക്കാത്ത ഞാൻ മലയാളം എം.എയ്ക്ക് ചേരാൻ അപേക്ഷ നൽകി. ബി.എ.യ്ക്ക് ഐച്ഛികമായി ധനശാസ്ത്രവും ഉപഭാഷയായി സംസ്കൃതവുമാണ് പഠിച്ചിരുന്നത്. അതിനാൽ എം.എ.യ്ക്ക് പ്രവേശനം ലഭിക്കുമോ എന്നകാര്യം സംശയത്തിലായിരുന്നു. ആകെക്കൂടി പ്രവേശനം ലഭിക്കുവാനുള്ള ഏകയോഗ്യത എം.എ. പരീക്ഷയ്ക്ക് ഒരു പേപ്പർ സംസ്കൃതമാണെന്നുള്ളതായിരുന്നു. എങ്ങനെയാണെങ്കിലും എനിക്ക് പ്രവേശനം ഉറപ്പായതോടെ മലയാളത്തിലെ വൃത്താലങ്കാരങ്ങൾ പഠിക്കാൻ തുടങ്ങി.

വിദ്യാർത്ഥികളിൽ നിന്നും കലാലയാധികാരികളിൽനിന്നും സ്നേഹോഷ്മളമായ പെരുമാറ്റമാണ് എനിക്കു ലഭിച്ചിരുന്നതെന്ന് നന്ദിയോടെ അനുസ്മരിക്കുന്നു. തിക്താനുഭവങ്ങളുണ്ടായിട്ടില്ലെന്ന് തീർത്തും പറയാം. ജോലിക്കയറ്റം സംബന്ധിച്ച സംഗതികളിൽ ചില പ്രയാസങ്ങളുണ്ടായപ്പോൾ കലാലയാധികാരികൾ പരമാവധി സഹകരിച്ച് പരിഹാരമുണ്ടാക്കാൻ പരിശ്രമിച്ച വസ്തുത കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. അന്നത്തെ വിദ്യാർത്ഥികൾ ബസ്സിൽ വച്ച് അദ്ധ്യാപകരെക്കണ്ടാൽ ഇരിക്കുന്നിടത്തുനിന്ന് എഴുന്നേറ്റ് അദ്ദേഹത്തെ നിർബ്ബന്ധിച്ച് അവിടെ ഇരുത്തുമായിരുന്നു. ഇന്ന് അത്തരം ബഹുമാനപ്രകടനങ്ങളുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ.

1951-ൽ തേവര തിരുഹൃദയ കലാലയത്തിൽ ഒരു വിദ്യാർത്ഥിയെന്നനിലയിൽ പ്രവേശനം ലഭിക്കാൻ ഞാൻ അപേക്ഷ നൽകിയെങ്കിലും അന്നത്തെ പ്രവേശനത്തിരക്കുമൂലം ലഭിച്ചില്ല എങ്കിലും 1961-ൽ ഒരദ്ധ്യാപകനെന്നനിലയിൽ അവിടെ നിയമനം ലഭിച്ചു. ഇരുപതുവർഷക്കാലം അവിടത്തെ സ്നേഹസാന്ദ്രമായ അന്തരീക്ഷത്തിൽ കഴിഞ്ഞുകൂടി. എക് ദിൻകാ സുൽത്താൻ എന്നപോലെ ഒമ്പതുമാസം പ്രൊഫസറായിതുടർന്ന് പിരിയാൻ അവസരം ലഭിച്ചതിൽ ഞാൻ കൃതാർത്ഥനാണ്. അതിന് അവസരം ഒരുക്കിത്തന്ന് സൗമനസ്യം പ്രദർശിപ്പിച്ച കലാലയാധികാരികളോട് എനിക്കുള്ള കൃതജ്ഞത നിസ്സീമമത്രെ. ❑


# Waves Electronics Private Limited

Phone : Off : 0484-360338 Res : 313407Telex : 0885-6368 WAVE IN Fax : 0484-370829 Regd. Office : Ist Floor "Kateson" M.G. Rd., Ernakulam-682 035, INDIA

MANUFACTURERS OF:

**ELECTRICAL CONTROL SYSTEMS.**
**MOTOR CONTROL CENTRES.**
**BATTERY CHARGERS.**
**ALUMINIUM CABLE TRAYS & DUCTS.**

FOR

**SHIPYARDS**
**POWER PROJECTS**
**CHEMICAL INDUSTRIES**
**DEPARTMENT OF SPACE**
**DEFENCE ESTABLISHMENTS.**

# തിരിഞ്ഞുനോക്കുമ്പോൾ



പ്രൊഫ. എൻ. അപ്പുക്കുട്ടൻ

കുറച്ചു ദിവസമായി കോളേജിൽ നിന്നും പ്രൊഫ. അഗസ്റ്റിന്റെ ഒരു കത്തുകിട്ടിയിട്ട്. ഗതകാലസ്മരണകൾ അയവിറക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണത്. തിരുഹൃദയകലാലയവുമായുള്ള എന്റെ ബന്ധത്തിലെ ബാക്കിയുള്ള കണ്ണികളിൽ ബലമുള്ള ഒന്നാണദ്ദേഹം. അതുകൊണ്ട് ഇരുന്ന് കുത്തിക്കുറിക്കാതെ നിവൃത്തിയില്ല- ശ്രമിക്കട്ടെ!

1956-ലാണ് ഒരു ഡമോൺസ്ട്രേറ്ററായി ഞാൻ അവിടെ ജന്തുശാസ്ത്രവിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുന്നത്. കലാലയ സ്ഥാപകരിൽ ഒരു പ്രധാന കഥാപാത്രമായിരുന്ന റവ. ഫാ. സാലസ് ആയിരുന്നു അന്ന് പ്രിൻസിപ്പലും മാനേജരും. നയതന്ത്രത്തിന്റെ ഒരു പര്യായമായിട്ടുവേണം അദ്ദേഹത്തെ വിശേഷിപ്പിക്കാൻ. പ്രായഭേദമന്യേ എല്ലാ വിഭാഗങ്ങളിലുമുള്ളവരെയും വശത്താക്കുന്നതിനും പ്രവർത്തനനിരതരാക്കുന്നതിനും വശ്യശക്തിയുള്ള ഒരു പുരോഹിതനായിരുന്നു അദ്ദേഹം. മദിരാശി സർവ്വകലാശാലയുടെ കീഴിലായിരുന്നു അന്ന് കോളേജ്. പ്രസിദ്ധനായ ഡോ.ക്ടർ ലക്ഷ്മണസ്വാമിമുതലിയാരായിരുന്നു അന്നത്തെ വൈസ്ചാൻസലർ. അദ്ദേഹത്തെയും തന്റെ വശത്താക്കാൻ കഴിഞ്ഞിരുന്നു സാലസച്ചന്. ബർസാറായിരുന്നത് സ്ഥാപകപുരോഹിതരിൽ പ്രമുഖനായിരുന്ന ഫാ. മലേഷ്യസായിരുന്നു. മറ്റൊരു പുരോഹിതൻ, റവ. ഫാ. ഗബ്രിയേൽ സി. എം. ഐ. സഭയുടെ വിഭജനത്തോടെ മദ്ധ്യമേഖലയുടെ കീഴിലാരംഭിച്ച ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിന്റെ പ്രിൻസിപ്പലായി പോയതുകൊണ്ടാണെനിക്കു ജോലി ലഭിച്ചത്.

---

ദീർഘകാലം അദ്ധ്യാപകനായും സുവോളജി വകുപ്പദ്ധ്യക്ഷനായും ഇവിടെ സേവനമനുഷ്ഠിച്ച പ്രൊഫ. അപ്പുക്കുട്ടൻ കലാസാഹിത്യാദിരംഗങ്ങളിലും അഭിമുഖ്യം പുലർത്തിപ്പോരുന്നു.

അന്നത്തെ ജന്തുശാസ്ത്രവിഭാഗത്തെക്കുറിച്ച് ഒരു സൂചന നല്കുന്നത് നന്നായിരിക്കും. മഹാരാജാസ് കോളേജിൽനിന്നും വിരമിച്ച പ്രസിദ്ധനായ പ്രിൻസിപ്പൽ പ്രൊഫ. നാരായണമേനോൻ(കാടൻമാസ്റ്റർ) തേവര ജന്തുശാസ്ത്രവിഭാഗത്തിന്റെ തലപ്പത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ മറ്റുരണ്ടുപേരും പ്രവർത്തിച്ചിരുന്നു. ഒന്നെന്റെ സഹപാഠിയും പ്രിയ സ്നേഹിതനുമായ ഇന്ദുചൂഡനായിരുന്നു, മറ്റേത് ഇവർ രണ്ടുപേരുടെയും ശിഷ്യനായ ടി. സി. മാത്യുവും. ഒരു കാര്യം കൂടി പറഞ്ഞാലേ വിഭാഗത്തിന്റെ രൂപം പൂർത്തിയാകൂ. കാടൻ മാസ്റ്ററും മൂന്നുശിഷ്യന്മാരും! ഇങ്ങനെ സന്തുഷ്ടമായ ഒരന്തരീക്ഷത്തിലായിരുന്നു എന്റെ ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം.

1957 ഡിസംബറോടെ ഇന്ദുചൂഡൻ ഗവൺമെന്റ് സെലക്ഷൻകിട്ടി മഹാരാജാസിലേക്ക് പോയി. 1957 ജൂലൈ എന്റെ ഓർമ്മയിൽ ഒരു പ്രത്യേകഘട്ടമായി നിലകൊള്ളുന്നു. സാലസച്ചനെന്നെ മുറിയിലേക്ക് വിളിപ്പിച്ചു. "Hallo Young man, there is a new provocation for you "അദ്ദേഹം പറഞ്ഞു." "What is it Father ?" ഞാൻ അന്വേഷിച്ചു.You are being promoted as a lecturer -മറുപടി. ഒരു ചെറുപ്പക്കാരനെ സന്തോഷിപ്പിക്കാനും സംതൃപ്തനാക്കാനും കൂടുതൽ കാര്യക്ഷമതയോടെ കർമ്മോന്മുഖനാക്കാനും ഇതിൽ കൂടുതൽ എന്തുറപ്പാണ് വേണ്ടത്? നേരിൽ വിളിച്ചുപറയാതെ ഇത് ഒരു ഓർഡറായി അടിച്ചുതരാമായിരുന്നു. പക്ഷേ , ഇങ്ങനെ ഒരു പ്രതികരണം സൃഷ്ടിക്കുവാനതിനൊരിക്കലും കഴിയുകയില്ലായിരുന്നു.

1958 കോളേജിന്റെ ചരിത്രത്തിൽ മറക്കാൻ പറ്റാത്ത ഒരുഘട്ടമായി വർത്തിക്കുന്നു. രാഷ്ട്രീയം കലാലയത്തിലേക്ക് പതുക്കെ തിരനീക്കി എത്തിയ ഘട്ടമായിരുന്നു അത്. അതുവരെ ബൈ-വീക്കിലി ടെസ്റ്റുകളും പ്രാക്ടിക്കലുകളുമായി വിദ്യാർത്ഥികൾ കഴിഞ്ഞുപോന്നിരുന്നു. പ്രാക്ടിക്കൽ ക്ലാസ്സുകൾ ഒഴിവാക്കിയാൽ പിഴയീടാക്കുമായിരുന്നു. പൊ

തുടക്കത്തിൽ വേണ്ടത്ര പ്രാഗത്ഭ്യം കാണിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകിയിരുന്നു. B.Sc. സുവോളജി പരീക്ഷാഫലം വരുമ്പോൾ ഒന്നോ രണ്ടോ സെക്കൻറ് ക്ലാസ്സൊഴിച്ച് ബാക്കിയെല്ലാം ഫസ്റ്റ് ക്ലാസ്സായിരുന്നു. തേർഡ്ക്ലാസ്സുകാരുണ്ടായിരുന്നില്ല. റാങ്കുകളും സാധാരണയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ധ്യാപനത്തിലും അദ്ധ്യയനത്തിലും മെരുക്കും ചിട്ടയുമുണ്ടായിരുന്നു.

എന്നാൽ വിമോചനസമരത്തിനുശേഷം വീണ്ടും കലാലയ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ചില മാറ്റങ്ങൾ കാണായി. പഠിപ്പിക്കുന്നതിലും പഠിക്കുന്നതിലും കുറേശ്ശേ വീഴ്ചകൾ കണ്ടു തുടങ്ങി. വീഴ്ചകൾ തിരുത്തുന്നതിനു പകരം ശ്ലാഘിക്കപ്പെടുകയാണുണ്ടായത്. രാഷ്ട്രീയം കാമ്പസ് ജീവിതത്തിന്റെ പ്രതിഷ്ഠാപിതഭാഗമായി മാറി. തുടക്കത്തിൽ പ്രതികൂലപ്രതിഫലനം ഭാഷാവിഭാഗങ്ങളിലും കലാവിഭാഗങ്ങളിലുമാണ് കണ്ടുതുടങ്ങിയതെങ്കിലും സാവധാനത്തിലത് ശാസ്ത്ര വിഭാഗങ്ങളിലേക്കും വ്യാപിച്ചു. അദ്ധ്യാപകവിദ്യാർത്ഥി ബന്ധങ്ങൾക്കും ഉലച്ചിൽ തട്ടി. മാനേജ്മെൻറിനോട് ഈ വിദ്യാർത്ഥി വിഭാഗത്തിന്റെ സമീപനം വഷളായിക്കൊണ്ടിരുന്നു. 1964-65 ൽ അത് പുകഞ്ഞു കത്തുകയും ചെയ്തു.

അടുത്ത നാഴികക്കല്ല് 1959 - ൽ കണ്ടെത്താൻ കഴിയും. അമേരിക്കയിൽ ഉപരിപഠനത്തിന് പോയിരുന്ന റവ. ഫാ. തിയോബാൾഡ് ജന്തുശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തി. അല്പം പരുക്കനായ പെരുമാറ്റം, ഒട്ടും കുസലില്ലായ്മ. വെട്ടിത്തുറന്നഭിപ്രായങ്ങൾ പറയുന്ന രീതി, നീണ്ടുനിവർന്ന ദൃഢമായ ശരീരം. ഇതാണ് തിയോബാൾഡച്ചൻ. പക്ഷേ, മനസ്സിലാക്കാൻ ശ്രമിച്ചവർക്കൊക്കെ അദ്ദേഹം പ്രിയങ്കരനായിരുന്നു. തിരിച്ചെത്തിയ അദ്ദേഹം വിഭാഗത്തിലെ പ്രൊഫസറും പ്രിൻസിപ്പലുമായി ചാർജെടുത്തു. വിഭാഗത്തിലെ ദൈനംദിന കാര്യങ്ങൾ കാടൻ മാസ്റ്റർ തന്നെ നോക്കി നടത്തി. 1959-ൽ വിഭാഗത്തിൽ എം. എസ്. സി. കോഴ്സും ആരംഭിച്ചു. സ്പെഷ്യൽ സബ്ജെക്ടായ പരിസ്ഥിതി ശാസ്ത്രം എടുത്തിരുന്നത് ഫാ. തിയോബാൾഡ് തന്നെയായിരുന്നു.

1959-ൽ തുടങ്ങിയ എം. എസ്. സി. യിലെ ആദ്യബാച്ചിൽ ആറ് വിദ്യാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. ദേവസ്യ, റപ്പായി, ഫ്രാൻസിസ്, സെബാസ്റ്റ്യൻ, റവ. ഫാ. എളങ്കുന്നപ്പുഴ, സ്റ്റാൻലി എന്നിവരായിരുന്നു അവർ. ഇവർ 1961-ൽ പരീക്ഷയ്ക്കെഴുതുമ്പോൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും തേവരയിലും മാത്രമേ സുവോളജി എം. എസ്. സി. ഉണ്ടായിരുന്നുള്ളൂ. അക്കൊല്ലം രണ്ടു ഫസ്റ്റ് ക്ലാസ്സുകൾ ലഭിച്ചു, ഒന്ന് തിരുവനന്തപുരത്ത് മറ്റൊന്ന് തേവരയിലും. തേവരയിലെ സെബാസ്റ്റ്യൻ ഫസ്റ്റ് റാങ്ക്നേടി. ആദ്യബാച്ചിലെ ഫ്രാൻസീസ്, ദേവസ്യ, റപ്പായി എന്നിവർ തേവരയിൽ തന്നെ അദ്ധ്യാപകരായിത്തീർന്നു. റവ. ഫാ. ഇളങ്കുന്നപ്പുഴ സെൻറ് തോമസിലും സെബാസ്റ്റ്യൻ ശ്രീശങ്കരകോളേജിലും സ്റ്റാൻലി അണ്ണാമലയിലും ജോലിയിൽ പ്രവേശിച്ചു. മൂന്നാമത്തെ ബാച്ചോടെ പത്തു പേരെ എടുക്കാമെന്ന നിലയായി. ഇക്കാലത്ത് പൂർണ്ണമായും ആൺകുട്ടികൾക്കു വേണ്ടിയുള്ള കോളേജായിരുന്നു. ഫാ.സാലസ്, ഫാ. തിയോബാൾഡ്, ഫാ.ജയിംസ് അരേക്കാസ്, പ്രൊഫ.കേരളവർമ്മത്തമ്പുരാൻ, ഫാ.മാഴ്സൽ എന്നിങ്ങനെ പോകുന്നു അഞ്ചു പേരെത്തുടർന്ന് ഫാ.വിക്റ്റോറിയൻ പ്രിൻസിപ്പലാകുന്നു. ഈ കാലത്താണ് വിദ്യാർത്ഥിനികളെ കോളേജിൽ പ്രവേശിപ്പിച്ചത്. അതിനാൽ ഈ കാലത്തെ 'വിക്ടോറിയൻ ഈറ' എന്നു വിശേഷിപ്പിക്കാറുണ്ട്. വിക്റ്റോറിയനച്ചനെത്തുടർന്ന് ആർക്കേഞ്ചലച്ചൻ പ്രിൻസിപ്പലായി. 1968-69, 1972-73 എന്നീ വർഷങ്ങൾ കലാപകലുഷിതങ്ങളായിരുന്നു. 1972 സെപ്റ്റംബറോടെ അദ്ധ്യാപകർക്ക് ഡയറക്റ്റ് പേമെൻറ് നിലവിൽ വന്നു. 1958-നു മുമ്പ് കോളേജ് സർവ്വീസിൽ പ്രവേശിച്ചവർക്ക് അറുപതുവയസ്സുവരെ തുടരുവാനുള്ള അവകാശവും അനുവദിച്ചു കിട്ടി. തുടർന്ന് ഈ കാലത്ത് ഫാ.ആർക്കേഞ്ചൽ, ഫാ.അക്വിനാസ്, ഫാ.കല്ലറയ്ക്കൽ, ഫാ.ഡാൻ തോട്ടക്കര എന്നിവർ പ്രിൻസിപ്പൽമാരായി. അങ്ങനെ പത്ത് പ്രിൻസിപ്പൽമാരുടെ കാലഘട്ടങ്ങൾ ഞാൻ പിന്നിട്ടു.

1970-കളിൽ ബിരുദബിരുദാനന്തര മേഖലകളിലെല്ലാം ചിട്ടപ്പെട്ട അദ്ധ്യയനം നിലവിൽ വന്നിരുന്നു. നല്ല ഫലങ്ങൾ വിഭാഗത്തിൽ ലഭ്യമാകാൻ തുടങ്ങി. 1971-ൽ പല മാറ്റങ്ങൾക്കും ഡിപ്പാർട്ട്മെൻറ് വിധേയമായി. പോൾ ... അച്ചന്റെ മരണം, പ്രൊഫ.ടി.സി. മാത്യുവിന്റെ സ്ഥലം മാറ്റം എന്നിവയായിരുന്നു അവയിൽ മുഖ്യം. 1971-ൽ തിയോബാൾഡച്ചൻ പ്രയർ ജനറൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. ഒരു കൊല്ലം മാത്യുസാർ വിഭാഗത്തിന്റെ മേൽ നോട്ടം വഹിച്ചു. അദ്ദേഹം പെട്ടന്ന് മരിക്കുകയും എനിക്ക് പുതിയ ചുമതലകളേൽക്കേണ്ടി വരുകയും ചെയ്തു. 1974-ൽ തിയോബാൾഡച്ചൻ വിരമിച്ചതിനെത്തുടർന്ന് എനിക്ക് വകുപ്പു തലവനായി കയറ്റം കിട്ടി. തുടർന്ന് ഞാനും എട്ട് ശിഷ്യന്മാരും കൂടി വിഭാഗത്തിന്റെ ചുമതലകൾ വഹിച്ചുപോന്നു. വീണ്ടും വിഭാഗത്തിലുണ്ടായ മറ്റൊരത്യാഹിതം പ്രൊഫ. വി.കെ. ജോസഫിന്റെ അകാലവിയോഗമത്രേ. ഇതിനിടയ്ക്ക് ബി.എസ്.സി.

എം.എസ്.സി. എന്നീ ബിരുദങ്ങളുടെ സിലബസ് സമൂലം പരിഷ്കരിച്ചിരുന്നു. പുതിയ രീതിയിലുള്ള പ്രാക്റ്റിക്കലുകൾ ആരംഭിച്ചു. എമ്പതുകളിൽ എനിക്കും. എന്റെ ഒരു ശിഷ്യനും (റപ്പായി) ഡിപ്പാർട്ട്മെന്റിൽ നിന്ന് യാത്ര പറയേണ്ടി വന്നു.

1988- നവംബറിൽ എന്റെ ഷഷ്ടിപൂർത്തി കഴിഞ്ഞിരുന്നു. എന്നാൽ ഭാഗ്യത്തിന് കൊല്ലാവസാനംവരെ - അതായത് 1989 മാർച്ച് 31 വരെ തുടരാനുള്ള നിയമം നിലവിൽ വന്നിരുന്നു. അതിനാൽ 1989 മാർച്ച് 31 ന് മാത്രമാണ് എനിക്കു ജോലിയിൽ നിന്നും പിരിയേണ്ടിവന്നത്. അങ്ങനെ തുടർച്ചയായ 33 വർഷത്തെ ബന്ധങ്ങൾക്കു ശേഷം ഞാൻ ജന്തുശാസ്ത്ര വിഭാഗത്തോട് വിടപറഞ്ഞു. അപ്പോഴേക്കും പഠിപ്പിക്കൽ എന്റെ ദിനചര്യയായി മാറി കഴിഞ്ഞിരുന്നു. ആ ദിനചര്യയിൽ നിന്നും വിട്ടു നിൽക്കാൻ മനസ്സ് വന്നില്ല. ഭാഗ്യത്തിന് സതീർത്ഥ്യരും, സമകാലീനരുമായ ചിലർ തുടങ്ങിയ ഒരു സംരംഭത്തിൽ തുടർന്നും പഠിപ്പിക്കാൻ കഴിഞ്ഞതൊരു ഭാഗ്യമായി.

പ്രത്യേകം ഓർക്കുന്ന ഒരു സംഭവം രേഖപ്പെടുത്തട്ടെ. 1965-ൽ ഞാൻ പെട്ടെന്ന് രോഗഗ്രസ്തനായി. മാനേജരായ മലേഷ്യസ് അച്ചൻ എന്നെ ലിസി ആശുപത്രിയിലാക്കി. ഒരു'ലങ്' ഓപ്പറേഷൻ വേണ്ടി വന്നു. അഞ്ചോ ആറോ കുപ്പി രക്തം ആവശ്യമായിരുന്നു. വിവരമറിഞ്ഞ് ന്തുശാസ്ത്രവിഭാഗത്തിൽ നിന്നും നിരവധി വിദ്യാർത്ഥി ൾ ചേർന്ന് ഒരു ജാഥയായിത്തന്നെ രക്തം നല്കുന്നതി നത്തി. ഒരദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം ഒരിക്കലും ക്കാൻ കഴിയാത്ത ഒരനുഭവമായിരുന്നു അത്.

അന്നത്തെ അദ്ധ്യാപകസുഹൃത്തുക്കളിൽ ചിലരെ നുസ്മരിക്കാതിരിക്കുന്നത് ശരിയല്ല. രസതന്ത്രത്തിന്റെ പ്പത്ത് വർഗ്ഗീസ് സാറായിരുന്നു. മാത്സിലെ കൊച്ചാ സാർ, കൃഷ്ണൻ സാർ എന്നിവരെ ഓർക്കുന്നു. ഫിസി ിലെ ഡാനിയൽ സാർ, പോൾസാർ, ചെറിയ പി.എം., ുണ്ണി സാർ എന്നിവരും സ്മരണയിലുണ്ട്. ഇക്കണോ സിലെ സിറിയക് സാർ, ജേക്കബ് സാർ, ഹിസ്റ്ററിയി ബ്രഹം കുര്യൻ സാർ എന്നിവരെ വിസ്മരിക്കാൻ കഴി ഇംഗ്ലീഷിലെ പി.ടി. ചാക്കോസാർ, കെ.ജെ. ജോൺ ഗോപിസാർ, മലയാളത്തിലെ ദേവസ്യാ സാർ, ാസാർ, ചുമ്മാർ സാർ, ഹിന്ദിയിലെ നാരായണൻ സാർ, മല്ലയ്യസാർ, ബോട്ടണിയിലെ തളിയൻ ജോ സാർ, കോമേഴ്സിലെ കേരളവർമ്മത്തമ്പുരാൻ, ബാസച്ചൻ, വലിയ പി. എം. ജോസഫ് സാർ, ൻകുട്ടിമേനോൻസാർ, ഫിസിക്കൽ അവറാച്ചൻ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. സമകാലിക സാഹിത്യനായകന്മാരുടെ സഹവാസങ്ങൾ അനുസ്മരിക്കുന്ന ചുമ്മാർ സാർ, കർമ്മോത്സുകനും ഉല്ലാസവാനുമായ നാരായണൻനായർ സാർ, നിശ്ശബ്ദനായികഴിഞ്ഞുകൂടുകയായിരുന്ന മല്ലയ്യ മാസ്റ്റർ, ഫ്രഞ്ചദ്ധ്യാപകനും സൗമ്യനുമായ ഗബ്രിയേലച്ചൻ, ശുദ്ധനായിരുന്ന വൈസ്പ്രിൻസിപ്പൽ ബർണ്ണബാസച്ചൻ എന്നിവരെയും സ്മരിക്കുന്നു.

വർഗ്ഗീസ് സാറിന്റെഅടുക്കും ചിട്ടയും കാര്യക്ഷമതയും വളരെ പ്രസിദ്ധമായിരുന്നു. കൊച്ചാപ്പുസാറിന്റെ മലയാളം പ്രസംഗങ്ങൾ നർമ്മം മുറ്റിനിന്നു. വസ്തു നിഷ്ഠമായ അവതരണങ്ങളായിരുന്നു അവ.. പ്രായഭേദമന്യേഏബ്രഹാം കുര്യൻ സാർ എല്ലാവരുടെയും സുഹൃത്തായിരുന്നു. സിറിയക്സാറിന്റെ പ്രസംഗങ്ങളിൽ നിറഞ്ഞിരുന്ന ''ബൊംബാസ്റ്റിക്'' വാക്കുകളുടെകസർത്തുകൾ ശ്രദ്ധേയങ്ങളായിരുന്നു. തൃശ്ശൂർ ശൈലിയിൽ അവസാനംവരെ സംസാരിച്ചിരുന്ന ഡാനിയൽ സാർ കോളേജിന്റെ പൊതു ടൈംടേബിൾ ഉണ്ടാക്കുന്നതിൽ പ്രഗല്ഭനായിരുന്നു. കോളേജിന്റെ റജിസ്ട്രാർ എന്ന് പരക്കെഅറിയപ്പെട്ടിരുന്ന ലോനൻമാസ്റ്ററെ അനുസ്മിക്കാത്തത് അനുചിതമായിരിക്കും. അദ്ദേഹത്തിന്റെ കൈകൾക്കു കരുത്തു നല്കിയിരുന്ന പോത്തനെയും കെ. ജെ. യെ യും അനുസ്മരിക്കുന്നു.

ഇനി മുൻപറഞ്ഞ പ്രഗല്ഭന്മാരുടെ പിന്മുറക്കാരാണ്. ഇംഗ്ലീഷിലെ കെ. ജെ. ജോൺ, ഡബിൾ മുണ്ട് അഴിച്ചുടുത്ത്, അതിന്റെ വക്കിനാൽ കോളേജുവരാന്ത അടിച്ചു കൊണ്ടു വരുന്ന കാഴ്ച ഇന്നും കൺമുന്നിൽ നിന്നും മായാതെ നിൽക്കുന്നു. പിൻമുറക്കാരായ ഞങ്ങളുടെ കാരണവസ്ഥാനം വഹിച്ചിരുന്നത് വലിയ പി. എം. തന്നെ. പക്വത നിറഞ്ഞ അദ്ദേഹത്തിന്റെ പെരുമാറ്റവും സംസ്കാരവും മറക്കാനാവില്ല. കോളേജിൽ കൊല്ലംതോറും നടന്നിരുന്ന ടെന്നീസ്മാച്ച്, വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നുള്ള ഓപ്പൺ ചാംപ്യൻ ഷിപ്പ് ആയിരുന്നു. അതിൽ ചാക്കുണ്ണിയും ചെറിയ പി.എം. ജോസഫ് സാറും, ജേക്കബും ഞാനും സ്ഥിരക്കാരായിരുന്നു. ഏതാണ്ട് പന്ത്രണ്ടുകൊല്ലം ഞാനും ജേക്കബ് സാറും ഫൈനൽസിൽ ഏറ്റുമുട്ടിയിട്ടുണ്ട്. തുല്യതവണകളിൽ ചാമ്പ്യന്മാരായിട്ടുമുണ്ട്. ഇവരോടും കൃഷ്ണൻകുട്ടിമേനോൻ, പി.ഒ. ദേവസ്യാസാർ, അവരാൻ എന്നിവരോടും ചേർന്ന് പലകർമ്മരംഗങ്ങളിലും പ്രവർത്തിച്ചപ്പോഴുണ്ടായ എണ്ണമറ്റ അനുഭവങ്ങൾ നിരത്താൻ തുടങ്ങിയാൽ വളരെ നീണ്ടു പോകും.

കൃഷ്ണൻകുട്ടിമേനോന്റെ നർമ്മം തുളുമ്പുന്ന പ്രയോഗങ്ങൾ വളരെ പ്രസിദ്ധങ്ങളായിരുന്നു. പൊതുവായ രജി

സ്റ്റർ ഇക്കണോമിക്സ് -കോമേഴ്സ്-സോഷ്യോളജി സ്റ്റാഫ്റൂമിലായിരുന്നു സൂക്ഷിച്ചിരുന്നത്. അതുകൊണ്ട് സുവോളജിക്കാരും, ബോട്ടണിക്കാരും ആ മുറിയിൽ കടന്നു രജിസ്റ്ററിൽ ഒപ്പു, ചാർത്തിയിട്ടു വിഭാഗങ്ങളിലേക്ക് പോകുമായിരുന്നുള്ളൂ. അതൊരു ശരിയായ കടമ്പയായിരുന്നു. ഒരു കാലത്ത് സോഷ്യൽ വർക്കുകാരും, അവിടെയായിരുന്നു. അതിലെ കടന്നുപോകുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ ഇക്കണോമിക്സ്- കോമേഴ്സ് കാലുവാരിയതുതന്നെ. അതിന്റെ നേതൃത്വം കൃഷ്ണൻകുട്ടിമേനോനായിരുന്നു. ഇടയ്ക്കൊന്നു പറഞ്ഞോട്ടെ. പുതിയ ചെറുപ്പക്കാർ കല്യാണം കഴിഞ്ഞു വന്നാൽ ആദ്യത്തെചോദ്യം, 'ഭാര്യയ്ക്കു ജോലിയുണ്ടോ? ' എന്നായിരിക്കും. 'ജോലിയുണ്ട്' എന്നാണ് മറുപടിയെങ്കിൽ ഉടനെ വന്നുകമന്റ് 'അപ്പോൾ രണ്ടുപേർക്കും പേയുണ്ടല്ലോ?' - ഈ മാതിരിയാണ് അവിടത്തെ കമന്റുകൾ.

ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരുടെയും, അനദ്ധ്യാപകരുടെയും അവരുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളുടെയും അതിലൂടെ ലഭ്യമായ നേട്ടങ്ങളുടെയും വിവരണം വളരെ നീണ്ടുപോകും. ആദ്യശിഷ്യന്മാരായ ഫ്രാൻസിസിനെയും, റപ്പായിയെയും പ്രത്യേകം അനുസ്മരിക്കാതെ നിവൃത്തിയില്ല. തിയോബാൾഡച്ചന്റെ ലാളനയിൽ ഡിപ്പാർട്ട്മെന്റ് വളർന്നതും അനുസ്മരിക്കുന്നു. ഞങ്ങൾക്കൊരു "Good rich"ഡിപ്പാർട്ട്മെന്റിലുണ്ടായിരുന്നു. അതാണ് റാഫേൽ, സാക്ഷാൽ ഡോ. ഗ്രാവേലിയുടെ കീഴിൽ പ്രത്യേക പരിശീലനംകിട്ടിയ 'ടാക്സിഡർമിസ്റ്റ്'. അദ്ദേഹത്തിന്റെ പ്രയത്നമാണ് ആനയുടെയും, ആനക്കാരന്റെയും, തിമിംഗലത്തിന്റെയും എല്ലുകൾക്ക് രൂപംകൊടുക്കാൻ സഹായിച്ചത് . ലൈബ്രറി പ്രവർത്തനങ്ങൾ സുഗമമായത് പപ്പു എന്ന വ്യക്തിയുടെ നിഷ്കാമപ്രവർത്തനത്തിലൂടെയാണ്.

1964-ലെ സോഷ്യോളജി വിഭാഗം തുടങ്ങുന്നു. ഡോ. ലിഗോറിഅച്ചൻ തലവനായെത്തുന്നു. എപ്പോഴും സുസ്മേരവദനനായ അദ്ദേഹത്തെ കാണുവാൻ കഴിയും. ശരിക്കു പറഞ്ഞാൽ നൂറുശതമാനവും ഒരു ജന്റിൽമാനായിരുന്നു അദ്ദേഹം. ആ വിഭാഗത്തിലെ ഒരച്ചനാണ് ഇന്നത്തെ പ്രിൻസിപ്പൽ.

വിദ്യാഭ്യാസരംഗത്ത് പ്രായോഗികമായ പലമാറ്റങ്ങളും വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. തൊഴിലധിഷ്ഠിതകോഴ്സുകൾ വേണം ഇനിയങ്ങോട്ട് എന്നുവന്നിരിക്കുന്നു. നിർണ്ണായകമായ മാറ്റങ്ങൾവഴി വിദ്യാഭ്യാസരംഗത്ത് പുതിയ മാനങ്ങൾ സൃഷ്ടിക്കേണ്ട പരിവർത്തനത്തിന്റെ കാലമാണിനി. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് വിജയം കൈവരിക്കാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കണം. കലാലയത്തിന്റെ വളർച്ചക്കാവശ്യമായ ഈ നീക്കങ്ങൾക്ക് അമരംപിടിക്കാനും പിൻബലം നല്കാനും കരുത്തനായ ഒരു മാനേജരുടെ സാന്നിദ്ധ്യം ആവശ്യമാണ്. ഈ മാറ്റങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കരുത്തുറ്റ, ഉൾക്കാഴ്ചയുള്ള, ഒരു പ്രിൻസിപ്പലും ഉണ്ടാകണം. ഇതിനുതകുന്ന, കരുത്തരായ മാനേജരും പ്രിൻസിപ്പലും ഭാഗ്യവശാൽ കലാലയത്തിലുണ്ട്. ഈ മാറ്റങ്ങൾക്കു തുടക്കം കുറിക്കുന്ന ഒരു കോഴ്സും വിഭാഗത്തിൽ ആരംഭിച്ചുകഴിഞ്ഞു. അവരുടെ കാൽവയ്പുകൾക്കെല്ലാം എന്റെ ഹൃദയംഗമമായ ആശംസകൾ. വിഭാഗത്തിന്റെ ഇപ്പോഴത്തെ തലവനും എന്റെ ഒരു പഴയ ശിഷ്യനാണ്. അദ്ദേഹത്തിനും എന്റെ വിജയാശംസകൾ നേരുന്നു.

1989 മാർച്ച് 31-ന് വലിയ ഹൃദയവേദനയോടെ അവിടത്തെ അദ്ധ്യാപക-അനദ്ധ്യാപകരോടും, സ്നേഹമുള്ള വിദ്യാർത്ഥികളോടും യാത്രപറഞ്ഞ് ഞാനിറങ്ങി. വിശ്രമിക്കാനല്ല- അദ്ധ്യാപനം തുടരാൻ. അതിപ്പോഴും തുടരുന്നു.

*  *  *

വിശക്കുന്ന ഒരാൾക്കു ഹൃദ്യമായ ഭക്ഷണം രുചിക്കുന്നതുപോലെതന്നെ, വിശക്കുന്ന ഒരാത്മാവിനു ഹൃദയപൂർവ്വകമായ ഒരു പ്രാർത്ഥനയും രുചിക്കുന്നു.

*മഹാത്മഗാന്ധി*



# തേവര കലാലയം :

## പ്രാരംഭകാലഘട്ടത്തിലേക്ക് ഒരെത്തിനോട്ടം

**ശ്രീ. എം. പി. മത്തായി**

കർമ്മലീത്ത നിഷ്പാദുക മൂന്നാംസഭ (ഇന്നത്തെ സി.എം.ഐ. സഭ) യുടെ കടിഞ്ഞൂൽ പുത്രിയായ തേവര കോളേജിന്റെ 50-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ സുവർണ്ണാവസരത്തിൽ, പ്രസ്തുത കലാലയവുമായി അതിന്റെ പ്രാരംഭകാലം മുതൽ 43 വർഷത്തെ സുദീർഘമായ എന്റെ സേവന കാലയളവിലുണ്ടായിട്ടുള്ള സംഭവങ്ങളെപ്പറ്റി ഒരു ചെറു ലേഖനം തയ്യാറാക്കണമെന്ന് എന്നോടാവശ്യപ്പെട്ടപ്പോൾ അനല്പമായ സന്തോഷമാണുണ്ടായത്. കാരണം, 1944 ജൂൺ മുതൽ 1987 ജൂലൈ വരെയുള്ള ഒരു സുദീർഘസേവനകാലം മുമ്പോ വരുംകാലത്തോ ആർക്കെങ്കിലും അവകാശപ്പെടാൻ കഴിയുമെന്ന് തോന്നുന്നില്ല. നിയമങ്ങളും സേവനവ്യവസ്ഥിതികളും കാലാനുസരണം മാറി എന്നതുകൊണ്ടാണത്. അക്ഷരാർത്ഥത്തിൽ തന്നെ 'ഒന്നുമില്ലായ്മ'യിൽ നിന്നുയിർകൊണ്ട ഈ കലാലയ ശിശുവിന്റെ ദൈനംദിന വളർച്ചയ്ക്ക് ദൃക്സാക്ഷിയെന്നോണമായിരുന്നു എന്റെ ജീവിതചര്യ. 13 വർഷങ്ങളോളം എസ്.എച്ച്.മെസ്സ്ഹാളിന്റെ കിഴക്കുവശത്ത് റോഡരുകിൽ സ്ഥിതി ചെയ്തിരുന്ന 'അഞ്ചലാപ്പീസ്' ആയി അറിയപ്പെട്ടിരുന്ന കിളിക്കൂടുപോലുള്ള ഇരുനില മാളികയുടെ മുകൾത്തട്ടിലെ 3-ാം നമ്പർ മുറിയിലായിരുന്നു എന്റെ വാസം. ഞായറാഴ്ചയൊഴികെയുള്ള ദിവസങ്ങളിൽ 9 മുതൽ 5 മണി വരെ കോളേജിൽത്തന്നെയായിരുന്നു കഴിച്ചു കൂട്ടിയത്. പ്രാരംഭകാലം മുതൽ ഇന്നോളം തേവരയിൽ സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ അത്ഭുതകരമെന്നേ പറയേണ്ടൂ. അന്നുണ്ടായിരുന്ന വിദ്യാർത്ഥികളിലും സ്റ്റാഫംഗങ്ങളിലും സിംഹഭാഗവും തിരുവിതാംകൂറിൽ നിന്നുള്ളവരായിരുന്നതിനാൽ ഒരു 'തിരുവിതാംകൂർ കോളനി'യായി നാട്ടുകാർ കോളേജിനെ വിശേഷിപ്പിച്ചിരുന്നു. ബഹുമാന്യരായ വൈദികരുടെ മേൽനോട്ടത്തിലുള്ള ഹോസ്റ്റൽ അന്തരീക്ഷവും കോളേജിന്റെ പടിപടിയായുള്ള വളർച്ചയുമായിരുന്നു വിദ്യാർത്ഥികളെ തേവരയിലേയ്ക്ക് വിശേഷിച്ചാകർഷിക്കാൻ കാരണമായിത്തീർന്നത്.

ഈ മഹൽ സ്ഥാപനം പ്രവർത്തനമാരംഭിച്ചത് 1944 ജൂൺ 16-ാം തിയതിയാണല്ലോ. അതിന്നു രണ്ടു മാസത്തിനുശേഷം അന്നത്തെ ദിവാനായിരുന്ന സർ.ജോർജ്ജ് ടി. ബോഗ് ഔപചാരികമായി കോളേജിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അന്നത്തെ അധികാരികളുടെ ഊർജ്ജസ്വലമായ മനസ്സും അക്ഷീണശരീരവുമായിരുന്നു പ്രധാന പ്രേരകശക്തി. എല്ലാറ്റിനുമുപരിയായി സർവ്വേശ്വരന്റെ അനുഗ്രഹവും. ''അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.''-(ബൈബിൾ)

കേവലം ഒന്നും മൂന്നും ഗ്രൂപ്പുകളോടെ ഇന്റർമീഡിയറ്റ്, കണക്ക്, ധനതത്ത്വശാസ്ത്രം എന്നിവയിൽ ബി.എ, ബി. കോം എന്നീ കോഴ്സുകളോടെ ആരംഭം കുറിച്ച കലാലയം ഇന്ന് പ്രീഡിഗ്രിക്കു പുറമേ 8 ബിരുദ കോഴ്സുകളും 7 ബിരുദാനന്തര കോഴ്സുമായി പടർന്ന് പന്തലിച്ച് കേരളക്കരയിലെ ഒരു വലിയ വിജ്ഞാനവടവൃക്ഷമായിത്തീർന്നിരിക്കുന്നു. 1955-ൽ തുടങ്ങിയ ഡി.എസ്.എസ്സും 1961-ലാരംഭിച്ച എം. എസ്. ഡബ്ലിയുവും കൂടുതൽ പഠന സൗകര്യാർത്ഥം പിൽക്കാലത്ത് കളമശ്ശേരിയിലെ രാജഗിരിയിലേക്ക് പറിച്ചു നടുകയുണ്ടായി. 1975 മുതൽ ഈ സ്ഥാപനം അധികാരികളുടെ അനുഗ്രഹാശിസ്സുകളോടെ പെൺകുട്ടികൾക്കുകൂടി പ്രവേശനമനുവദിച്ചത് എടുത്തു പറയത്തക്ക നേട്ടമത്രെ.

---

*1944-ൽ കോളെജ് ആരംഭിക്കുമ്പോൾ ഇവിടെ ടൈപ്പിസ്റ്റായി ചേർന്ന ശ്രീ. എം.പി. മത്തായി നാല്പത്തിമൂന്നു വർഷത്തെ സേവനത്തിനു ശേഷം 1987-ൽ റിട്ടയർ ചെയ്തു. റിട്ടയർ ചെയ്യുമ്പോൾ ഓഫീസ് സൂപ്രണ്ടായിരുന്നു ഇദ്ദേഹം. ഈ സ്ഥാപനത്തിൽ ഇത്രയും കാലം തുടർച്ചയായി ജോലി ചെയ്തവരില്ല.*

മറ്റൊരു സുപ്രധാന കാര്യം പ്രാരംഭകാലം മുതൽ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അധ്യാപക ശ്രേഷ്ഠന്മാരാണ്. എന്തു വിലകൊടുത്തും പ്രഗല്ഭരായ അധ്യാപകരെ നിയമിക്കണമെന്ന മാനേജ്മെൻറിൻെറ ഉറച്ച തീരുമാനമാണ് ആ നേട്ടത്തിന് വഴിയൊരുക്കിയത്. ഷെവ.സി.ജെ.വർക്കി, പ്രൊഫ.മാർട്ടിൻ തോമസ് (മദ്രാസ്), പ്രൊഫ.കെ.ജെ.സിറിയക്, പ്രൊഫ. എം.സക്കറിയാസ്, കേരളവർമ്മത്തമ്പുരാൻ, പ്രൊഫ. എം.വി. വർഗ്ഗീസ്, പ്രൊഫ.സി.ജെ.ഡാനിയൽ, പ്രൊഫ.പി.എ.ജോസഫ്, പ്രൊഫ.സി.സി. ചാക്കോ, പ്രൊഫ.പി.കെ.നാരായണൻ നായർ, തുടങ്ങിയ അല്മായരും, ബഹുമാനപ്പെട്ട തിയഡോഷ്യസച്ചൻ, മാർസലച്ചൻ, ആൻറണിയച്ചൻ തുടങ്ങിയ വൈദികശ്രേഷ്ഠരും അവരിൽ ചിലർമാത്രം. ഇവരിൽ ഷെവ. സി.ജെ. വർക്കി ഈ സ്ഥാപനത്തിൻെറ പ്രാരംഭദശയിൽ ചെയ്തിട്ടുള്ള വിലപ്പെട്ട സേവനങ്ങൾ ഒരിക്കലും മറക്കുവാൻ സാധ്യമല്ലാത്ത വസ്തുതകളാണ്.

എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകസംഗതി ആരംഭകാലം മുതൽ ഇവിടുത്തെ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിന് കൊടുത്തിട്ടുള്ള പ്രാധാന്യമാണ്. തൽഫലമായി ഇവിടുത്തെ ബാസ്ക്കറ്റ്ബാൾ ടീം മദ്രാസ് യൂണിവേഴ്സിറ്റിയിലെ ചാമ്പ്യന്മാരായി ഒന്നാം സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. സോഷ്യൽസർവീസ് തുടങ്ങിയ പാഠ്യേതര കാര്യങ്ങൾക്കും ഊന്നൽ നല്കി വിദ്യാർത്ഥികൾക്ക് നല്ല പ്രോത്സാഹനം കൊടുത്തിട്ടുണ്ട്.

തേവരകോളേജിലേതുപോലുള്ള ഹോസ്റ്റൽ സൗകര്യം അന്ന് മറ്റെവിടെയെങ്കിലും ഉണ്ടായിരുന്നോ എന്നു സംശയം. ജാതിമതസമുദായിക പരിഗണന കൂടാതെ എല്ലാവർക്കും തന്നെ ഹോസ്റ്റലിൽ പ്രവേശനം കൊടുത്തിരുന്നു. ഇന്ന് രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ തെളിഞ്ഞുനിൽക്കുന്ന പലരും ഇവിടുത്തെ ഹോസ്റ്റലുകളിലെ അന്തേവാസികളായിരുന്നു.

കഴിഞ്ഞ അരനൂറ്റാണ്ടു കാലയളവിൽ ഈ സ്ഥാപനം കൈവരിച്ചിട്ടുള്ള എണ്ണമറ്റ കാര്യങ്ങളിൽ ചിലതു മാത്രമാണ് ഞാനിവിടെ അനുസ്മരിച്ചത്. അനേകായിരം നല്ല സുഹൃത്തുക്കളെ ഭൂലോകത്തിൻെറ നാനാഭാഗങ്ങളിലും നേടുവാൻ കഴിഞ്ഞു എന്നതാണ് എനിക്കു ലഭിച്ച വിലപ്പെട്ട നേട്ടം. ഞാനതിൽ അത്യന്തം അഭിമാനം കൊള്ളുന്നു. ❑


**With Best Compliments from:**

**Si**

# SOUTHERN INVESTMENTS

Kadavil Court, Arangathe Cross Road, Ernakulam, Cochin-682 018/
Phone: 0484-370365, 369064, Fax : 91-0484-360671

# പഴമയുടെ വാമൊഴികൾ

**റവ. ഫാ. ഓസ്വാൾഡ് സി.എം.ഐ.**

(വിവിധ ഹൈസ്കൂളുകളിൽ പ്രധാനാദ്ധ്യാപകനായി പ്രവർത്തിച്ചശേഷം അദ്ധ്യാപനരംഗത്തുനിന്ന് പിരിഞ്ഞ ഫാ. ഓസ്വാൾഡച്ചൻ ഇന്ന് കൂനമ്മാവ് സി.എം.ഐ. ആശ്രമത്തിലാണ്.)



1940 ലാണ് ഓസ്വാൾഡച്ചൻ തേവര ഹൈസ്കൂളിൽ ഒരു ഗണിതാദ്ധ്യാപകനായിവരുന്നത്. രണ്ടാം ലോകമഹായുദ്ധം കൊടുംപിരികൊണ്ടിരിക്കുന്ന സമയം. കൊച്ചിക്കുമുകളിലൂടെ യുദ്ധവിമാനങ്ങൾ ചീറിപ്പായുന്നു. കഷ്ടപ്പാടിന്റെയും ഞെരുക്കങ്ങളുടെയും ദിനങ്ങൾ. കൊടുത്ത വിറ്റാൽ പോലും തീരാത്ത കടം. ആഹാരം ഇല്ലാത്തനേരം പോലും ഉണ്ടായിരുന്നിട്ടുണ്ട്. അപ്പോഴാണ് 1942 ലെ ആശ്രമയോഗത്തിൽ ഫാ. ഫ്രാൻസീസ് സാലസ് പുതിയകോളേജ് ആരംഭിക്കാനുള്ള ആശയം അവതരിപ്പിക്കുന്നത്. സാമ്പത്തികനില മോശമായ ഈ അവസരത്തിൽ ഇതെങ്ങനെ നടപ്പിലാകും ? ഫാ.ഓസ്വാൾഡ് തന്റെ ആശങ്ക പ്രകടിപ്പിച്ചു.

" ആരാധ്യമായ തിരുഹൃദയത്തിൽ എനിക്ക് പരിപൂർണ്ണമായ വിശ്വാസവും ആശ്രയവുമുണ്ട്" ഫാ. സാലസിന്റെ മറുപടി.

ഫാ.ഓസ്വാൾഡ് പറഞ്ഞു. "മതി, അതുമതി".

ദൈവത്തിലാശ്രയിച്ചുകൊണ്ട് ആശ്രമ സമൂഹം കോളേജ് തുടങ്ങുവാൻ തീരുമാനിച്ചു. ഇപ്പോഴത്തെ ഹൈസ്ക്കൂൾ കെട്ടിടത്തിൽ കോളേജ് തുടങ്ങാനായിരുന്നു തീരുമാനം. പക്ഷെ അതിന് മദ്രാസ് യൂണിവേഴ്സിറ്റി അനുവദിച്ചില്ല.

അന്ന് തിരുവിതാംകൂർയൂണിവേഴ്സിറ്റി നിലവിലുണ്ടായിരുന്നെങ്കിലും മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ തുടങ്ങാനാണ് ഫാദർ സാലസ് ഇഷ്ടപ്പെട്ടത്. മദ്രാസ് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പർ ഫാദർ കാർട്ടി എസ്.ജെ. യുമായി ഫാദർ സാലസിന് നല്ല ബന്ധമുണ്ടായിരുന്നു. അന്നത്തെ വൈസ് ചാൻസിലറായിരുന്ന ഡോ. ലക്ഷ്മണസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ ഒരു സംഘം ഇൻസ്പെക്ഷനു വരുകയും കോളെജുതുടങ്ങുവാൻ ഒരു പുതിയ കെട്ടിടം വേണമെന്നു ശഠിക്കുകയും ചെയ്തു.

പിന്നീട് അദ്ഭുതകരമായ നിർമ്മാണപ്രവർത്തനമാണ് കാണുന്നത് രണ്ടാം ലോകമഹായുദ്ധകെടുതികൾക്കിടയിൽ കേവലം പത്തുമാസം കൊണ്ട് ഫാദർ ഹഡ്രീയൻ ഇരുമ്പോ സിമന്റോ ഉപയോഗിക്കാതെ ചിരട്ടയും കുമ്മായവും കൊണ്ട് ഉറപ്പുള്ള ഒരു കെട്ടിടം നിർമ്മിച്ചു.

തിരുഹൃദയ കലാലയം അങ്ങനെ തേവരയിൽ കായൽത്തീരത്ത് ഉയർന്നുവന്നു. കോളെജ് ഇരിക്കുന്നസ്ഥലത്ത് ചില പാവങ്ങളുടെ കുടുംബങ്ങളാണു താമസിച്ചിരുന്നത്. അവരെ അവിടെനിന്നും ഒഴിപ്പിച്ച് പുനരധിവസിപ്പിച്ചത് ഡിക്സൺ ദിവാനായിരുന്നു. അദ്ദേഹത്തിന്റെ പേരിലുള്ള ഡിക്സൺ ഗ്രൗണ്ട് ഇന്നും നിലനിൽക്കുന്നു. ഫാദർ സാലസിന്റെ സ്വപ്നങ്ങൾ അങ്ങനെ പൂവണിഞ്ഞു.

★ ★ ★

**പ്രൊഫ. എം.വി. വർഗ്ഗീസ്.**

*(തേവരകോളെജിലെ പ്രഥമ അദ്ധ്യാപകനായി നിയമിക്കപ്പെട്ട വ്യക്തി. മദ്രാസ് ലയോള കോളെജിൽ ധനതന്ത്രവിഭാഗത്തിൽ അദ്ധ്യാപകജോലിയിലിരിക്കുമ്പോഴാണ്, അദ്ദേഹത്തെ ഫാദർ സാലസ് തേവരയ്ക്ക് ക്ഷണിച്ചത്.)*



പണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ എത്തിയിരുന്നത് വളരെ ഗൗരവബുദ്ധിയോടെയാണ്. അതുകഴിഞ്ഞാൽ ഒരു തൊഴിൽ കിട്ടുമെന്നുറപ്പുള്ളവരുമായിരുന്നു വിദ്യർത്ഥികൾ. അതിനാൽത്തന്നെ അവരുടെ ഗുരു സങ്കല്പം വളരെ ബഹുമാനഭരിതമായിരുന്നു. ഒരു പക്ഷെ ഗുരുവിന്റെ പോലത്തെ തൊഴിലിൽ ഏർപ്പെടുവാൻ അവർക്ക് ഭാവിയിൽ കഴിഞ്ഞേക്കുമെന്ന പ്രതീക്ഷയാൽ ഗുരുവിനെ അനുകരിക്കുവാനും, അനുസരിക്കുവാനും അവർ ബദ്ധശ്രദ്ധരുമായിരുന്നു.

പഠനകാലം കഴിഞ്ഞാൽ തന്നെയും ഗുരുവിന്റെ ശുപാർശയോ ഉപദേശമോ അവർക്ക് പ്രയോജനകരമാകുമെന്ന [illegible] നിലനിന്നിരുന്നു. ഇന്നത്തെ സ്ഥിതി, അൺഎയ്ഡഡ് സ്ഥാപനങ്ങളിലെന്താണ് ഒരു ജോലികിട്ടുവാൻ കോളേജ് വിദ്യാഭ്യാസം [illegible] ഒന്ന് പ്രതീക്ഷ വലിയ ഒരു വിഭാഗത്തിനുമില്ല അവരാണ്, കോളേജ് അന്തരീക്ഷം സൃഷ്ടിക്കുന്നത്. ഒരു വിനോദ[illegible] പോലെയാണ് അവർക്ക് സുഹൃത്തുക്കളുമായി ഉല്ലസിക്കാനൊരു ഇടവേളയായിട്ടാവരതു കണക്കാക്കു[illegible] തോന്നുന്നു.

ചുറ്റുപാടുകൾ നൽകുന്ന അറിവും, മാധ്യമങ്ങൾ തരുന്ന വിവരവും, ചെറുകുട്ടികളിൽ നിന്നുള്ള കേട്ടറിവും [illegible] ഞാനിത് പറയുന്നത്. എന്തു ദിശയിലാണ് സഞ്ചരിക്കേണ്ടതെന്ന് അറിയില്ലാത്ത ഒരുകൂട്ടിത്താന്റെ കാറ്റും കോള്[illegible] നമ്മുടെയിടെ മനോനിലയാണ്, ഇന്നു മഹാഭൂരിപക്ഷം വിദ്യാർത്ഥികൾക്കും, ഭീകരവും അധ്യാപകർക്കും. ഇതിന് [illegible] മാറ്റമുണ്ടാകണമെന്ന് ഞാൻ പറഞ്ഞാൽ എല്ലാവരും സമ്മതിക്കുമെന്നിയാം. പക്ഷേ, എങ്ങനെ എന്നു പറയു[illegible] പ്പില്ലാത്തത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണിതിനു പരിഹാരം എന്നു പറയുന്നവരുണ്ട്. കേട്ടാൽ ശരിയെന്നു [illegible] തെങ്കിലും പ്രായോഗികതലത്തിൽ ബുദ്ധിമുട്ടുകൾ നിരവധിയാണ്. ഒന്നാമതായി നമ്മുടെ ബൃഹത്തായ മുതൽ [illegible] സംവിധാനങ്ങളും അധ്യാപക സമൂഹവും, പാരമ്പര്യ ഉന്നത വിദ്യാഭ്യാസത്തിനാണിന്ന്. അവിടെ ഒരു പൊളിച്ചുപണി [illegible] പറഞ്ഞാൽ ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ സുസാധ്യവുമല്ല. നമ്മുടെ കലാശാലകളെയെല്ലാം, തൊഴിൽ അധി[illegible] പരിശീലനസ്ഥാപനങ്ങളാക്കി മാറ്റിയെന്നു കരുതുക. എന്നാൽതന്നെ ഈ സംവിധാനത്തിന് ഒരു നിയത [illegible] ക്കുക എളുപ്പമല്ല. അതായത് തൊഴിൽദായകരുടെ താത്പര്യങ്ങളും ആവശ്യങ്ങളും അതിദ്രുതം മാറുന്നതിന് വി[illegible] കമ്പോളാധിഷ്ഠിത ലോകവ്യവസ്ഥയിൽ വ്യവസായിക തൊഴിൽ രംഗങ്ങളിൽ അതിന്റെതായ മാറ്റങ്ങളുടെവേലിയേറ്റ[illegible] തന്നെയുണ്ടാകും. ഇതിനനുസരിച്ച് പരിശീലനത്തിൽ വ്യതിയാനം വരുത്തുവാൻ നമ്മുടെതു പോലുള്ള സ്ഥാപനങ്ങ[illegible] തിക്ക് കഴിഞ്ഞെന്നുവരില്ല.

പ്രീഡിഗ്രി, ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടിയിരുന്ന [illegible] ഉന്നതവിദ്യാഭ്യാസത്തിന്റെ ഒരു സുവർണ്ണദശയായിരുന്നു. ഇന്ന് എല്ലായിടത്തും പ്രവേശനപ്പരീക്ഷയാണ്. സ[illegible] അഭിവൃദ്ധിപ്രാപിച്ചു വരുന്ന ട്യൂഷൻ വ്യവസായത്തിന് തണലാണിന്നും. അധ്യാപകരുടെ ട്യൂഷനും കൂടുന്നതി[illegible] ണ്. കഴിഞ്ഞകാല അധ്യാപിക ജീവിതത്തിലേക്ക് നോക്കുമ്പോൾ എനിക്ക് സംതൃപ്തിയാണ്. ഞാൻ കർക്കശനായ അധ്യാ[illegible] പകനായിരുന്നു. ആ കർക്കശ്യം, ഗുണം ചെയ്തിട്ടുള്ളതായേ എന്റെ ശിഷ്യന്മാരിൽനിന്ന് കേൾക്കാൻ കഴിഞ്ഞിട്ടു[illegible] വളരെയധികം ഉന്നതസ്ഥാനീയർ ഇന്നു എന്റെ ശിഷ്യന്മാരായിട്ടുണ്ട്. അതാണെന്റെ സംതൃപ്തി.

★ ★ ★

റവ: ഫാ. എസ് എച്ച് ആന്റണി സി.എം.ഐ.

*(കോളേജിലെ ഒരു മുൻ പ്രിൻസിപ്പലായ റവ.ഫാ. ആന്റണി പാലാ സി.എം.ഐ. ആശ്രമത്തിൽ വിശ്രമ ജീവിതം നയിക്കുന്നു. അദ്ദേഹം കോഴിക്കോടു ദേവഗിരി, തൃക്കാക്കര ഭാരതമാതാ എന്നീ കോളേജുകളുടെയും പ്രിൻസിപ്പലായിരുന്നു)*

എനിക്കെന്റെ കുട്ടികൾ എന്നും പ്രിയപ്പെട്ടവരായിരുന്നു. അവരുടെ കുസൃതിത്തരങ്ങൾ എന്നെ നോവിച്ചിട്ടില്ലെന്നല്ല. പക്ഷേ, ഞാനതിനൊക്കെ അവർക്ക് മാപ്പുകൊടുക്കുകയാണ് പതിവ്. അതിന് മാപ്പർഹിക്കാത്ത മറ്റാരെങ്കിലും പിന്നിലുണ്ടാ വുമെന്നാണെന്റെ അനുഭവം. നമ്മെക്കാൾ വളരെ പ്രായംകുറഞ്ഞ, ബാലചാപല്യങ്ങൾ നിറഞ്ഞ അവരോട് നാം കരുണയാണ് കാണിക്കേണ്ടത്. കുട്ടികൾ പലപ്പോഴും വഴിപിഴക്കാറില്ല, അവർ വഴിപിഴക്കപ്പെടാറാണ് പതിവ്. രാഷ്ട്രീയകക്ഷികളുടെ കൈകളിലും, നിക്ഷിപ്ത താല്പര്യക്കാരുടെ കൈകളിലും, അവർ നല്ല ആയുധങ്ങളാകാറുണ്ട്. ഞാനതുകൊണ്ട് അവരെ വെറുക്കാറില്ല. അവരിൽ നന്മയുണ്ടെന്ന വിശ്വാസത്തിൽ മുറുകെപിടിച്ച്, പിന്നിലെ ദുഷ്ടശക്തികളെ കണ്ടുപിടിക്കാൻ ശ്രമിക്കാറാണ് പതിവ്. തേവരകോളേജിലെയും, തൃക്കാക്കര ഭാരതമാതാ കോളേജിലെയും, കോഴിക്കോട് ദേവഗിരി കോളേജിലെയും പ്രിൻസിപ്പൽ കാലത്ത് വൈജാത്യമുള്ള സംസ്കാരധാരകളുമായി പരിചയപ്പെടുന്നതിനും സമരസപ്പെടുന്നതിനും എനിക്കു കഴിഞ്ഞിട്ടുണ്ട്. അതിൽ തേവരയിലായിരുന്നു ഞാൻ ചെറുപ്പക്കാരനായ പ്രിൻസിപ്പലായിരുന്നത്. തിരിഞ്ഞു നോക്കുമ്പോൾ എന്റെ ശിഷ്യന്മാർ വലിയനിലകളിൽ എത്തപ്പെട്ടിരിക്കുന്നുവെന്നു കാണാൻ എനിക്കു അത്യധികം സന്തോഷമുണ്ട്. വളരെ മക്കളുള്ള ഒരു തറവാട്ടുകാരണവരുടെ അവസ്ഥയിലാണിന്നു ഞാൻ.

## റവ: ഡോ. ജയിംസ് അജേവൂസ് കോയിത്തറ സി.എം. ഐ.

*(1994 ൽ പൗരോഹിത്യത്തിന്റെ കനകജൂബിലി ആഘോഷിച്ച് കളമശ്ശേരി തിരുഹൃദയ പ്രവിശ്യാ ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്ന ബ. അജേവൂസച്ചൻ തേവര കോളെജിൽ 1955 മുതൽ 60 വരെ ഇംഗ്ലീഷ് അദ്ധ്യാപകനും 64 മുതൽ 69 വരെ പ്രിൻസിപ്പലുമായിരുന്നു)*



1967ൽ ആണ് നമ്മുടെ കോളെജിന്റെ ശാന്തമായ അന്തരീക്ഷത്തിൽ ആദ്യമായി ചില മാറ്റങ്ങളുണ്ടായത്. വിദ്യാർത്ഥി രാഷ്ട്രീയം വിദ്യാഭ്യാസരംഗത്തെ പിടിച്ചു കുലുക്കി. അന്നുവരെ ഉണ്ടായിരുന്ന വിദ്യാർത്ഥികളുമായുള്ള ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടി. അന്നുവരെ കോളേജിലും ഹോസ്റ്റലിലും തികഞ്ഞ അച്ചടക്കം ഉണ്ടായിരുന്നു. ഫാദർ ബർണാബാസായിരുന്നു ഹോസ്റ്റൽ വാർഡൻ. അച്ചൻ കയ്യുയർത്തിയാൽ അവിടെ സൂചി വീണാൽ കേൾക്കാവുന്ന തരത്തിലുള്ള നിശ്ശബ്ദത പരക്കുമായിരുന്നു. അത്രമാത്രം വിദ്യാർത്ഥികളുമായി അടുത്തബന്ധം ഉണ്ടായിരുന്നു.

വിദ്യാർത്ഥിരാഷ്ട്രീയത്തോടനുബന്ധിച്ച് കോളെജിലെ തെരഞ്ഞെടുപ്പിനെ ചൊല്ലി വിവാദം ആരംഭിച്ചു. കുട്ടികളുടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് അവരിൽ നിന്നും നേതാക്കളെ തെരഞ്ഞെടുക്കുന്ന പരോക്ഷമായ തെരഞ്ഞെടുപ്പിനു പകരം നേരിട്ടുള്ള തെരഞ്ഞെടുപ്പിന് വിദ്യാർത്ഥികൾ ശക്തിയായി ആവശ്യപ്പെട്ടു. കോളെജിനു പുറത്തുള്ള ചില ശക്തികളായിരുന്നു അതിനുപിന്നിൽ. മഹാരാജാസ് കോളെജിൽനിന്നും കുട്ടികൾ കൂട്ടമായി എത്തുകയും അവർ അക്രമാസക്തകായിത്തീരുകയും ചെയ്തു.

കോളെജന്തരീക്ഷം കലുഷിതമായപ്പോൾ പ്രശ്നപരിഹാരത്തിനായി മന്ത്രിമാരായ ശ്രീ. മുഹമ്മദുകോയ, ശ്രീ എം. എൻ. ഗോവിന്ദൻനായർ, ശ്രീ. വില്ലിംഗ്ടൺ എന്നിവർ ഇതിൽ ഇടപെടുകയുണ്ടായി. ബാരിസ്റ്റർ എം.ഐ. ജോസഫ് മുതലായവരുടെ സേവനങ്ങൾ പ്രത്യേകം സ്മർത്തവ്യമാണ്. ശ്രീ. വേണുഗോപാൽ, ശ്രീ. ഗിൽബർട്ട് ഓസ്റ്റിൻ മുതലായവരും രംഗത്തുണ്ടായിരുന്നത് ഓർക്കുന്നു.

★ ★ ★

## റവ: ഫാ. ഗബ്രിയേൽ സി.എം.ഐ.

*(തേവര കോളെജിൽ ജന്തുശാസ്ത്രവിഭാഗം അദ്ധ്യക്ഷനായിരുന്നു. പിന്നീട് ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളെജിന്റെയും, അമല ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ശില്പിയായി)*



തേവരയിൽ നിന്ന് പോന്നശേഷം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജിൽ 17 വർഷം ഞാൻ പ്രിൻസിപ്പലായിരുന്നു. ഞങ്ങളുടെ സഭാസമൂഹത്തിലെ ഒരു പ്രിൻസിപ്പലിന്റെ ഏറ്റവും ദൈർഘ്യമുള്ള ഊഴമായിരുന്നു എന്റേത്. ആളുകളുടെ സഹകരണത്തിന് അനന്തമായ ശക്തിയുണ്ട്. എന്ന ഉറച്ചവിശ്വാസത്തിലാണ് എന്റെ പ്രവർത്തനങ്ങളെ ഞാൻ ക്രമപ്പെടുത്താറുള്ളത്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അകമഴിഞ്ഞ സഹകരണമാണ് എനിക്കെന്തിലും വിജയം അവകാശപ്പെടാൻ കഴിയുമെങ്കിൽ അതിന്റെ പിന്നിലുള്ളത്. കുട്ടികളോടുള്ള ഇടപെടലിൽ അവരുടെ വിശ്വാസം ആർജ്ജിക്കുവാൻ കഴിയണം. അതുകിട്ടിക്കഴിഞ്ഞാൽ പ്രശ്നങ്ങളൊക്കെ താനെ കെട്ടടങ്ങും. വിശ്വാസമുള്ള ഒരു പ്രിൻസിപ്പലിനും, ഒരദ്ധ്യാപകനുംനേരെ ഒരു കുട്ടിയുടെയും കൈ ഉയരില്ല. ആരെങ്കിലും ഉയർത്തിയാൽ, അവരുടെയിടയിൽത്തന്നെ ആയിരം കൈകൾ അവനെതിരായി ഉയരും. ഇതെനിക്കനുഭവമുണ്ട്. എനിക്ക് പതിവായി കത്തുകളയക്കുകയും സന്ദർശിക്കുകയും ചെയ്യുന്ന അനവധി പൂർവ്വ വിദ്യാർത്ഥികളുണ്ട്. ഞാൻ നിഷ്കരുണം ശിക്ഷിച്ചിട്ടുള്ളവരുമുണ്ട് ആ കൂട്ടത്തിൽ. ഉന്നത വിദ്യാഭ്യാസരംഗത്ത്, കലാലയത്തിൽ പ്രിൻസിപ്പൽ തസ്തിക ഒരു മുൾമെത്തയാണ് എന്നൊക്കെ പറയുന്നവരോട് എനിക്ക് യോജിപ്പില്ല . നല്ലൊരു സംഘാടകനു മാത്രമെ അവിടെ വിജയിക്കുവാൻ കഴിയുകയുള്ളുവെന്നനിക്കു തോന്നുന്നു. ഒരു പ്രിൻസിപ്പലിനെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ആയിരക്കണക്കിനു കണ്ണുകളുണ്ട്. അതുകൊണ്ട് പ്രസംഗവും പ്രവൃത്തിയും തമ്മിൽ സമരസപ്പെടുത്തിയെങ്കിലേ അംഗീകാരം കിട്ടുകയുള്ളു എന്തെങ്കിലും സ്വാർത്ഥചിന്ത പിടികൂടിയാൽ ആളുകളത് എളുപ്പം തിരിച്ചറിയും. അതു

[illegible] ഒരു [illegible] [illegible]

[illegible]

[illegible] കാര്യത്തിൽ [illegible]

★ ★ ★

### ഡോ. എ.റ്റി. ദേവസ്യ



(1967 ൽ ഡോ. എ.റ്റി. ദേവസ്യ തേവരകോളേജിലെ ധനതത്വശാസ്ത്രവിഭാഗത്തിൽ അദ്ധ്യാപകനാ[illegible]. പിന്നീട് ഒരു വർഷത്തിനു ശേഷം പാലാ സെന്റ് തോമസ് കോളേജിലേക്ക് [illegible]. അദ്ദേഹം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ്ചാൻസലറായി)

''ഒരു സമൂഹത്തിനും അതിന്റെ അദ്ധ്യാപകരേക്കാൾ ഉയർന്ന ജീവിതനിലവാരമില്ല'' എന്ന മഹദ്വചനം ഞാനോർക്കുകയാണ്. ഇവിടെ നിലവാരം എന്നു വിവക്ഷിച്ചിരിക്കുന്നത് സാമ്പത്തിക നിലവാരത്തെയാവാൻ വഴിയില്ല. സാംസ്കാരികമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയെങ്കിൽ സമൂഹത്തോട് ഏറ്റവും വലിയ പ്രതിബദ്ധത അതിന്റെ അദ്ധ്യാപകസമൂഹത്തിനാണ്. എല്ലാ പ്രവൃത്തി ദിവസവും വിദ്യയും, സംസ്കാരവും പകർന്നു നല്കാൻ ഇത്രകണ്ട് [illegible] ഒരു പൊതുജീവിതമാ[illegible] പാകത്തിൽ മുന്നിലെത്തുന്ന ഒരു സമൂഹ്യ മറ്റൊരു വിഭാഗത്തിനും കിട്ടുന്നില്ല. അതും എല്ലാപ്രായത്തിലുംപെട്ടവർ എന്നെങ്കിൽ ഞായറാഴ്ചകളിലാണ് ആ അവസരം കിട്ടുന്നത്. അദ്ധ്യാപകർക്കു നാളത്തെ ലോകം രചിക്കേണ്ട ഇളംതലമുറയെയാണ് കുറച്ചുസമയത്തേക്കുമാത്രമാണോ അവസരവും. ആദർശസുരഭിലമായ അദ്ധ്യാപകന്റെ പൊതുജീവിതം ദിവസവും മുന്നിൽ കിട്ടുന്നത്. മൂല്യബോധത്തിൽ അധിഷ്ഠിതമായ ആദർശസുരഭിലമായ അദ്ധ്യാപകജീവിതവുമായി ലയിപ്പിച്ചുചേർക്കുകയാണ് വേണ്ടത്. പക്ഷേ ഒരദ്ധ്യാപകൻ ഇന്നത്തെ സാധാരണ രാഷ്ട്രീയക്കാരു ടെ കുപ്പായമിടുവാൻ ഒരിക്കലും പാടില്ല. രാഷ്ട്രീയം ഒരു സാംസ്കാരിക പ്രവർത്തനമാക്കി മാറ്റാൻ നമ്മുടെ അദ്ധ്യാപർ മുന്നിട്ടിറങ്ങേണ്ട കാലം അതിക്രമിച്ചു.

★ ★ ★

### റവ: ഫാ.ഫിലിപ്പ് ഞരളക്കാട്ട്

(ഇപ്പോൾ പാലാരൂപതയുടെ വികാരിജനറാൾ ആയി സേവനമനുഷ്ഠിക്കുന്ന ഫാ. ഞരളക്കാട്, തേവരകോളേജിൽ പ്രീ യൂണിവേഴ്സിറ്റിയും, ബി.എ.യും പഠിച്ചു. പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പലായിരുന്നു)

ഇന്ന് നമ്മുടെ പാഠ്യപദ്ധതിയാൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ഒരു കുട്ടിയുടെ വ്യക്തിത്വവളർച്ചയെയല്ല ബൗദ്ധിക വളർച്ചയെ മാത്രമാണ് ഒരുപക്ഷെ ലക്ഷ്യമാക്കിയിട്ടുള്ളത്. എന്നാൽ സമഗ്രമായ വ്യക്തിത്വ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇതിന് ഹോസ്റ്റലിലെ സാമൂഹ്യജീവിതം വളരെയേറെ ഗുണം ചെയ്യും. വിവിധ സാഹചര്യങ്ങളിൽ ജനിച്ചു വളരുന്ന കുട്ടികൾ ഒരു കുടുംബത്തിലെ അംഗങ്ങളെപോലെ പരസ്പരം അടുത്തിടപഴകുകയും, ഒരുമിച്ച് ഒരു കൂരയ്ക്കു കീഴിൽ ഉറങ്ങുകയും ചെയ്യുമ്പോൾ, അവരറിയാതെ തമ്മിൽ ഒരു സാംസ്കാരിക വിനിമയം നടക്കുന്നുണ്ട്. ഇതു വ്യക്തിത്വവളർച്ചയെ സഹായിക്കും. പണ്ടത്തെ കാലത്തേക്കാൾ ഇന്നാണ് ഹോസ്റ്റലുകളുടെ പ്രസക്തി. കുടുംബങ്ങളിൽ കുട്ടികൾ കുറയുന്നു. അതുകൊണ്ടുതന്നെ പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങൾ അറിയാതെയാണ്അവർ വളർന്നുവരുന്നത്. മാതാപിതാക്കന്മാർ കുടപിടിക്കുന്ന ഒരയഥാർത്ഥ ലോകത്താണ് അവർ ചെറുപ്പകാലം കഴിച്ചുകൂട്ടുന്നത്. ആവശ്യത്തിലധികം സംരക്ഷണവും, ശ്രദ്ധയും അവരുടെ സ്വാതന്ത്ര വ്യക്തിത്വവളർച്ചയെ ശ്വാസം മുട്ടിക്കുകയാണ്. കൗമാരപ്രായത്തിലാണ് ഒരാളുടെ വ്യക്തിത്വത്തിന് ഊടും പാവും നെയ്യപ്പെടേണ്ടത്. സ്വയംപര്യാപ്തത പരിശീലിക്കേണ്ടതുമപ്പോഴാണ്. ഒരു നല്ല ഹോസ്റ്റൽ ഇതിനൊക്കെ ഒരു പരിഹാരമാണ്, എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

**ഞാൻ കോളെജിൽ** ചേരുന്നതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ, ചങ്ങനാശ്ശേരി എസ്.ബി.യും തേവര എസ്.എച്ചും ആണ് പറഞ്ഞുകേട്ട പേരുകൾ ഇതിലേതു സ്വീകരിക്കണമെന്നതായി പിന്നീടുള്ള പ്രശ്നം. അന്നു പല വിധത്തിലും മികവുപുലർത്തിയിരുന്ന എസ്.എച്ച് എന്നുതന്നെ തീർച്ചയാക്കി. തേവരയിൽ വന്നു. കോളെജിൻെറ ജനയിതാക്കളിൽ ഒരുവനായ ഫാ. സാലസച്ചനായിരുന്നു അന്ന് പ്രിൻസിപ്പാൾ. അതിപ്രഗത്ഭമായി പ്രവർത്തിച്ചിരുന്ന അഞ്ചു ഹോസ്റ്റലുകൾ. കോളെജിൻെറ യശസ്സിന് വളരെ സംഭാവനചെയ്തത് അവയാണ്. കൊമേഴ്സ് വിഭാഗത്തിൽ അദ്ധ്യാപകനായിരുന്ന ഫാ. ബർണബാസായിരുന്നു, അന്നു വാർഡൻ. ഒരു ബുദ്ധിമുട്ടും ഹോസ്റ്റലിൽ ഞങ്ങൾ അറിഞ്ഞിരുന്നില്ല. വളരെ സംസ്കാര ഭദ്രവും, കർമ്മ നിരതവുമായ ദിനങ്ങൾ. അച്ചടക്കം അലംഘനീയവും.

പാഠ്യ പാഠ്യേതര വിഷയങ്ങൾക്ക് തുല്യപ്രാധാന്യമാണ് കല്പിക്കപ്പെട്ടു പോന്നത്. കൊച്ചിനഗരത്തിലൊ, കേരളത്തിലൊ ഏതെങ്കിലും വിശിഷ്ടവ്യക്തികൾ വന്നാൽ അവർക്ക് തേവരകോളെജിലെ അദ്ധ്യാപക വിദ്യാർത്ഥിസമൂഹത്തോടൊപ്പം ഒരു ചടങ്ങ് നിർബ്ബന്ധമായും സംഘടിപ്പിക്കുകയെന്നത്, സാലസച്ചൻെറയൊരു നിഷ്ഠപോലെയായിരുന്നു. അതിനാൽ കുട്ടികളായ ഞങ്ങൾക്ക്, രാഷ്ട്രീയ, സാഹിത്യ, സാംസ്കാരികധാരകളുമായി അടുത്ത പരിചയം കിട്ടി. അതൊക്കെ വീട്ടിലും നാട്ടിലും ഖ്യാതി പറഞ്ഞുനടന്നിരുന്ന കുട്ടുകാരുമുണ്ടായിരുന്നു.

തേവരയിലെ ആദ്യകാലഘട്ടങ്ങളാം എൻെറ സ്വഭാവരൂപീകരണത്തെ ആഴമായി സ്വാധീനിച്ചിട്ടുണ്ട്. സമൂഹത്തിൻെറ ഏറ്റവും അനുഗ്രഹീതരായ ഏതാനും പേരാണ് ഞങ്ങൾ എന്ന തോന്നലായിരുന്നുഅന്ന്.

★ ★ ★

**റവ. ഡോ. മോസസ് ബി. എം. ഐ.**

*(രാജഗിരി കോളെജ് ഓഫ് സോഷ്യൽ സയൻസിൻെറ മുൻ പ്രിൻസിപ്പൽ)*



തേവര കോളെജ് ഒരു ഓട്ടോണമസ് കോളെജാകേണ്ട സമയമായിരിക്കുന്നു. സ്ഥാപക പിതാക്കളിലൊരാളായിരുന്ന ബഹു. ഫ്രാൻസീസ് സാലസച്ചൻെറ സ്വപ്നം തേവര തിരുഹൃദയകലാലയത്തെ ഒരു കാത്തലിക് യൂണിവേഴ്സിറ്റി ആക്കിത്തീർക്കണം എന്നതായിരുന്നു.

അദ്ധ്യാപകരെപ്പറ്റിയുള്ള പഴയപരാതി അവരുടെ "പഴഞ്ചൻ കോട്ടും പഴഞ്ചൻ നോട്ടും മാറണം" എന്നതായിരുന്നു. പഴഞ്ചൻ കോട്ടുമാറിയെങ്കിലും പഴഞ്ചൻ നോട്ടുമാറാത്ത ചിലരെങ്കിലും ഉണ്ടായേക്കും. കുട്ടികളുടെ അന്വേഷണ ബുദ്ധിയാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിനെ പ്രോത്സാഹിപ്പിക്കണം. ഈ സ്വഭാവവിശേഷം അദ്ധ്യാപകരിലും നിലനിൽക്കണം. അദ്ധ്യാപകർ എല്ലാവരും ഗവേഷണബിരുദമുള്ളവരും ഗവേഷണമേൽനോട്ടത്തിന് പ്രാപ്തരുമായിരിക്കണം.

* * *

**വിജ്ഞാനത്തിൻെറ ആദ്യപടി നാം അജ്ഞരാണ് എന്നറിയുന്നതാണ്**

**സെസിൽ**

* * *

**തിന്മയില്ലാത്തവൻ ആരെയും സംശയിക്കുന്നില്ല**

**ബെൻ ജോൺസൺ**



His Highness Rama Varma Parikshith Thampuran, patron and wellwisher of the college.



The first College Union Comittee



The first batch of B.Com. students (1945-46)



His Highness Rama Varma Parikshith Thampuran, the Maharaja of Cochin, and Ministers in S.H. Monastery



His Eminence Eugine Cardinal Tisserant with the Management and the Staff on his visit in 1952



Dr. M.V. Pailee



Sri. A.M. Thomas.



Filmstar Sunil Dutt



Karur Neelakanda Pillai.



Guru Gopinath



Sri. C.N. Sreekandan Nair.



Prof. Sukumar Azhikode.



Artist P.J. Cherian.



Prof. S. Guptan Nair



Former Union Minister Sushila Nayar



Former Chief Minister of Kerala
Sri. Pattom Thanu Pillai



Fr. Melasius Palatty, Manager, hands over contribution of the management to Minister Sri. P.T. Chacko.



rof. Samuel Mathai, Former Vice-Chancellor of his visit to inaugurate the college auditorium.



Sri. M.K.K. Nair IAS



Prof. Joseph Mundasserry.



The Pioneering team of staff: The college staff of the year 1945-'46.



The First batch of B.A.(Economics) students-1945-'46.

# FORMER MANAGERS

1940 to 1946 & 1956 to 1959
Rev.Fr. Francis Sales Nuzhumury

1946 to 1950
Rev.Fr. Clement Thottungal

1950 to 1953
Rev.Fr. Shabor Vallavanthara

1953 to 1956
Rev.Fr. Josephat Payyappally

1959 to 1962
Rev.Fr. Victorian Kunneparambil

1962 to 1966 & 1990 to 1994
Rev.Fr. Melesius Palatty

1966 to 1969
Rev.Fr. Gereon Vithayathil

1969 to 1970
Rev.Fr. Marcel Pulparambil

1970 to 1972
Rev.Fr. Theobald Pothanikkatt

1972 to 1975
Rev.Fr. Regulus Thadathil

1975 to 1978
Rev.Fr. Joachim Puzhakara

1978 to 1981
Rev.Fr. Thomas Edappadikarott

1981 to 1984
Rev.Fr. Eliazer Vadakumchery

1984 to 1987
Rev.Fr. Zacharias Paikat

1987 to 1990
Rev.Fr. Aquinas Palamattathil

1994 April to June
Rev.Fr. Thomas Palackal

# Our Former Principals



Rev. Fr. Peter Thomas Pynunkal
1944 - 1945



Rev. Fr. Romeo Thomas Mannanal
1945 - 1946



Chev. C.J. Varkey KSG
1946 - 1947



Rev. Fr. Theodosius Karipaparambil
1947-1952



Rev. Fr. S.H. Antony Narithukkil
1952- 1953



Rev. Fr. Theobald Pothanikkatt
1953-'56 & 1959-'64



Rev. Fr. Francis Sales Nuzhimury
1956 -1959



Rev. Fr. James Aggaeus
1964 - 1969



Sri. Kerala Varma Thampuran
1969 - 1970

Rev. Fr. J. Marcel Pulparambil
1970 - 1971





Rev. Fr. Victorian Kunniparambil
1971 - 1976

Rev. Fr. Mathai Archangel
1976 - 1982





Rev. Fr. Aquinas Palamattathil
1982 - 1985

Rev. Fr. George Kallarackal
1985 - 1988





Rev. Dr. Daniel J. Thottakkara
1988 - 1990

Rev. Fr. P.V. Scaria Paikat
1990 - 1991



## FORMER VICE-PRINCIPALS

| | | |
|---|---|---|
| 1. | MR. C J VARKEY | 1944-46 |
| 2. | REV. FR. ANTONY T.O.C.D | 1948-53 |
| 3. | REV. FR. MARCEL T.O.C.D | 1953-59 |
| 4. | REV. FR. VICTORIANT.O.C.D | 1959-60 |
| 5. | REV. FR. BARNABAS CMI | 1960-70 |
| 6. | SRI. M VARGHESE | 1973-75 |
| 7. | REV. FR. AUSTIN CMI | 1984-86 |
| 8. | REV. FR. JOSEPH KAIMALAYIL CMI | 1986-88 |
| 9. | REV. FR. A U VARGHESE CMI | 1988-91 |
| 10. | REV. FR. GEORGE PETER PITTAPILLIL | 1991- |

## BURSARS

| | | |
|---|---|---|
| 1. | REV. FR. STANISLAUS T.O.C.D | 1948-53 |
| 2. | REV. FR. MALESIUS T.O.C.D | 1953-59 |
| 3. | REV. FR. ELEAZER CMI | 1959-60 |
| 4. | REV. FR. ALBERT CMI | 1960-61 |
| 5. | REV. FR. ELEAZER CMI | 1961-62 |
| 6. | REV. FR. J KOIKARA CMI | 1962-64 |
| 7. | REV. FR. DOMITIAN CMI | 1964-65 |
| 8. | REV. FR. REGULUS CMI | 1965-69 |
| 9. | REV. FR. MERIUS CMI | 1969-70 |
| 10. | REV. FR. THOMAS CMI | 1970-73 |
| 11. | REV. FR. JOHN VADUVATHUSSERY CMI | 1973-75 |
| 12. | REV. FR. THOMAS CMI | 1975-79 |
| 13. | REV. FR. AUSTIN CMI | 1979-84 |
| 14. | REV. FR. P. V. SCARIA CMI | 1984-86 |
| 15. | REV. FR. GEORGE KOIKARA CMI | 1986-88 |
| 16. | REV. DR. GEORGE P. PITTAPILLIL CMI | 1988-91 |
| 17. | REV. FR. A. J. SAVIANCE CMI | 1991-95 |
| 18. | REV. FR. JOSE THOTTATHIL CMI | 1995 - |

# THE RETIRED TEACHING STAFF

### MORAL SCIENCE

| | |
|---|---|
| 1. REV FR. JOSEPH HADRIAN | 1944-48 |
| 2. REV FR. ADOLF T.O.C.D | 1948-49 |
| 3. REV FR. GABRIEL T.O.C.D | 1949 - |
| 4. REV FR. THEOBALD | 1949 - |
| 5. REV FR. HELARION T.O.C.D | 1951 - |
| 6. REV FR. BARNABAS T.O.C.D | 1953 - |
| 7. REV FR. VICTORIAN T.O.C.D | 1955 - |
| 8. REV FR. AGGAEUS T.O.C.D | 1956 - |
| 9. REV FR. GABRINUS T.O.C.D | 1957 - |
| 10. REV FR. ELEAZAR T.O.C.D | 1958 - |
| 11. REV FR. ALBERT CMI | 1960 - |
| 12. REV FR. JOS ALVAREZ CMI | 1961 - |
| 13. REV FR. J. KOIKARA CMI | 1962 - |
| 14. REV FR. J. FESTUS CMI | 1964 - |
| 15. REV FR. J. SAVIO CMI | 1964 - |
| 16. REV FR. J. GRATIAN CMI | 1965 - |
| 17. REV FR. PIUS CMI | 1965 - |

### ENGLISH

| | |
|---|---|
| 1. MR. R. G. PENZON | 1944-45 |
| 2. REV. FR. THEODOSIUS | 1944-53 |
| 3. MR. K. P. JOSEPH | 1944-48 |
| 4. MR. K. J. JOHN | 1944-69 |
| 5. REV. FR. DISMAS T.O.C.D | 1945-53 |
| 6. MR. M A PANKAJAKSHAN B.A. | 1945-48 |
| 7. MR K VELAYUDHAN NAIR | 1945-48 |
| 8. MR. E T THOMAS | 1948-52 |
| 9. REV. FR. REYNOLDS T.O.C.D | 1948-55 |
| 10. MR. P K KURIAN | 1948-72 |
| 11. MR. M J KURIAKOSE | 1948-5 |
| 12. MR. K J EBRAHIM | 1948-49 |
| 13. MR. J P MATHAI | 1948-63 |
| 14. MR. K. GOPINATHAN | 1949-81 |
| 15. MR. K. T SEBASTIAN | 1950-52 |
| 16. REV. FR. HELARION T.O.C.D | 1951-55 |
| 17. MR. P. T CHACKO | 1952-73 |
| 18. MR. E. V. STANISLAUS | 1952-53 |
| 19. MR. K. P. VISWANATHAN | 1952-53 |
| 20. MR. K V VARGHESE | 1952-56 |
| 21. MR. M. ADIVARAHAM | 1953-54 |
| 22. MR. R. SREEDHARA BHAT | 1954-55 |
| 23. MR. K. RAVUNNI MENON | 1955-56 |
| 24. MR. T. K. MANI | 1955-56 |
| 25. REV. FR. AGGAEUS T.O.C.D | 1955-60 |
| 26. MR. ANTONY JOSE | 1955-56 |
| 27. MR. N. P. XAVIER | 1955-57 |
| 28. MR. S. KRISHNAMURTHY | 1956-59 |
| 29. MR. K. K. GEEVARGHESE | 1956-58 |
| 30. MR. M. VENUGOPALAN | 1956-57 |
| 31. MR. O. P KURIAN | 1956-58 |
| 32. MR. A. KRISHNA IYER | 1957-58 |
| 33. MR. JOY JACOB | 1957-59 |
| 34. MR. JOSEPH K. J. | 1958-91 |
| 35. MR. P. J. THOMAS | 1959-56 |
| 36. MR. MUHAMMED ELIAS | 1960-61 |
| 37. MR. GEORGE KURUVILL | 1961-62 |
| 38. MR. T. GOPINATHAN | 1961-62 |
| 39. MR. P. A. THOMAS | 1962-64 |
| 40. MR. C. R. SANKARA MENON | 1962-63 |
| 41. MR. C. A. SIVADAS | 1963-64 |
| 42. MR. SUNNY THOMAS | 1963-64 |
| 43. MR. T. C. BALAKRISHNAMENON | 1964-69 |
| 44. MR. V. VIJAYACHANDRAN | 1964-65 |
| 45. MR. K. K. ABRAHAM | 1964-65 |
| 46. MR. A. R. JOSEPH | 1964-81 |
| 47. MR. C. PRABHKARAN | 1964-65 |
| 48. MR. P V KRISHNAN NAIR | 1965-67 |
| 49. MR. T RAMACHANDRAN | 1969-71 |
| 50. MR. K. P. NARAYANAN NAIR | 1967-69 |
| 51. MR. T. RAMACHANDRAN | 1969-71 |
| 52. MR. K. V. SEBASTIAN | 1971-89 |
| 53. MR. T. H. ASHARAFF | 1971-72 |
| 54. REV FR. K. P. PAUL CMI | 1972-84 |
| 55. MR. C. THOMAS ABRAHAM | 1976-82 |
| 56. REV FR. DANIEL J. THOTTAKARA CMI | 1977-88 |
| 57. MR. T J ABRAHAM | 1993-94 |

### ORIENTAL LANGUAGE

| | |
|---|---|
| 1. MR. C. C. CHACKO | 1944-64 |
| 2. REV. FR. MARCEL T.O.C.D | 1944-54 |
| 3. MR. P. K. NARAYANAN NAIR | 1944-54 |
| 4. MR. C. L. ANTONY | 1945-48 |
| 5. MR. S. PADMANABHAN | 1945-48 |
| 6. MR. P. C. DEVASIA | 1948-58 |
| 7. VIDWANT M. CHUMMAR | 1948-61 |
| 8. VIDWAN VISWANATHA MALIYA | 1948-82 |
| 9. REV. FR. EVARISTUS T.O.C.D | 1948-56 |
| 10. REV. FR. LEONTIUS T.O.C.D | 1950-53 |
| 11. REV. FR. COLUMBIERE | 1951-53 |
| 12. MAHOPADHYAYA H GANAPATHI SARMA | 1952-56 |
| 13. REV. FR. FRANCIS SALES T.O.C.D | 1953-56 |
| 14. REV. FR. MALESIUS T.O.C.D | 1953-61 |
| 15. REV. FR. SEVERINUS T.O.C.D | 1954-55 |
| 16. REV. FR. JOSE ALVAREZ T.O.C.D | 1955-57 |
| 17. MR. MATHEW V. | 1955-87 |
| 18. REV. FR. GABINUS T.O.C.D | 1956-76 |
| 19. VIDWAN K. J. JOSEPH | 1957-58 |
| 20. MR. ESWARAN NAMBOODIRI | 1958-59 |
| 21. MR. K. V. CHACKO | 1958-59 |
| 22. MR. ALEX BASIL | 1959-61 |
| 23. MR. RAMASWAMI IYER | 1959-61 |
| 24. MR. P. K. N. NAIR | 1959-64 |
| 25. MR. C. V. CHERUNNI | 1960-61 |
| 26. MR. T. M. PAUL | 1961-80 |
| 27. MR. RAMANANDA NAYAK | 1961-63 |
| 28. MR. K. J. VARKEY | 1962-65 |
| 29. MR. P. V. GEORGE | 1963-65 |
| 30. MR. P. BALAKRISHNAN | 1963-85 |
| 31. MR. P. J. CHACKO | 1964-89 |
| 32. REV. FR. J FESTUS CMI | 1964-65 |
| 33. REV. FR. REGULUS CMI | 1965-69 |
| 34. MR. T M VISWAMBARAN | 1967-82 |
| 35. REV. FR. DOMINITIAN CMI | 1968-85 |
| 36. REV. FR. MARCEL CMI | 1970-71 |
| 37. MR. K. M. JOSEPH | 1971-72 |
| 38. MR. VARGHESE M A | 1985-86 |

### MATHEMATICS

| | |
|---|---|
| 1. MR. MARTIN THOMAS | 1944-48 |
| 2. MR. P. A. THOMAS | 1944-69 |
| 3. MR. P. T. THOMAS | 1945-48 |
| 4. MR. M. O. DEVASSY | 1948-52 |
| 5. MR. A. O. VARKEY | 1948-52 |
| 6. MR. A. V. RAMACHANDRAN | 1948-49 |
| 7. MR. G SREENIVASAN | 1949-53 |
| 8. MR. C. J. TONY | 1949-50 |
| 9. MR. N. V RAMA IYER | 1950-81 |
| 10. MR. S. KRISHNAN | 1952-67 |
| 11. MR. I. G. BHASKARAN | 1952-53 |
| 12. MR. P. P. JOSEPH | 1953-56 |
| 13. MR. N V VARGHESE | 1953-54 |
| 14. MR. P O DEVASSY | 1956-89 |
| 15. MR. JOSEPH THOTTAMKARA | 1956-57 |
| 16. MR. T. S. CHACKO | 1960-61 |
| 17. MR. K. V. ACHUTHAN | 1961-65 |
| 18. MR. K. C. GEORGE | 1963-67 |
| 19. REV. FR. GRATIAN CMI | 1965-72 |
| 20. REV. FR. P. PAZHAYAKAV CMI | 1972-78 |
| 21. MR. THOMAS MATHEW | 1977-80 |
| 22. MR. GEORGE MATHEW | 1988-89 |
| 23. MR. SABU AUGUSTINE | 1993-94 |

### PHYSICS

| | |
|---|---|
| 1. MR. C. J. DANIEL | 1944-74 |
| 2. REV. FR. PETER THOMAS | 1945-48 |
| 3. MR. BALARAMA MENON | 1945-48 |
| 4. MR. C. E. ETTYERAH | 1945-48 |
| 5. MR. A. THIRUVENGADATHAN | 1948-50 |
| 6. MR. K. V. VASUDEVAN | 1948-49 |

7. MR. C. A. RAMARAJA 1948-50
8. MR. V. SREEDHARA MENON 1948-49
9. MR. K. NARAYANAN KUTTY 1949-50
10. MR. K. KERALA VARMA 1950-52
11. MR. K. ANANTHA SUBRAMANIAN 1950-55
12. MR. P. J. PAUL 1950-61
13. MR. G. SADASIVA BHAT 1951-52
14. MR. V. ANANTHA RAMAN 1951-79
15. MR. M. T. JOSEPH 1953-55
16. MR. P. J. CYRIAC 1953-54
17. MR. MR. M J THOMAS 1954-55
18. MR. GEORGE BENEDICT 1955-62
19. MR. P. U. JOSEPH 1955-57
20. MR. P. V. CHAKKUNNY 1955-57
21. MR. P M JOSEPH 1956-91
22. MR. E PHILIP JOHN 1956-59
23. MR. ANTONY VARGHESE 1957-59
24. MR. T. V. VAIDYALINGOM 1957-58
25. MR. JOSEPH MANI 1957-58
26. MR. K. PATHROSE MATHAI 1959-60
27. MR. ANTONY VARGHESE 1960-61
28. MR. G RAMANATHAN 1962-95
29. MR. M C CHANDY 1962-64
30. MR. K. C. ABRAHAM 1964-67
31. MR. C. P. CHANDRASEKHARANATH 1964-67
32. REV. FR. MATHAI ARCHANGEL CMI 1967-75
33. REV. SR. SICILY K. C. 1980-89
34. MR. SEBASTIAN JOHN VELLANIKARAN 1983-84

**CHEMISTRY**

1. MR. M. V. VARGHESE 1944-75
2. MR. K. M. LUKE 1944-50
3. MR. R. GANAPATI KRISHNAN 1944-59
4. MR. K. A. GOPALAKRISHNAN 1948-86
5. MR. P. M. THOMAS 1948-49
6. MR. V. RAMASWAMY 1948-53
7. MR. J. XAVIER 1948-50
8. MR. N. M. RAJARAM 1949-50
9. MR. P. K. MATHEW 1949-50
10. MR. C. J. DEVASSY 1949-54
11. MR. V. K. SUBRAMANIAN 1950-52
12. MR. T. C. ANTONY 1950-53
13. MR. K. L. LUKOSE 1950 -59
14. MR. C. J. GEORGE 1950-55
15. MR. W. D. JOY 1952-54
16. MR. C. D. VARGHESE 1953-54
17. MR. R. SITHARAM 1953-54
18. MR. M. O. JOHN 1954-55
19. MR. V. SESHADRI 1954-55
20. MR. C. S. RAVINDRANATHAN NAIR 1954-55
21. MR. V. K. ANTHAPPAN 1955-56
22. MR. P. S. VARGHESE 1955-56
23. MR. M. G. PURUSHOTHAMAN 1955-57
24. MR. M. K. ITTOOP 1955-56
25. MR. M. K. THANKAPPAN NAIR 1956-57
26. MR. P. T. AGUSTINE 1956-57
27. MR. K. A. JOSE 1956-57
28. MR. K. GOPALAKRISHNAN NAIR 1957-58
29. MR. T. C. JOHN 1957-58
30. MR. P. P JOY 1957-58
31. MR. V. J. SIVASANKARA PILLAI 1958-59
32. MR. P. J. CHERIAN 1959-61
33. MR. P. G. FRANCIS 1959-64
34. MR. T. G. PADMANABHAN 1959-60
35. MR. A. G. RAMACHANDRAN 1960-61
36. MR. P. M. GEORGE 1960-61
37. MR. V. O. SYLVESTER 1961-62
38. MR. K. K. VISVANATHAN 1961-62
39. MR. C. P. JACOB 1961-62
40. MR. K. T. RAMA VARMA 1962-64
41. MR. G. M. DEVASIA 1962-63
42. MR. M. GEORGE KURIAN 1962-63
43. MR. K. N. MENON 1963-67
44. MR. P. C. ANTONY 1963-64
45. MR. M. V. GEORGE 1963-67
46. MR. M. M. CHANDY 1964-67
47. MR. K. N. ARAVIDAKSHAN KARTHA 1964-91
48. MR. R. SEETHARAMA IYER 1964-86
49. MR. K. T. KERALA VARMA 1964-86
50. MR. P. E. ARAVINDAKSHAN KARTHA I 1964-92
51. MR. M. L. JOSE 1964-68
52. MR. P. S. RAMASWAMI 1968-69
53. REV. FR. GEORGE KALLARACKAL CMI 1971-85
54. MR. K. O. JOSEPH 1971-72
55. MR. P. J. GEORGE 1971-72
56. REV. FR. JOHN MADUVATHUSSERY CMI 1972-79
57. MR. K. A. PAUL 1976-87
58. MR. K. M. LUKOSE 1976-77

**NATURAL SCIENCE (ZOOLOGY & BOTANY)**

1. MR. S. PASUPATHI IYER 1948-49
2. MR. T. U. JOSEPH 1948 -
3. MR. P. JACOB CHERIAN 1948-49
4. REV. FR. GABRIEL T.O.C.D 1949 -
5. REV FR. THEOBALD T.O.C.D 1949 -
6. MR. M. INDU CHUDA KURUP 1949-53
7. MR. K. M. ALAYSE 1952 -

**ZOOLOGY**

1. REV. FR. GABRIEL T.O.C.D 1949-56
2. REV. FR. THEOBALD 1949-56
3. MR. T. C. MATHEW 1953-73
4. MR. T. M. RADHAKRISHNAN 1953-54
5. MR. P. V. CHERIAN 1954-56
6. MR. M. INDU CHUDAKURUP 1955-58
7. MR. P. NARAYANAMENON 1956-67
8. MR. N. APPUKUTTAN 1956-89
9. MR. M. M. THOMAS 1958-61
10. MR. K. P. MATHEW 1959-61
11. MR. N. SURENDRANATHA KURUP 1959-62
12. MR. A. P. JOSE 1960-67
13. MR. K. S. FRANCIS 1961-91
14. MR. M. J. DEVASSIA 1961-92
15. MR. P. V. RAPPAI 1962-87
16. MR. ANTO AKKARA 1964-65
17. REV. FR. PAUL LOUI CMI 1965-72
18. MR. P. J. JOSEPH 1967-92
19. MR. V. S. KURUVILLA 1967-68
20. MR. V. K. JOSEPH 1970-87
21. REV. FR. M. A. AUGUSTINE 1971-75
22. MR. SHIBU M. JOB 1987-90

**BOTANY**

1. MR. T. U. JOSEPH 948-85
2. MR. K. M. ALAYSE 952-57
3. MR. E. C. GEORGE 1953-55
4. MR. K. S. XAVIER 1956-59
5. MR. M. K. JOSE 1957-62
6. MR. ALPHY JOSELPH 1957-58
7. MR. T. M. MATHEW 1958-59
8. MR. T. S. PADMANABHAN 1959-61
9. MR. M. K. PEETHAMBARA MENON 1959-60
10. MR. N. J. MATHEW 1960-61
11. MR. AUGUSTINE LUKE 1961-67
12. MR. K. O. JOSEPH 1961-65
13. MR. P. O. POULOSE 1962-63
14. MR. C. J. PAUL 1963-67
15. MR. K. P. JOHN 1964-65
16. MR. MATHEW ZACHARIAS 1965-88
17. MR. P. A. GEORGE 1965-67
18. REV. FR. AQUINAS CMI 1967-82
19. REV. FR. MANIGILES CMI 1967-71
20. MR. M. M. APPACHAN 1968-91

**ECONOMICS, HISTORY AND LOGIC**

1. MR. K. J. CYRIAC 1944-69
2. REV. FR. ANTONY T.O.C.D 1944-53
3. MR. P. G. MATHEW 1944-57
4. MR. ABRAHAM V. KURIAN 1945-71
5. MR. V. J. MATHAI 1948-51
6. MR. M. KUMARA PILLAI 1948-49
7. REV. FR. COLUMBUS T.O.C.D 1949 -
8. MR. P. J. SEBASTIAN 1951-56
9. MR. NORONHA NELSON 1951-52
10. MR. A. T. DEVASSIA 1952-53

| | |
|---|---|
| 11. MR. K. C. JACOB | 1952-85 |
| 12. MR. E. ANTONY JOSEPH | 1953-58 |
| 13. REV. FR. VICTORIAN T.O.C.D | 1955-77 |
| 14. MR. C. D. RAJESWARAN | 1959-61 |
| 15. MR. P. J. JOSEPH | 1959-60 |
| 16. MR. M. J. JOHN | 1960-63 |
| 17. MR. K. J. JOSEPH | 1960-91 |
| 18. MR. R. J. GEORGE | 1961-68 |
| 19. MR. K. KERALA VARMA | 1961-82 |
| 20. MR. GEORGE THOMAS | 1962-90 |
| 21. MR. K. E. ANTONY | 1963-71 |
| 22. MR. K. V. DAMODARANNAIR | 1964-69 |
| 23. MR. JOSE THOMAS | 1964-68 |
| 24. MR. K. U. BABY | 1967-91 |
| 25. REV. FR. P. V. SCARIA CMI | 1971-90 |
| 26. MR. P. M. MATHEW | 1971-74 |
| 27. REV. FR. JOSEPH KAJMALAYIL CMI | 1972-94 |
| 28. REV. FR. A. U. VARGHESE CMI | 1978-93 |
| 29. MR. K. K. JOSE | 1983-86 |

COMMERCE

| | |
|---|---|
| 1. MR. M. ZACHARIAS | 1944-48 |
| 2. MR. KERALA VARMATHAMPURAN | 1944-70 |
| 3. MR. M. S. MENON | 1944-45 |
| 4. MR. K. N. MENON | 1944-45 |
| 5. MR. T. R. BALAKRISHNA IYER | 1944-45 |
| 6. MR. H. H. KERALAVARMA THAMPURAN | 1945-50 |
| 7. MR. PHILIP K THAYIL | 1945-61 |
| 8. MR. N. S. RAMAKRISHNA IYER | 1945-48 |
| 9. MR. C. K. GEORGE | 1948-49 |
| 10. MR. P. M. JOSEPH | 1948-81 |
| 11. MR. I. MADHAVA MENON | 1948-67 |
| 12. MR. M. KRISHNANKUTTY | 1949-81 |
| 13. MR. K. U. JACOB | 1950-54 |
| 14. REV. FR. BARNABAS T.O.C.D | 1953-61 |
| 15. MR. T. DAMODARAN | 1955-68 |
| 16. MR. K. E. JOHN | 1961-71 |
| 17. MR. K. R. NARAYANAN NAIR | 1961-62 |
| 18. MR. MOOSA A BAKER | 1962-70 |
| 19. MR. K. H. GANESH SHENOI | 1968-69 |
| 20. MR. C. J. GEORGE | 1970-93 |
| 21. REV. FR. FESTUS CMI | 1970-72 |
| 22. MR. J. JOHN | 1970-84 |
| 23. MR. A. A. VARGHESE | 1971-80 |
| 24. MR. K. E. JOHN | 1971-72 |
| 25. MR. AUGUSTINETHOMAS | 1971-82 |
| 26. MR. P. P. MOHANAKRISHNAN | 1971-72 |
| 27. MR. M. L. JOSE | 1974-75 |
| 28. MR. K. K. GANGADHARAN | 1974-75 |
| 29. MR. PAUL JOSE P. | 1993-94 |

SOCIAL SCIENCE

| | |
|---|---|
| 1. V. REV. FR. FRANCIS SALES T.O.C.D | 1956 - |
| 2. MR. K. E. ANTONY | 1956-67 |
| 3. MR. K. A. BALAKRISHNAN | 1959 - |
| 4. MR. RAJAN V GEORGE | 1962-67 |
| 5. MR. C. M. KURIAKOSE | 1963 - |
| 6. MR. K. G. VARGHESE | 1963-67 |
| 7. MR. V. J. PAPPOO | 1968-79 |
| 8. REV. FR. ABRAHAM MOSES CMI | 1968 - |
| 9. REV. FR. JOSEPH SAVIO CMI | 1968-70 |
| 10. SMT. THANKAM JACOB | 1971- |
| 11. SR. V. J. KOCHUTHRESIA | 1971- |
| 12. REV. FR. JOSE ALEX | 1974-75 |
| 13. REV. FR. O. J. ALEX | 1976- |
| 14. MR. M. M. APREM | 1976-77 |
| 15. MISS. MARY SHEELA MATHEW | 1976-77 |
| 16. MR. SEBASTIAN ROBERT MAMPILLY | 1979- |
| 17. JAMES THOMAS KUNNANAT | 1979- |

1. V. REV. FR. FRANCIS SALES CMI
2. MR. BALAKRISHNAN K. A.
3. MR. KURIAKOSE C. M.
4. REV. FR. ABRAHAM MOSES CMI
5. SMT. THANKAM JACOB
6. REV. SR. SHEELA SABS
7. MR. SEBASTIAN RUBERT MAMPILLY
8. MR. JAMES THOMAS KUNNANAT

SOCIOLOGY

| | |
|---|---|
| 1. REV. FR. JOSEPH LIGORI CMI | 1965-67 |
| 2. MR. E. J. NALINA BABU | 1967-88 |
| 3. MR. VARGHESE J ERATTUPUZHA | 1967-89 |
| 4. MR. ANTONY JOSEPH | 1974-76 |
| 5. MR. REV. FR. JOHN KIZHAKEDAN CMI | 1976-84 |
| 6. MR. K. C. CHACKO | 1980-81 |

PHYSICAL EDUCATION

| | |
|---|---|
| 1. MR. P. P. POTHAN | 1944-48 |
| 2. MR. P. P. DEVASSY | 1949-58 |
| 3. MR. M. K. ABRAHAM | 1958-93 |

MEDICAL INSPECTION

| | |
|---|---|
| 1. DR. PAUL J. MAMPILLY | 1944-45 |
| 2. DR. C. M. JOSEPH | 1945-48 |
| 3. DR. C. L. JOSEPH | 1948-53 |
| 4. DR. A. R. CHACKO | 1949-59 |
| 5. DR. P. A. VARGHESE | 1959-63 |
| 6. DR. M. A. PAUL | 1963-73 |

PHYSICAL EDUCATION

| | |
|---|---|
| 1. MR P.P. POTHAN | 1944-48 |
| 2. MR. P.P. DEVASSY | 1949-58 |
| 3. MR. M.K. ABRAHAM | 1958-93 |

# The Retired Non-teaching Staff

| | | |
|---|---|---|
| 1. | ABRAHAM K.J. | 1946-47 |
| 2. | ABRAHAM K.V. | 1965-67 |
| 3. | ABRAHAM V.M. | 1966-77 |
| 4. | ALEXANDER P.V. | 1944-69 |
| 5. | ANTHRAYOSE P.O. | 1945-86 |
| 6. | ANTONY C.V. | 1952-57 |
| 7. | ANTONY C.V. | 1965-67 |
| 8. | ANTONY K.C. | 1949-70 |
| 9. | ANTONY K.J. | 1946-87 |
| 10. | ANTONY K.V. | 1948-52 |
| 11. | ANTONY K.X. | 1953-92 |
| 12. | ANTONY P.A. | 1970-81 |
| 13. | ANTONY P.C. | 1947-86 |
| 14. | AUGUSTINE C.E. | 1982-83 |
| 15. | AUTHA V.C. | 1944-45 |
| 16. | AVIRA P.U. | 1952-87 |
| 17. | CHACKO C.C. | 1946-61 |
| 18. | CHERIAN T.C. | 1946-54 |
| 19. | CLEEMANS C.F. | 1947-48 |
| 20. | DEVASSY K.J. | 1946-93 |
| 21. | DEVASSY M.M. | 1965-67 |
| 22. | EASI P.T. | 1947-90 |
| 23. | FRANCIS A.M. | 1945-83 |
| 24. | GEORGE V. | 1945-46 |
| 25. | ISACC T. | 1966-67 |
| 26. | ISACC P.D. | 1960-91 |
| 27. | ISACC P.J. | 1970-71 |
| 28. | ISACC P.K. | 1959-92 |
| 29. | ISACC P.O. | 1951-90 |
| 30. | JACOB A.M. | 1947-48 |
| 31. | JOCKY RIVERA | 1963-73 |
| 32. | JOHN E.J. | 1964-85 |
| 33. | JOHN K.G. | 1944-45 |
| 34. | JOHN P.C. | 1956-87 |
| 35. | JOHN P.J. | 1946-76 |
| 36. | JOSE DEVASSY KATTOOKARAN | 1970-76 |
| 37. | JOSE M.C. | 1946-47 |
| 38. | JOSEPH A.V. | 1967-69 |
| 49. | JOSEPH A.V. | 1986-91 |
| 40. | JOSEPH C.F. | 1946-47 |
| 41. | JOSEPH JOY KANATT | 1976-77 |
| 42. | JOSEPH K.J. | 1944-83 |
| 43. | JOSEPH K.J. | 1982-91 |
| 44. | JOSEPH N.T. | 1944-45 |
| 45. | JOSEPH O.J. | 1944-45 |
| 46. | JOSEPH P.A. | 1966-82 |
| 47. | JOSEPH P.J. | 1952-84 |
| 48. | JOSEPH P.T. | 1970-81 |
| 49. | JOSEPH P.U. | 1945-46 |
| 50. | JOSEPH P.V. | 1946-47 |
| 51. | KAIMAL | 1945-46 |
| 52. | KOCHOUSEPH P.T. | 1957-58 |
| 53. | KOCHUKUTTY K.K. | 1947-51 |
| 54. | KOCHUVARKEY T.X. | 1950-56 |
| 55. | KUNJIKUTTAN | 1945-46 |

| | | |
|---|---|---|
| 56. | KUNJU VAREED P.V. | 1953-60 |
| 57. | KURIAKOSE M.M. | 1945-52 |
| 58. | KUTTAN | 1944-45 |
| 59. | LONAN K.J. | 1945-70 |
| 60. | LONAPPAN K.C. | 1963-65 |
| 61. | LUCKOSE K.J. | 1990-91 |
| 62. | MANUEL A.M. | 1952-77 |
| 63. | MARIA DAURAVU M.A. | 1978-93 |
| 64. | MATHAI M.C. | 1944-45 |
| 65. | MATHAI M.P. | 1944-87 |
| 66. | MATHEW A.J. | 1945-46 |
| 67. | MATHEW M.V. | 1946-84 |
| 68. | MATHEW P.J. | 1946-47 |
| 69. | MATHEW P.J. | 1953-55 |
| 70. | MATHO ALWIN | 1960-65 |
| 71. | OUSEPH | 1947-48 |
| 72. | OUSEPH P.K. | 1945-67 |
| 73. | PADMANABHAN M.K. | 1946-47 |
| 74. | PADMANABHAN M.K. | 1978-92 |
| 75. | PADMANABHAN K.N. | 1954-74 |
| 76. | PAILY K.P. | 1963-82 |
| 77. | PAILY V.A. | 1945-81 |
| 78. | PAPPU P.M. | 1946-83 |
| 79. | PAPPY P.V. | 1944-85 |
| 80. | PAUL VARGHESE | 1963-67 |
| 81. | PAULOSE P.J. | 1965-62 |
| 82. | PAULOSE V.O. | 1945-46 |
| 83. | PETER K.K. | 1947-51 |
| 84. | POULOSE P.V. | 1953-89 |
| 85. | RADOLF ALWIN | 1963-65 |
| 86. | RAGHAVAN | 1944-45 |
| 87. | RAMACHANDRAN | 1944-48 |
| 88. | RAMACHANDRAN PILLAI V.K. | 1969-70 |
| 89. | RAMAN PILLAI G. | 1945-46 |
| 90. | RAPHAEL K.T. | 1952-53 |
| 91. | RAPHAEL V.A. | 1961-70 |
| 92. | SADANANDAN P.K. | 1944-47 |
| 93. | SOURI KURIEN | 1944-45 |
| 94. | THANKAMMA J. | 1978-93 |
| 95. | THOMAS K.C. | 1947-74 |
| 96. | THOMAS M.J. | 1945-46 |
| 97. | THOMAS P.L. | 1945-85 |
| 98. | THOMAS V.O. | 1966-67 |
| 99. | VACKO K.E. | 1954-84 |
| 100. | VARHESE A.T. | 1949-51 |
| 101. | VARGHESE K.J. | 1956-88 |
| 102. | VARGHESE M.L. | 1952-93 |
| 103. | VARGHESE T.V. | 1959-60 |
| 104. | VARKEY K.J. | 1944-45 |
| 105. | VARKEY K.V. | 1952-81 |
| 106. | VARKEY P.V. | 1946-47 |
| 107. | VINCENT M.P. | 1944-45 |
| 108. | XAVIER E.O. | 1946-47 |
| 109. | XAVIER K.O. | 1944-45 |
| 110. | XAVIER K.P. | 1945-46 |

## Faculty of English



Sitting(Left ot Right): Prof. T.T. Joseph, prof. P.M. Sebastian, Prof. M.P.Jose (HoD). Rev. Dr. Jose Kuriedath (Principal), Prof. C.S. Jayaram, Rev. Sr. O. J. Rosily,

Standing: Sri. K. M. Johnson, Sri. C.M. Das, Sri. Thomaskutty Mukkadan, Prof. A.M. Chacko, Sri. P.J. Philip, sri Thomas Thiruthanathy, Sri. A. John Francis, Sri. C.S. Francis, Rev. Fr. K.A. George (absent), Sri. Jose Abraham (absent).

# DEPARTMENT OF ENGLISH

The history of the English Department is as old as the history of the college itself. English was, as it is even today, an integral part of the undergraduate curriculum. The history of the Department is associated with the names of eminent teachers like Prof. E. T. Thomas (Cantab), Rev. Dr. Theodosius, Prof. S. Krishnamoorthy, Prof. P. T.Chacko, Prof. K. Gopinathan, Rev. Fr. Aggaeus Rev. Fr. Hillarion, Prof.J. P. Mathai, Prof.P. K. Kurian and Prof. K. J. Joseph. Several other teachers who later opted for other departments began their career in the college as tutors in the English Department; Prof. Rama Iyer (Maths), the late Prof. K. U. Baby (Eco.) and Nalina Babu (Sociology) are a few of them.

In 1958, a one-man commission from the varsity of Madras in the person of Rev. Fr. Arulswamy S. J., the then Principal of Loyola College, Madras, visited the college to examine the facilities for starting B.A. English. Though the course was sanctioned, it somehow turned out to be a non-starter.

The next significant step in the growth of the Dept. was the starting of M. A. in English in 1964 when Rev. Dr. Aggaeus became the Principal of the college. When Fr. Aggeus left the college in 1969, Prof. P. T. Chacko, who had been the Head of the Dept. formerly, was reinstated in that post where he continued till his retirement. Rev. Fr. Hillarion succeeded Prof. Chacko and headed the Dept. for a year or so. There was a temporary suspension of M.A.English which was lifted when Prof. K. Gopinathan took over the reins in 1974. An excellent teacher who could explain even the most complicated passages in the most simple way, Prof. Gopinathan brought great glory to the Dept. His efficient tenure as the Head witnessed the steady improvement of the Dept. which continued until his retirement in 1981.

Prof. K. J. Joseph who succeeded him not only kept up the tradition, but also tried to energise the Dept. by organizing various seminars and other such activities. A university level U.G.C. Seminar was conducted in 1985, in which delegates from various colleges participated. It was also during his tenure that the college got for the first time the First Rank in M.A. in Mr. Satish Poduval whose achievement set a record in the M.G.University.

Prof. M. P. Jose, who is at present the Head of the Dept. succeeded Prof. K. J. Joseph in 1991. The most significant change since his inception has been the shifting of the Dept. to its present place. Now, under his efficient leadership, a devoted team of teachers work hard to keep up the high percentage of results in English in all courses; it is a matter of pride that the results in the PDC have been one of the best in the University.

This spectacular rise is, however, not a sudden spurt. It is solidly based on the great legacy of the dedicated work of the eminent retired teachers like Prof. K. V. Sebastian, Prof. P. J. Thomas, Prof. A.R. Joseph, Prof. K.P. Narayanan Nair, and Rev. Dr. Daniel Thottakkara. Prof. K. V. Sebastian with his versatility as an excellent teacher, actor, writer and director, Prof. P. J. Thomas with his meticulous, efficient and innovative teaching methods, Prof. A.

R. Joseph with his excellence in grammar and academic publications, Prof. K. P. Narayanan Nair with his open and sincere love of students, and Rev. Dr. Dan with his counselling concepts and intellectual vivacity have contributed immensely to the improvement of the Dept. Fr.Dan subsequently became the Principal of the college in 1988 and retired in that post in 1990.

Teachers like Rev. Fr.K. P. Paul and Prof. Thomas Abraham who left the Dept. for other prestigious posts are also to be remembered. As for Thomas Abraham, he practises what we, the rest, preach—he is a full-time social worker at present. Among other illustrious teachers who were once associated with the Dept., the names of Prof.Sankara Menon and Prof.T. Rama- chandran are also to be mentioned.

Two of the present members of the Dept. are now working abroad: Rev. Fr. George in the USA and Mr. Jose Abraham in Oman. Among the staff, three are M.Phil. degree holders; one has submitted his Ph.D. thesis. Three more are doing M.Phil. and another three are part-time research scholars for Ph.D. The Dept. Library is one of the best of its kind in M.G. University and it is managed by Mr.K.L. Antony, who succeeded Mr. V. T. John in 1983. ❑


# for G.I. & M..S. PIPES

*PIPE DISTRIBUTORS*

**XL/6401, T.D.ROAD**
**ERNAKULAM-35**
*Phone: 360992, 374492*

Distributors for:
***APPOLLO TUBES LIMITED***
***& TAMILNADU***
***STEEL TUBES LIMITED***

## Faculty of Oriental Languages



Sitting(L to R): Rev. Fr. Joseph Poonely, Dr. Tom Varghese, Rev. Dr. Jose Kuriedath (Principal), Prof.K.A.Augusthy (HoD), Prof. P.R. Muraleedharan.

Standing:Prof. K.C. George, Sri. Mathew Jose, Dr. K.K. Paulose, Sri. Kuriakose Alexander, Sri. K.G. Narayanan.

# പൗരസ്ത്യഭാഷാ വിഭാഗം

1944-ൽ കോളെജാരംഭിക്കുമ്പോൾ തന്നെ പൗരസ്ത്യ ഭാഷാവകുപ്പും ആരംഭിച്ചു. സ്ഥാപകപിതാക്കന്മാരിൽ പ്രധാനിയായ ബ്ര.ഫ്രാൻസിസ് സാലേസച്ചൻെറ സഹപാഠിയും സുഹൃത്തുമായിരുന്ന ശ്രീ. സി.സി.ചാക്കോ ആയിരുന്നു ആദ്യത്തെ വകുപ്പദ്ധ്യക്ഷൻ.

മലയാളം പ്രൊഫസ്സറായ ശ്രീ. സി.സി. ചാക്കോയ്ക്കു സഹപ്രവർത്തകരായി അന്നുണ്ടായിരുന്നത് റവ. ഫാ. മാഴ്സൽ (സംസ്കൃതം), ശ്രീ. പി.കെ.നാരായണൻ നായർ (ഹിന്ദി) എന്നിവരായിരുന്നു.

ഏറെത്താമസിക്കാതെ തൃശൂർ സെൻറ് തോമസ് കോളെജിൽ നിന്നും ശ്രീ. പി.സി. ദേവസ്യ വന്നു ചേർന്നു. ഒരു വ്യാഴവട്ടക്കാലത്തോളം മലയാള- സംസ്കൃത വിഭാഗങ്ങളിൽ പ്രശസ്ത സേവനമനുഷ്ഠിച്ചശേഷം അദ്ദേഹം തിരുവനന്തപുരം മാർ ഇവാനിയോസ് കോളെജിൽ വകുപ്പദ്ധ്യക്ഷനായി ചേർന്നു. ക്രിസ്തുഭാഗവതം എന്ന സംസ്കൃത മഹാകാവ്യമെഴുതി കേന്ദ്രസാഹിത്യഅക്കാദമി അവാർഡു നേടിയ ഇദ്ദേഹമാണ് ഈ കോളെജിലെ മുൻ അദ്ധ്യാപകരിൽ ഇന്ന് ഏറ്റവും പ്രായം ചെന്നയാൾ. (പ്രൊഫ. പി.സി. ദേവസ്യ എഴുതിയ ഒരനുസ്മരണ ലേഖനം ഈ സുവിനിയറിൽ ചേർത്തിട്ടുണ്ട്.)

പ്രസിദ്ധ ഭാഷാശാസ്ത്ര പണ്ഡിതനും വൈയാകരണനുമായിരുന്ന പ്രൊഫ. സി.എൽ. ആൻറണി ആദ്യകാലത്ത് ഏതാനും വർഷം ഇവിടെ മലയാളം അദ്ധ്യാപകനായിരുന്നു.

ഏറെക്കുറെ കോളെജിൻെറ ആരംഭകാലം മുതൽ തന്നെ സുറിയാനിഭാഷയും ഇവിടെ ഉപഭാഷയായി നിലവിലുണ്ടായിരുന്നു. ഈ വിഭാഗത്തിൽ റവ.ഫാ. ജോസ് ആൾവരെസ് ആണ് ഏറ്റവും അധികം കാലം ഇവിടെ അദ്ധ്യാപകനായിരുന്നത്. റവ.ഫാ. മെലേസിയൂസ്, റവ.ഫാ. റെഗുലൂസ് തുടങ്ങി ഏതാനും വൈദിക ശ്രേഷ്ഠരും ഇവിടെ സുറിയാനി ഭാഷ പഠിപ്പിച്ചിട്ടുണ്ട്.

ശ്രീ. പി.കെ. നാരായണൻ നായരോടൊപ്പം ഏതാനും വർഷം ഇവിടെ ഹിന്ദി അദ്ധ്യാപകനായിരുന്ന ശ്രീ. എസ്. പത്മനാഭൻ 1947-ൽ തൃശൂർ കേരളവർമ്മ കോളെജിൽ വകുപ്പദ്ധ്യക്ഷനായി ചേർന്നു. ആ ഒഴിവിലാണ് ശ്രീ. ഡി.വിശ്വനാഥമല്ലയ്യ അവിടെ ഹിന്ദി അദ്ധ്യാപകനായി വന്നത്. 1982-ൽ റിട്ടയർ ചെയ്യും വരെ അദ്ദേഹം ഇവിടെയുണ്ടായിരുന്നു. 1964-ൽ പ്രൊഫ. പി.കെ.നാരായണൻ നായർ റിട്ടയർ ചെയ്തതുമുതൽ അദ്ദേഹമായിരുന്നു ഹിന്ദി വിഭാഗാദ്ധ്യക്ഷൻ.

1947-ൽ ശ്രീ.ടി.എം. ചുമ്മാർ ഇവിടെ മലയാളം അദ്ധ്യാപകനായി ചേർന്നു. പ്രസിദ്ധഗദ്യകാരനും സാഹിത്യചരിത്രകാരനുമായ അദ്ദേഹം 1961-ൽ റിട്ടയർ ചെയ്യും വരെ ഇവിടെയുണ്ടായിരുന്നു.

ഇതിനിടെ സംസ്കൃതാദ്ധ്യാപകരായി ഇവിടെ ജോലി ചെയ്ത പലരുമുണ്ട്. മഹാപണ്ഡിതന്മാരായ ശ്രീ.ഗണപതി ശാസ്ത്രി, ശ്രീ.രാമസ്വാമി അയ്യർ, അമ്പലപ്പുഴ ഗണപതി ശർമ്മ എന്നിവർ പ്രത്യേകം അനുസ്മരിക്കപ്പെടേണ്ടവരാണ്.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളുടെ അവസാനമായപ്പോൾ ഇവിടെ ഉപഭാഷകളുടെ ഗണത്തിൽ ഫ്രഞ്ചുഭാഷയും വന്നു. ആ ഭാഷയിൽ അതി പ്രഗത്ഭനും പരമസാത്വികനുമായ റവ.ഫാ.ഗബ്രിനൂസ് ആണ് ഫ്രഞ്ച് അദ്ധ്യാപകനായി വന്നത്. 1976-ൽ ആണ് ഇന്നത്തെ ഫ്രഞ്ച് അദ്ധ്യാപകൻ ശ്രീ. കെ.സി.ജോർജ് വന്നത്.

1954-ൽ ശ്രീ.മാത്യു ഉലകംതറ ഇവിടെ മലയാളം

അദ്ധ്യാപകനായിച്ചേർന്നു. കവിയും നിരൂപകനും പ്രഭാഷകനുമായ അദ്ദേഹം 1986-ൽ റിട്ടയർ ചെയ്യുംവരെ ഇവിടെയുണ്ടായിരുന്നു. പ്രൊഫ. സി.സി.ചാക്കോയ്ക്കുശേഷം രണ്ടു പതിറ്റാണ്ടിലേറെക്കാലം പൗരസ്ത്യഭാഷാവിഭാഗം തലവനുമായിരുന്നു ഇദ്ദേഹം.

മലയാളം (മെയിൻ) ബി.എ. കോഴ്സ് 1956-ൽ തുടങ്ങി. (കേരളത്തിലെ ക്രിസ്ത്യൻ കോളെജുകളിലൊന്നിലും അന്ന് ഈ കോഴ്സ് ഉണ്ടായിരുന്നില്ല.) അങ്ങനെ, മലയാളം അദ്ധ്യാപകരുടെ എണ്ണം ഇക്കാലത്തു കൂടിവന്നു. 1961-ൽ ശ്രീ. പോൾ എം. തത്തനാട്ട് വന്നു. 1980-ൽ റിട്ടയർ ചെയ്യുംവരെ അദ്ദേഹം ഇവിടെയുണ്ടായിരുന്നു. 1965-ൽ ഇന്നത്തെ വകുപ്പദ്ധ്യക്ഷൻ ശ്രീ.അഗസ്റ്റിൻ കൊമ്മറ്റം ഡിപ്പാർട്ടുമെൻറിൽ ചേർന്നു. 1967-ൽ റവ.ഫാ.ഡൊമിഷ്യൻ മാണിക്കത്താൻ വന്നു. 1985-ലാണ് അദ്ദേഹം റിട്ടയർ ചെയ്തത്. ഇതിനിടെ 1969-ൽ ശ്രീ.പി.ആർ.മുരളീധരനും, 1981-ൽ ശ്രീ.കെ.ജി. നാരായണനും പുതിയ അദ്ധ്യാപകരായി എത്തി.

ഇക്കാലത്തിനിടയിൽ ഹിന്ദി- മലയാളം-സംസ്കൃതം വിഭാഗങ്ങളിൽ ഏതാനും വർഷം ജോലി ചെയ്ത് മറ്റു സ്ഥാപനങ്ങളിലേയ്ക്കു പോയ പലരുണ്ട്.

1964-ൽ പ്രൊഫ. നാരായണൻ നായർ റിട്ടയർ ചെയ്ത ഒഴിവിൽ ശ്രീ.പി.ജെ. ചാക്കോ ഹിന്ദി അദ്ധ്യാപകനായി വന്നു. 1989-ൽ റിട്ടയർ ചെയ്യുംവരെ അദ്ദേഹം ഇവിടെയുണ്ടായിരുന്നു. രണ്ടുമൂന്നു വർഷം പൗരസ്ത്യഭാഷാ വിഭാഗം അദ്ധ്യക്ഷനുമായിരുന്നു അദ്ദേഹം.

റവ. ഫാ. മാർസൽ ലീവിൽപോയ ഒഴിവിൽ ശ്രീ.പി.ബാലകൃഷ്ണൻ നായർ സംസ്കൃതഅദ്ധ്യാപകനായിവന്നു 1963-ൽ. 1984-ൽ റിട്ടയർ ചെയ്യുംവരെ അദ്ദേഹം ഇവിടെ സംസ്കൃതാദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിൻെറ ഒഴിവിലാണ് ഇന്നുള്ള ശ്രീ മാത്യു ജോസ് വന്നത്.

